


LIBRARY

എ.കെ.സി.സി. ബുള്ളറ്റിൻ

അഖിലകേരള കത്തോലിക്കാ കോൺഗ്രസിന്റെ
ഔദ്യോഗിക പത്രിക

പുസ്തകം 15 | 1963 ജൂലൈ | ലക്കം 5

"UNITED WE STAND-DIVIDED WE FALL."



H. H. The Pope Paul VI

A. K. C. C. Bulletin—July issue.

കത്തോലിക്കസമുദായസമക്ഷം.

സ്വന്തം കാര്യം

ഏ. കെ. സി. സി. ബുള്ളറിൻ കെട്ടും മട്ടും മാറിയ രീതിയിൽ മൂന്നാംപ്രാവശ്യം സമുദായസമക്ഷം പ്രത്യക്ഷപ്പെട്ടുകയാണു്. ഒരു ബുള്ളറിന്റെ ലക്ഷ്യം വിടാതെതന്നെ ഇതിനെ ഒരു ഉയർന്ന നിലവാരം പാലിക്കുന്ന മാസികയാക്കി പ്രസിദ്ധീകരിക്കണമെന്നുള്ള ഭാരവാഹികളുടെയും വായനക്കാരുടെയും അഭിലാഷത്തെ ആദരിച്ചാണു് ഈ പരിഷ്കരണം വരുത്തിയിരിക്കുന്നതു്. ഈ കാൽവയ്പിനെ മുക്തകണ്ഠം പ്രശംസിച്ചു് അനേകംപേർ അയച്ച കത്തുകൾ ഇവിടെ കിടയിട്ടുള്ളതും പ്രത്യേകം പ്രസ്താവ്യമാണു്.

''ഏ. കെ. സി. സി. ബുള്ളറിൻ'' എന്നപേരു മാറ്റി അനുയോജ്യമായ മറ്റൊരു പേരു കൊടുക്കണമെന്നു പലരും അഭിപ്രായപ്പെട്ടുണ്ടു്. വക്കിംഗ് കമ്മിറ്റിയുടെ തീരുമാനമനുസരിച്ചു പേരു മാറ്റാവുന്നതാണു്. കേരളകത്തോലിക്കാസമുദായത്തെ അതിന്റെ ദീർഘനിദ്രയിൽനിന്നു തട്ടിയുണർത്തി കർമ്മക്ഷമമാക്കുന്നതിനും സമുദായാംഗങ്ങൾ യഥാർത്ഥ ക്രൈസ്തവാദർശങ്ങളെ ആദരിക്കുന്നതിനും സഹായകരമായ ലേഖനങ്ങളും ചെറുകഥകളും പദ്യശകലങ്ങളും മാസികയിൽ പ്രസിദ്ധംചെയ്യണമെന്നു് ഞങ്ങൾ ആഗ്രഹിക്കുന്നു. കത്തോലിക്കരായ സാഹിത്യപ്രേമികൾക്കു പ്രസിദ്ധീകരണസൗകര്യം ലഭിക്കാതെ കുടുന്നിലെ വാടിപ്പോകുതെന്നും ഞങ്ങൾക്കാഗ്രഹമുണ്ടു്. മാസികയിൽ ഏതാനും പേജുകൾ യുവജനപംക്തിയായും, ബാലപംക്തിയായും തിരിച്ചിടണമെന്നു് ഒരഭിപ്രായവും വന്നിട്ടുണ്ടു്. ഇതെല്ലാം കണക്കിലെടുത്തു് അടുത്തലക്കം സമുദായസമക്ഷം അവതരിപ്പിക്കാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു. എല്ലാ പംക്തികളിലേയ്ക്കും എഴുതാൻ കഴിവുള്ള എല്ലാ കത്തോലിക്കാ സാഹിത്യപ്രേമികളുടെയും തൂലികാചലനം ഏ. കെ. സി. സി. ബുള്ളറിനെ കൂടുതൽ ധന്യമാക്കുമെന്നു ഞങ്ങൾ പ്രത്യാശിക്കുകയും ചെയ്യുന്നു.

നമുക്കൊരു പുതിയ പാപ്പായുണ്ടായി

ഭാഗ്യസ്മരണാർഹനായ ജോൺ 23-ാമൻ തിരുമേനിയുടെ ദേഹവിയോഗംമൂലം സന്തപ്തമായിത്തീർന്ന കത്തോലിക്കാതിരുസ്സഭയും അഖിലലോകവും ഇന്നു വീണ്ടും ആഹ്ലാദിക്കുകയാണു്. നമുക്കൊരു പാപ്പായുണ്ടായിരിക്കുന്നു. പ്രശസ്തനായ മുൻഗാമിക്കു് അനുയോജ്യനായ പിൻഗാമി. കർദ്ദിനാൾ മൊന്തീനി, പോൾ 6-ാമനായി ജൂൺ 30-ാംതീയതി തിരുസ്സഭാവഞ്ചിയുടെ ചുക്കാൻ ഏറ്റുവാങ്ങിയിരിക്കുന്നു. പോപ്പ് പോൾ ആറാമൻ നീണാൾവാഴട്ടെ! (ജീവചരിത്രം അന്യത്ര)

പോപ്പുരാജൻ വാഴട്ടെ!

ക്രിസ്തുരാജൻ ജയിക്കട്ടെ!!

Circular No. 81



നമ്മുടെ ശ്രുപതയിലെ ബ. വികാരിമാർക്കും മ റു ബ. വൈദികർക്കും വിശ്വാസികൾക്കും ആശീ ർവ്വാദം.

ഇതു് സംഘടിതപ്രവത്തനങ്ങളുടെ കാലമാ ണല്ലോ. വിഷമകരമായ ഏതു പ്രശ്നവും വിജയ പ്രദമായി കൈകാര്യം ചെയ്യു്, സമുദായത്തിലും രാ ഷ്ട്രത്തിലും ശാന്തിയും സമാധാനവും കൈവരു ത്തുവാൻ സംഘടനകൾക്കു് അസാമാന്യമായ ശ ക്തിയാണുള്ളതു്. കേരളകത്തോലിക്കരുടെ പൊതു സംഘടനയാണല്ലോ അഖിലകേരളകത്തോലിക്കകോ ൺഗ്രസ്സു്. കത്തോലിക്കസമുദായത്തിന്റെ അവകാ ശങ്ങളെ സംരക്ഷിക്കുന്നതിനും നിലനിത്തുന്നതിനും, അപകടകരങ്ങളായ പൊതുപ്രശ്നങ്ങളിൽ സമു ദായത്തിനു നേതൃത്വം നൽകുന്നതിനുംവേണ്ടിസ്ഥാ പിക്കപ്പെട്ടിട്ടുള്ളതാണു് ഈ സംഘടന. ഈ ല ക്ഷ്യത്തിനനുസരണമായിത്തന്നെ കത്തോലിക്കകോ ൺഗ്രസ്സു് കഴിഞ്ഞകാലങ്ങളിൽ നിലകൊള്ളുകയും സമുദായത്തിനു വീരോചിതമായ നേതൃത്വവും സേവനവും നൽകുകയും ചെയ്തിട്ടുണ്ടെന്നുള്ളതു് വി സ്മരിക്കാവുന്നതല്ല, നമ്മുടെ സമുദായത്തിനു് ഈ സംഘടനയുടെ സേവനങ്ങൾ ഇന്നു് കൂടുതൽ ആവ ശ്യമാണു്. അതിനു്, കത്തോലിക്കകോൺഗ്രസ്സു് സുശക്തമായ ഒരു വലിയ സംഘടനയായി മാറ ണം; സംഘടനയുടെ ശക്തി ക്ഷയിക്കാതെ ഊർജ്ജ സ്വലമാക്കണം. നമ്മുടെ ശ്രുപതയിലെ പല ഇ ടവകകളിലും ഇതിനോടകം കത്തോലിക്കകോൺഗ്ര സ്സിന്റെ ശാഖകൾ സ്ഥാപിതമായിട്ടുണ്ടു്. ഇനിയും ശാഖ സ്ഥാപിച്ചിട്ടില്ലാത്ത ഇടവകകളിൽ കഴിവതും വേഗം സ്ഥാപിച്ചു്, പ്രവത്തനം ആരംഭിക്കുവാൻ നാം ആഗ്രഹിക്കുന്നു. മാന്ദ്യം സംഭവിച്ചിട്ടുള്ള ശാഖ കളുടെ പ്രവത്തനങ്ങൾ തട്ടിയുണത്തുകയും വേണം. അ തിനാൽ, നമ്മുടെ ബ. വികാരിമാർ ഇതിനു് ആവ ശ്യമായ നേതൃത്വം നൽകുകയും എല്ലാ ബ. വൈദിക രും വിശ്വാസികളും കത്തോലിക്കകോൺഗ്രസ്സിന്റെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിനും സംഘടനാപരമാ യ പ്രവത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനുമായി മുൻ കൈയെടുത്തു പ്രവത്തിക്കുകയും ചെയ്യണമെന്നു നാം ഉദ്ബോധിപ്പിക്കുന്നു. അടുത്തമാസം (ജൂലൈ) 30-ാം തീയതിക്കു മുമ്പായി, ഓരോ ശാഖയുടേയും അതിലെ ഉദ്യോഗഭാരവാഹികളുടെയും അംഗങ്ങളുടെയും പേരു വിവരം കത്തോലിക്കാകോൺഗ്രസ്സിന്റെ കോട്ടയ ത്തുള്ള കേന്ദ്രഓഫീസിലേക്കും, സെക്രട്ടറി, മെത്രാസനമ ന്ദിരം പാലാ, എന്ന വിലാസത്തിൽ നമ്മുടെ അരമ നയിലേക്കും അയച്ചുതരേണ്ടതാണു്.

പരമകാരുണികനായ ദൈവം നിങ്ങളേവരേയും അനുഗ്രഹിക്കട്ടെ.

മെത്രാസനമന്ദിരം
പാലാ
24—6—1963

† സെബാസ്റ്റ്യൻ വയലിൽ
പാലാ ശ്രു. മെത്രാൻ

യൂദാസിന്റെ ചുംബനം.

(കോതനല്ലൂർ ജോസഫ്)

(പണ്ഡിതാഗ്രേസരനും, വിമർശനപടുവും, കവിതാരസാസ്വാദകസമ്രാട്ടുമായ റവ: ഫാദർ ഏബ്രഹാം വടക്കേൽ B. A; PH. D.,D. D. അവർകളുടെ അവതാരികയോടുകൂടിയ, ക്രൂശിലെ യേശു എന്ന ഖണ്ഡകൃതിയിൽ നിന്നും)

ആ, മനോമോഹനവായ് മലരിൽ
പ്രേമത്തിൻ തുമണം കൊഞ്ചിടുമ്പോൾ
ഓമൽത്തിരുമിഴി തിങ്ങുമാറായ്,
സ്വാമിദ്രോഹത്തിന്നൊളിഞ്ഞുനോട്ടം.

പാദോപസേവികൾ തന്നിലേകൻ
യൂദാസട്ടത്തുവന്നൊറുകാരൻ,
വാളും വടികളും കൈയിലേന്തു-
മാളുകളാൽപ്പരിസേവിതനായ്.

സാഹസവാഗ്ദാനം, നാണയത്തിൻ-
മോഹത്താൽച്ചെയ്ത പണക്കാരിയൻ
സ്നേഹം നടിച്ചുള്ള ചുംബനത്താൽ-
ദ്രോഹിപ്പാൻ നാഥനെ നീചനീചം.

പൊന്നോമൽ സന്നിധി തിണ്ടാതെ
പിന്നോട്ട പാതകീ! മാറിനില്ക്ക,
പങ്കില ചുംബനം, തന്റെ ദിവ്യ-
പുണ്യവിൽ സ്ഥാനം പൊറുക്കുകയില്ല.

നാണിച്ചുനാണിച്ചടുത്തു, സ്നേഹം-
കാണിച്ചുവന്ദിച്ചു മുത്തികള്ളൻ,
നാണയത്തിന്റെ തിളതിളക്കം-
കാണവേ; കാണായതന്യരാനേ.

മുപ്പുകാശിൻ കിലുകിലുക്കം
തുപ്പാദഭക്തനെദ്ദാസനാക്കി,
മുന്നിലകത്തിന്നുടയവനെ
മുന്നാണിത്തുമ്പിലേയ്ക്കാനയിച്ചു.

വേദപ്പൊരുളിൻ വദനബിംബം
വേദനാവാചകം മുക്തമാക്കി,
ആ മരച്ചില്ലകൾപോലും കണ്ണീർ-
പ്പൂമഴ തൂകുമാറാനിമേഷം:-
"ഈവിധമെന്നെക്കൊട്ടുകൊടുമോ
ജീവനേ!നീവന്നു, കൂട്ടുകരാ!"

കാഞ്ഞെഴുംകണ്ണീരണിഞ്ഞു;മന്ദം-
ചാഞ്ഞതിരുമിഴിത്തുമ്പുമായി
നെഞ്ഞിലണച്ചുകരങ്ങളോടെ
മാഞ്ഞുപോകാത്തൊരു മഞ്ജുരൂപം,
അക്കൊട്ടുംപാപിക്കാജീവനാന്ത-
മുൾക്കാമ്പലിയിക്കുമാറു മിന്നി,

പ്രേക്ഷകസമക്ഷം

(കുന്നത്തു് ജെ. ജോർജ്ജു് എം. എ.)

സിനിമയ്ക്കു് അസാമാന്യമായൊരു സ്വാധീനശക്തി മനഷ്യനിലുണ്ടെന്നുള്ളതു് അവിതർക്കിതമാണു്. ജീവിതത്തിന്റെ വിവിധ തുറകളിൽ പണിയെടുക്കുന്ന പലരിലും സിനിമാഭ്രമം കലശലായിക്കാണാൻ കഴിയും. ഈ പശ്ചാത്തലത്തിൽ ഗുണത്തേക്കാളേറെ ദോഷം ചെയ്യുന്ന ഇന്നത്തെ ചലച്ചിത്രങ്ങളുടെ നേരെ കത്തോലിക്കർ സ്വീകരിക്കേണ്ടുന്ന നിലപാടു് എന്തായിരിക്കണമെന്നു് പ്രേക്ഷകസമക്ഷം സമർപ്പിക്കുന്നതിനു താല്പര്യപ്പെടുന്നു.

ഏതെങ്കിലും പ്രത്യേകമായൊരു ചിത്രം കാണണമെന്നുള്ള നിർബന്ധംകൊണ്ടല്ല, പിന്നെയോ, സമീപസ്ഥിതമായ സിനിമാശാലയിൽ പ്രദർശിപ്പിക്കുന്നതുകൊണ്ടു്, പടം കണ്ടുകളയാമെന്നുള്ള മനോഭാവത്തോടുകൂടിയാണു് ഇന്നു് പലരും തിയേറ്ററിനുള്ളിലേക്കു് കടക്കുന്നതു്. ഒരു പക്ഷെ, സിനിമയുടെ പേരു പോലും മുൻകൂട്ടി അറിഞ്ഞുകൂടായിരിക്കും. ഒരു വിനോദത്തിനു് നേരം ഒന്നു കളയുന്നതിനു് അതിൽ കൂടിയ ഉദ്ദേശ്യമൊന്നും ഫിലിമിനു് പോകുന്നതിൽ മിക്കപേർക്കും ഇല്ലായിരുന്നേക്കാം. എന്നാൽ ഒരു ചിത്രം കാണുന്നതുകൊണ്ടുള്ള പ്രയോജനമെന്തെന്നോ, പ്രയുക്ത ചിത്രത്തിലൂടെ, നിർമ്മിതാക്കൾ ആവിഷ്കരിച്ചിരിക്കുന്ന ആശയങ്ങൾ ഏവയെന്നോ, ആരായാനും അറിയുവാനും അധികമാരും മിനക്കെടുന്നില്ല. ഇപ്രകാരമുള്ള നിലപാടിനു് നിദാനം, തങ്ങളുടെ ജീവിതത്തിൽ, ചിലച്ചിത്രം വരുത്തുന്ന പരിവർത്തനങ്ങളെപ്പറ്റി, ആസ്വാദകർ ബോധവാന്മാരല്ലാത്തതിനാലാണു്.

പ്രേക്ഷകലോകം അലസമായ ഈ നയം വച്ചുപുലർത്തുന്തോറും, സിനിമയുടെ നിലവാരം ഇടിയുകയേയുള്ളൂ. ലാഭേച്ഛയിൽ മാത്രം ഭ്രമിക്കപ്പെടുന്ന സിനിമാനിർമ്മാതാക്കൾ, കാണികളുടെ രുചിക്കനുസരണമായ കലാവിഭവമേ വിളമ്പുകയുള്ളല്ലോ? 'ചലച്ചിത്രങ്ങൾ' ഏതുതരമായിരുന്നാലും, നമുക്കാസ്വദിക്കാം എന്ന ഭാവമാണു് കാണിയുടേതെങ്കിൽ, "എന്തായാലും നമുക്കും കിട്ടണം പണം" എന്നതായിരിക്കും കമ്പനിയുടെ നയം. പൊതുജനം സാന്മാർഗ്ഗിക നിലവാരം പുലർത്താത്ത ഫിലിം പ്രോത്സാഹിപ്പിക്കുന്നില്ലെന്നു കണ്ടാൽ, നല്ല ചിത്രങ്ങൾ ഇറക്കാതെ നിർമ്മാതാക്കൾക്കു് ഗത്യന്തരമില്ലല്ലോ!

ജിജ്ഞാസമുദിക്കുന്ന ബാലഹൃദയങ്ങളെ ക്യാമറ എങ്ങനെ വശീകരിക്കുമെന്നു വസ്തുത മാതാപിതാക്കൾ തികച്ചും മനസ്സിലാക്കേണ്ടിയിരിക്കുന്നു. മനുഷ്യന്റെ ചിന്തയേയും പെരുമാറ്റത്തേയും അതു സ്വാധീനിക്കുന്നു. തിന്മയിലേയ്ക്കോ, നന്മയിലേയ്ക്കോ അവനെ നയിക്കുമെന്നതിനും പുറമേ, പൊതുജനാഭിപ്രായം രൂപീകരിക്കുന്നതിനും അതിനു് കഴിയും. വിനോദം മാത്രമല്ല, സിനിമാപ്രദർശനം കൊണ്ടു് വിവക്ഷിക്കുന്നതു്. തെറ്റും ശരിയും പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനും ഉതകുന്ന ഫലവത്തായ ഒരു മാർഗ്ഗംകൂടിയാണു് സിനിമാ.

ചലച്ചിത്രങ്ങൾക്കു് നല്ലൊരു സദസ്സുണ്ടു്, ഇൻഡ്യയിൽ. ഏതാണ്ടു് 4200 സിനിമാശാലകൾ ഇന്നു് ഇവിടെയുള്ളതായി കണക്കാക്കപ്പെട്ടിരിക്കുന്നു. പ്രേക്ഷകരുടെ ഒരുവർഷത്തെ സംഖ്യ 70 കോടിയും ഓരോ വർഷവും 200,000,000 അടി അംസംസ്കൃത ഫിലിമാണു് ഇൻഡ്യൻ ചലച്ചിത്ര വ്യവസായത്തിന്റെ നടത്തിപ്പിനു് അവശ്യം വേണ്ടിയിരിക്കുന്നതു്. നിർമ്മാണത്തെ സംബന്ധിച്ചിടത്തോളം, ലോകത്തിൽ, മൂന്നാം സ്ഥാനം, നാം നേടിക്കഴിഞ്ഞു! എണ്ണം കൂടുതലെങ്കിലും ഗുണം മോശം.

പൊതു സന്മാർഗ്ഗത്തിനു് എതിരുനില്ക്കുന്ന ചിത്രങ്ങൾ നിരോധിക്കുവാനും, അശ്ലീലഭാഗങ്ങൾ മാറ്റുന്നതിനും, മറ്റു രാജ്യങ്ങളിലെന്നപോലെ സെൻസർ ബോർഡുകളുണ്ടു്, ഭാരതത്തിലും. 1957-ൽ ഭേദഗതി ചെയ്ത 1952-ലെ സിനിമാ ടോഗ്രാഫ് നിയമപ്രകാരം പൊതു പ്രദർശനത്തിനായി ചിത്രം പരിശോധിച്ചു് സാക്ഷ്യപ്പെടുത്തേണ്ടതു് കേന്ദ്ര സെൻസർ ബോർഡാണു്. പ്രായപൂർത്തിയായവർ (18 വയസ്സുകഴിഞ്ഞവർ)ക്കുവേണ്ടി മാത്രം പ്രദർശിപ്പിക്കാവുന്നവക്കു് 'എ' സർട്ടിഫിക്കറും മറ്റുള്ളവക്കു് 'യു' സർട്ടിഫിക്കറുകളും നൽകിവരുന്നു.

സെൻസർ ബോർഡിന്റെ പ്രവർത്തനം കൊണ്ടു മാത്രം നമുക്കു തൃപ്തിയടയാമോ? 'പൊതു പ്രദർശനത്തിനു് യോജിച്ചതു്" (Suitable for public exhibition) എന്ന വാക്കുകൾ അവ്യക്തമല്ലേ? ഇങ്ങനെ പ്രദർശനയോഗ്യത നേടിയിട്ടുള്ള എത്രയോ ചിത്രങ്ങൾ, കണ്ണേണ്ടതില്ലായിരുന്നു എന്നു് തീയേറ്റർ വിടുമ്പോൾ നമുക്കു, തോന്നിയിട്ടില്ല! അപ്പോൾ, അദ്ധ്യാപകക്കും, അച്ചനമ്മമാക്കും, അധികാരികൾക്കുമെല്ലാം, ഒരു പ്രത്യേക ചുമതല, ഈ രംഗത്തു് നിർവ്വഹിക്കുവാനുണ്ടെന്നു് വ്യക്തമല്ലേ?

നമ്മുടെ നിർദ്ദേശങ്ങളും, നാം പുലർത്തുന്ന ആദർശങ്ങളും പൂജിക്കുന്ന മൂല്യങ്ങളും ആദ്യമൊക്കെ ചലച്ചിത്രരംഗത്തു് അനാദരിക്കപ്പെട്ടുമെങ്കിൽത്തന്നെയും, ഭഗ്നാശയരാകാതെ മുന്നോട്ടു പോകണം. നമ്മുടെ വാദഗതിയുടെ അടുത്തടുത്തുള്ള ആവർത്തനം, അതു സ്വീകരിക്കപ്പെടുന്നതിനു് സഹായകരമായിരിക്കും.

ഭക്തിപ്രധാനമായ ചില ഭാഗങ്ങളുള്ളതിനാൽ ഒരു ചിത്രം മതപരമായിരിക്കണമെന്നില്ലല്ലൊ, അത്തരമൊന്നിനു്, വേണമെങ്കിൽ ദോഷഫലം പുറപ്പെടുവിക്കുവാനും കഴിയും. മതപരമായ ഫിലിമുകൾക്കു് ചില പ്രത്യേക ഗുണങ്ങൾ ഉണ്ടായിരിക്കണം. ഏതൊരു മതത്തിന്റേയും ആചാരവിശേഷങ്ങൾ സെല്ലുലോയിഡിലേക്കു് പകർത്തുന്നതു് ബഹുമാനപുരസ്സരമായിരിക്കണം. വ്യക്തിയേയും, കുടുംബത്തേയും, രാഷ്ട്രത്തേ

യും ആദരവോടെ അവതരിപ്പിക്കേണ്ടിയിരിക്കുന്നു. നമ്മുടെ വിശ്വാസസത്യങ്ങളേയും തത്വങ്ങളേയും അധിക്ഷേപിക്കുന്ന ചിത്രങ്ങൾ മതപരമായവയുടെ ഗണത്തിൽ പെടുത്തുക പ്രയാസം, മനുഷ്യനെ മൃഗസമാനമാക്കുന്ന അഹങ്കാരം, കാപട്യം, വഞ്ചന, വിഷയാസക്തി, ക്രൂരത, എന്നിത്യാദി ദുഷ്യങ്ങളുടെ ദുരന്തഫലങ്ങൾ വെളിവാക്കുന്ന ചിത്രങ്ങളെയാണു് നാം സ്വാഗതംചെയ്യേണ്ടതു്. അനുദിനജീവിതത്തിലെ പ്രശ്നങ്ങളുടെനേരേ, സിനിമയിലെ കഥാപാത്രങ്ങൾ ക്രിസ്തീയമായ സമീപനരീതിയാണോ സ്വീകരിക്കുന്നതു് എന്നു് പരിശോധിച്ചിട്ടാകണം, അല്ലാതെ ഭക്തിയുടെ ബാഹ്യപ്രകടനങ്ങൾ ഒരു ചിത്രത്തിൽ കാണുന്നതു വച്ചുകൊണ്ടായിരിക്കരുതു്, ഒരു ഫിലിമിന്റെ മതപരമായ സ്വഭാവം നിശ്ചയിക്കുവാൻ.

ഒരു ചലച്ചിത്രം അശ്ലീലമാണോഎന്നു് രണ്ടുവിധേന നിശ്ചയിക്കാം. ഒന്നു്, അതു് ശുദ്ധതക്കെതിരാണെങ്കിൽ. രണ്ടു് അതു തെറ്റുകളിലേയ്ക്കു് കാണികളുടെ മനസ്സിനെ വലിച്ചിഴക്കുന്നെങ്കിൽ. ഇന്നു് സ്ക്രീനിൽ കാണുന്ന വേഷവിധാനങ്ങളും നൃത്തങ്ങളും ക്രിസ്തീയലാളിത്യത്തിനു് വിപരീതവും, പലക്കും, വിശിഷ്യ, യുവത്വത്തിനു് പ്രലോഭനകരങ്ങളുമാണു്. പരിമിതമായി പറഞ്ഞാൽ, തെറ്റുകൾ ലഘുവായി ചിത്രീകരിച്ചു്, ആകർഷകമാംവിധം അവതരിപ്പിക്കുന്ന മാർഗ്ഗങ്ങളെല്ലാംതന്നെ മാന്യതയേയും മര്യാദയേയും മറികടക്കുകയാണു ചെയ്യുന്നതു്. പരസ്പരവിദ്വേഷം, കലഹം, മാത്സര്യത്തിന്റെ മഹത്വീകരണം, ജീവിതവിജയത്തിൽ ആശങ്ക എന്നിവ ചിത്രീകരിക്കുന്നതു് എത്രകണ്ടു് കത്തോലിക്കരായ നമുക്കു് സ്വീകാര്യങ്ങളാണു്?

കുറവാളിയിൽ, പ്രേക്ഷകനു് സഹതാപം ജനിക്കത്തക്കവിധം സംവിധാനംചെയ്യപ്പെടുന്ന കൃതികൾ സമുദായത്തിനു് വരുത്തുന്ന വിന വൻപിച്ചതായിരിക്കും. 'മനോഹരമായൊരു കലാശില്പം' എന്ന ബഹുമതിനൽകി ഒരു പ്രത്യേകചിത്രത്തിലെ കുറവുകളെ പലരും പരിഗണിക്കാറില്ല. എന്നാൽ 'കലതന്നെ സാന്മാർഗ്ഗികമായിരിക്കണം" എന്ന 11-ാംപീയൂസ് പാപ്പായുടെ വാക്കുകൾ ഇക്കൂട്ടർ മറന്നുകളയുന്നു.

സിനിമയ്ക്കു് പോകരുതെന്നു പറയുന്നില്ല, അപ്രകാരമൊരു നിർദ്ദേശം യുക്തിപൂർവ്വകവുമല്ല. ഏതെങ്കിലും ഫിലിം കാണുന്നതിനുമുമ്പു് അതിന്റെ സ്വഭാവമെന്തെന്നറിവാൻ, കത്തോലിക്കാ സിനിമാ നിരൂപകന്മാർ, പറഞ്ഞിരിക്കുന്നതെന്തു് എന്നു് അന്വേഷിച്ചാൽ നന്നായിരിക്കും. പരസ്യങ്ങളായിരിക്കരുതു് സ്വഭാവനിർണ്ണയത്തിനുള്ള മാനദണ്ഡം. കുട്ടികളുമായിതീയേറ്ററിലേയ്ക്കു പോകുമ്പോൾ, അവിടെ പ്രദർശിപ്പിക്കുന്ന ചിത്രം സകുടുംബം സുരക്ഷിതമായി കാണുന്നതിനു് പറ്റുമോ എന്നു് മുൻകൂട്ടി അറിഞ്ഞിരിക്കണം. ക്രിസ്ത്യൻനിലവാരം പാലിക്കുന്ന പടങ്ങൾക്കു് പതിവായി പോയി മേലിലും അതുപോലുള്ളവ നിർമ്മിക്കുവാൻ പരോക്ഷമായി പ്രേരണചെലുത്തണം. സിനിമയുടെ സാന്മാർഗ്ഗികവശം, ഫിലിം ടെക്നിക്കു്, നടിനടന്മാർ, സംഗീതം, കഥ, മുതലായവയെ നിഷ്പക്ഷമായി നിരീക്ഷിക്കാതെ, നിരൂപണാത്മകമായി ദർശിക്കുവാൻതക്ക പ്രോത്സാഹനം, യുവതലമുറയ്ക്കു നൽകേണ്ടതും ആവശ്യമായിരിക്കുന്നു. നമ്മുടെ പ്രതീക്ഷകളെ പരാജയപ്പെടുത്തുന്ന കലാപ്രകടനങ്ങളിൽ പ്രതിഷേധം രേഖപ്പെടുത്തുവാൻ മടിക്കയോ, മറക്കയോ അരുതു്. സിനിമാപ്രകടനത്തിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിൽ, നാം നിർമ്മാതാക്കൾക്കയക്കുന്ന 6 n.p. വിലവരുന്ന ഒരു പോസ്റ്റുകാർഡിനു് വളരെ അധികം പങ്കു് നിർവ്വഹിക്കുവാൻ സാധിക്കും. അതുപോലെതന്നെ നല്ല ചിത്രങ്ങളുടെ സംവിധാനത്തിലുള്ള സന്തോഷവും ബന്ധപ്പെട്ടവരെ അറിയിക്കുവാൻ അമാന്തിക്കയുമരുതു്.

ഇന്ത്യയിലെ കത്തോലിക്കരുടെ സംഖ്യ

കത്തോലിക്കർ- 62,82,409
മറ്റു ക്രിസ്ത്യാനികൾ- 50ലക്ഷം

കേരളത്തിൽ


റീത്തു്	സംഖ്യ	വൈദികർ
സീറിയൻറീത്തു്	15,99,443	1680
സീറോമലബാർ	14,75,010	1474
സീറോമലങ്കര	1,24,433	206
ലത്തീൻ	8,21,456	528
ആകെ	24,20,899	2208

കേരളത്തിലെ ജനസംഖ്യ- 1,68,75,199
കേരളത്തിൽ കത്തോലിക്കരുടെശതമാനം- 14.52
ഇന്ത്യയിലെ ജനസംഖ്യ- 43.8കോടി
ഇന്ത്യയിൽ കത്തോലിക്കരുടെ ശതമാനം- 1.4
ഇന്ത്യയിൽ വിദേശീയർ:-
വൈദികർ- 1338
സഹോദരന്മാർ- 296
സഹോദരിമാർ- 2078
ഇന്ത്യയിൽ ഇന്ത്യാക്കാർ:-
വൈദികർ- 5480
സഹോദരന്മാർ- 1207
സഹോദരിമാർ- 19816


സമുദായസ്നേഹികളോടു്


സാമ്പത്തികമായി പല പരാധീനതകളുള്ള കത്തോലിക്കാകോൺഗ്രസ്സു് അതിന്റെ ബുള്ളറിൻ പൂർവ്വാധികം അഭിവൃദ്ധിപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുന്നതു് സംഘടനയുടേയും സമുദായത്തിന്റെയും ശ്രേയസ്സിനെ ലക്ഷ്യമാക്കിയാണു്. ഇന്നുവരെ ബുള്ളറിന്റെ വരിക്കാരാവാത്ത എല്ലാ സമുദായസ്നേഹികളും എത്രയുംവേഗം വരിക്കാരായും വരിക്കാരായിട്ടുള്ളവർ ഉടനെതന്നെ വരിസംഖ്യ അയച്ചുതന്നും ഈ സംരംഭത്തെ സഹായിക്കണമെന്നു് അഭ്യർത്ഥിക്കുന്നു.


തൈയ്യൽ ശ്രീ. അന്തോനിയുടെ ശവമഞ്ചത്തിങ്കൽ
പ്രസിഡൻറും പാർട്ടിയും.











കത്തോലിക്കരെ അലട്ടരുത്; അലട്ടാൻ അനുവദിക്കയും അരുത്.

തൈക്കൽ ശ്മശാനപ്രശ്നത്തെക്കുറിച്ചു കെ. കോ. ജന. സെ.

എറണാകുളം ജൂൺ 11

ഇനിയും പ്രാബല്യത്തിൽ വന്നിട്ടില്ലാത്ത പഞ്ചായത്തു ശ്മശാന നക്കൽ ചട്ടങ്ങളുടെ പേരിൽ ഇന്നാട്ടിലെ കത്തോലിക്കരെ, അലട്ടുകയോ അലട്ടാൻ അനുവദിക്കുകയോചെയ്യാതെ, നിയമം അനുശാസിക്കുന്ന അവകാശങ്ങൾ അവക്ക് അനുവദിക്കാൻ കേരള കത്തോലിക്ക കോൺഗ്രസ് ജനറൽ സെക്രട്ടറി ശ്രീ. കെ. എം. ജോസഫ് ഒരു പ്രസ്താവനയിൽ സംസ്ഥാനമുഖ്യമന്ത്രിയോടും അഭ്യന്തരവകുപ്പു മന്ത്രിയോടും ഇന്നു അഭ്യർത്ഥിച്ചിരിക്കുന്നു.

തൈക്കൽ സംഭവത്തെ പരാമർശിച്ചുള്ളതാണ് അദ്ദേഹത്തിന്റെ പ്രസ്താവന.

അദ്ദേഹം പറഞ്ഞു,

അഖില കേരള കത്തോലിക്ക കോൺഗ്രസ് പ്രസിഡണ്ട് ശ്രീ. പി. സി. എബ്രാഹവും കത്തോലിക്ക കോൺസിന്റെ ഒരു മുൻ പ്രസിഡണ്ടും ഇപ്പോൾ വർക്കിംങ്ങ് കമ്മറ്റി അംഗവുമായ ശ്രീ. ഈ പി. വർഗ്ഗീസും ഞാനും ഇന്നു കാലത്തു തൈക്കൽ പള്ളിയും അന്തോണിയെന്നാളുടെ മൃതശരീരം കാൺക്രീറു പെട്ടിയിൽ സൂക്ഷിച്ചിരുന്ന ചെറുഗൃഹവും യാതൊരു മുന്നറിയിപ്പും കൂടാതെ സന്ദർശിക്കുകയുണ്ടായി. ഞങ്ങൾ സ്ഥലത്തെത്തിയതറിഞ്ഞു ഒരു വലിയ ജനക്കൂട്ടം അവിടെ വന്നെത്തി. അവരിൽ പലർക്കും തികഞ്ഞ അമർഷവും ഗവർമ്മെണ്ടിന്റെ അലംഭാവ മനസ്ഥിതിയിൽ വെറുപ്പും ഉണ്ടെന്നു ഞങ്ങൾക്കു മനസ്സിലായി. പക്ഷെ അവർ തികഞ്ഞ ആത്മസംയമനവും ക്രമവും ചിട്ടയും അവരുടെ എല്ലാ നീക്കങ്ങളിലും പാലിക്കുന്നുണ്ടായിരുന്നു. ശവസംസ്ക്കാരത്തിനു് പ്രതിബന്ധങ്ങൾ ഉണ്ടായതിനു ശേഷം പള്ളിയുടേയും സിമിത്തേരിയുടെയും പരിസരങ്ങളിൽ രണ്ടു ചെറുകുടിലുകൾവെച്ചതായി ഒറ്റനോട്ടത്തിൽതന്നെ ഞങ്ങൾക്കു മനസ്സിലായി. പള്ളിപുരയിടത്തിനു് അകത്തും പുറത്തും റിസർവ്വ് പോലീസിനു് താമസിക്കാനുള്ള രണ്ടുമൂന്നു ചെറിയ തൽക്കാല ഷെഡ്ഡുകളുമുണ്ട്.

തൈക്കൽ ദേവാലയം സ്ഥിതിചെയ്യുന്ന പുരയിടത്തിൽ തെങ്ങുകൾ നനഞ്ഞുന്ന കുളങ്ങൾ ഉണ്ട്. ഈ കുളങ്ങൾ പള്ളിക്കല്ലാതെ മറ്റാർക്കും അവകാശപ്പെട്ടതുമല്ല. കുളത്തിലെ വെള്ളം മലിനമാകുമെന്നും ശവം സംസ്കരിച്ചാൽ പബ്ലിക്കു് ന്യൂയിസൻസാകുമെന്നുമെല്ലാം ഹെൽത്തു് ഉദ്യോഗസ്ഥന്മാർ അഭിപ്രായപ്പെട്ടന്നതായി അറിയാൻ കഴിഞ്ഞു. ഈ കുളങ്ങൾ പൊതുജനങ്ങളുടെ ഉപയോഗത്തിനുള്ളതല്ല. അതു നികത്താനോ താഴ്ത്താനോ എല്ലാം പള്ളിക്കവകാശമുണ്ട്. പിന്നെങ്ങിനെയാണു് പബ്ലിക്കു് ന്യൂയിസൻസ് വാദം ഉന്നയിക്കുന്നതെന്നും മനസ്സിലാകുന്നില്ല. നമ്മുടെ പൊതുജനാരോഗ്യമന്ത്രി ഒരു അഭിഭാഷകനായിരുന്ന സ്ഥാനത്തും അസ്ഥാനത്തും ഉൽഘാടനത്തിനും പരിപാടികൾക്കും ഓടിക്കൂടുന്ന കേരളമന്ത്രിമാർ എന്തുകൊണ്ടാണിതുവരെ തൈക്കലേയ്ക്കു് ഒന്നെത്തിനോക്കുകപോലും ചെയ്യാത്തതെന്നു മനസ്സിലാകുന്നില്ല. നിഷ്പക്ഷമതിയെന്നു പ്രകീർത്തിക്കപ്പെടുന്ന ആഭ്യന്തരമന്ത്രിയുടെ ബദ്ധപ്പാടു് മനസ്സിലാക്കാം. അദ്ദേഹം മതത്തിനും സമുദായത്തിനും അതീതമായി ഭരണം നടത്തുന്ന ഒരു മഹാരഥനാണെന്നും കേരളത്തിനുവെളിയിലുള്ളവരും കോൺഗ്രസ്സ് നേതാക്കളും കേന്ദ്രമന്ത്രിമാരുമെന്നു മനസ്സിലാക്കണമെന്നദ്ദേഹത്തിനു നിർബന്ധമുള്ളതുപോലെതോന്നുന്നു. വരാനിരിക്കുന്ന ഹൃളകളുടെ നിഴലിൽ കത്തോലിക്കരെ അലട്ടുന്നതു് മുഖ്യമന്ത്രിക്കും നിയമമന്ത്രിക്കും അവരുടെ പാർട്ടിക്കും ഭൂഷണമല്ല. മന്ത്രിസഭാതലത്തിലും സംഘടനാതലത്തിലും കൃത്തിത്തിരിപ്പും കശപിശയും ഉള്ളതുകൊണ്ടു് മന്ത്രിമാർ ഈവകകാര്യങ്ങളിൽ അടിയന്തിരമായിശ്രദ്ധിക്കാത്തതെന്നു വിശ്വസിക്കുന്നു.

ഈ രാജ്യത്തെ ക്രൈസ്തവർക്ക് കഷ്ടപ്പാടുകൾ വരുത്തിവയ്ക്കുന്ന പഞ്ചായത്തു് ശ്മശാന നക്കൽ റൂളുകൾ ഇതുവരെ പ്രാബല്യത്തിൽ വന്നിട്ടില്ലെങ്കിലും അതിന്റെ ദുർവ്വിനിയോഗം ഹെൽത്തു് ഉദ്യോഗസ്ഥന്മാർ കയ്യിലെടുക്കാൻ തത്രപ്പെടുകയാണു്. ക്രൈസ്തവ വിവാഹബിൽ പാർലിമെണ്ടിന്റെ സിലക്ട് കമ്മറ്റിയിൽ കിടക്കുകയാണു്. പ്രസ്തുത ബില്ലിലും ഒട്ടേറെ നൂലാമാലകൾ കുത്തിച്ചുലുത്തിയിട്ടുണ്ട്. ഈ വിധ പ്രശ്നങ്ങൾ പ്രക്ഷോഭണംകൊണ്ടേ പരിഹരിക്കയുള്ളുവെന്നു് സർക്കാരിനു് നിർബന്ധമുണ്ടെങ്കിൽ അതിനും ഈ ജനവിഭാഗം തയ്യാറാണെന്നുള്ള വസ്തുതയും ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. ഹെൽത്തുദ്യോഗസ്ഥന്മാരും വർഗ്ഗീയ വാദികളും നടത്തുന്ന തൈക്കലെ നിഴൽയുദ്ധം അവസാനിപ്പിച്ചു നിയമം അനുശാസിക്കുന്ന എല്ലാ അവകാശങ്ങളും സംരക്ഷിക്കുന്നതിനും കർക്കശ

സമുദായം ശ്രദ്ധിക്കുക!!

(ജോജ്ജ് കോടവേലിൽ, എ. കെ. സി. സി. ഓർഗനൈസർ)

അഖിലകേരള കത്തോലിക്കാകോൺഗ്രസിന്റെ സംഘടനാ പ്രവത്തനം ഊർജ്ജസ്വലമായി നടന്നു കൊണ്ടിരിക്കുന്ന ഒരു സന്ദർഭമാണല്ലോ ഇതു്. സംഘടനയുടെ നഷ്ടപ്പെട്ടുപോയ ജനസ്വാധീനവും ശക്തിയും വീണ്ടെടുക്കുന്നതിനും കേരളത്തിലെ എല്ലാ വിഭാഗങ്ങളിലുമുള്ള കത്തോലിക്കരുടെ മുഴുവൻ പിന്തുണയും നേടിയെടുക്കുന്നതിനും വേണ്ടി കേരളത്തിനകത്തും പുറത്തുമായി ഇരുപത്തിരണ്ടോളം ഓർഗനൈസറന്മാരെ നിയക്കുകയും അവർ കേരളത്തിലെ എല്ലാ കത്തോലിക്കാ ഇടവകകളും സന്ദർശിക്കുകയും വളരെയധികം ശാഖകൾ പുനഃസംഘടിപ്പിക്കുകയും നിരവധി ശാഖകൾ പുതുതായി സ്ഥാപിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. കേരള കത്തോലിക്കരെ സംബന്ധിച്ചിടത്തോളം ഇതു് ശുഭോദർക്കമായ ഒന്നാണെന്നതിൽ സംശയമില്ല. സംഘടനാബലം മറെറന്തിനേക്കാളും കൂട്ടുതലായി പൊതുമണ്ഡലത്തിൽ അവഗണിയ്ക്കാനാവാത്തരു വൻ ശക്തിയായി അനുഭവപ്പെടുന്ന ഇക്കാലത്തു്, കേരള കത്തോലിക്കർ ഒന്നടങ്കം റീത്തു, ശ്രുപത മുതലായ എല്ലാ സങ്കുചിതചിന്തകൾക്കുമതീതമായി ഒരു പൊതു സമുദായ സംഘടന എന്ന നിലയിൽ കത്തോലിക്കാ കോൺഗ്രസിനെ വളത്തിയെടുക്കേണ്ടതു് അവശ്യം ആവശ്യമാണെന്നു് അനുഭവം നമ്മെ പഠിപ്പിക്കുന്നുണ്ടു്. ഭരണമണ്ഡലങ്ങളിൽ പററിപ്പിടിച്ചിരിക്കുന്നവഗ്ഗീയതിമിരം ബാധിച്ച ഒരു പററം ഉദ്യോഗസ്ഥന്മാരുടെ ദൂഷിതവലയം, നിയമങ്ങൾക്കു ദുർവ്യാഖ്യാനം നടത്തിയും നീതിരഹിതമായ ഉത്തരവുകളിലൂടെയും ഇന്നു് കത്തോലിക്കരുടെ സനാതനങ്ങളായ ആചാര മര്യാദകളേയും ധാർമ്മിക മൂല്യങ്ങളേയും ചവുട്ടിമെതിച്ചുകൊണ്ടിരിക്കുകയാണു്. പഴകി തുരുമ്പിച്ച ജാതിസമ്പ്രദായത്തിന്റെ അവശിഷ്ടങ്ങൾ ഇന്നും പൊക്കിയെടുത്തു് അതിലൂടെ സ്വപക്ഷത്തിന്റെ പ്രീതി സമ്പാദിച്ചു് ഭരണം തുടരാമെന്നു് വ്യാമോഹിക്കുന്ന ചില ഉന്നത ഭരണകർത്താക്കളും, ദേശീയതാമന്ത്രണം ഉരുവിട്ടുകൊണ്ടു് അധികാരക്കസേരയിൽ അള്ളിപ്പിടിച്ചിരിക്കുന്നുണ്ടു്.

വെടികൊള്ളുവാനും ജയിലിൽ പോകുവാനും മർദ്ദനങ്ങൾ അനുഭവിക്കുവാനും പാവപ്പെട്ട കത്തോലിക്കരുംഅവസരം നോക്കി സ്ഥാനമാനങ്ങളും ആനുകൂല്യങ്ങളും നേടിയെടുക്കുവാൻ മാറു കുറെ വിഭാഗങ്ങളും! ഭരണം മൂത്തു മൂത്തു് പാവപ്പെട്ട കത്തോലിക്കരുടെ മൃതദേഹം മതാചാരങ്ങളോടുംകൂടി സംസ്ക്കരിക്കുവാൻ സാധ്യമല്ലാത്ത ദുരവസ്ഥതന്നെ സംജാതമായിട്ടുണ്ടു്. കമ്യൂ.രാജ്യങ്ങളിൽപ്പോലും അസംഭാവ്യമായ ഒരു ഭത്സരംഗമാണിതു്. ഈ അവസ്ഥാവിശേഷങ്ങൾ കത്തോലിക്കരെ സംബന്ധിച്ചിടത്തോളമുള്ള ഈ ദുരന്തരാനുഭവങ്ങൾ മാറാതെ മാററിയെടുക്കാനെ നാം അടങ്ങിയിരുന്നാൽ, പരിപാവനമായി നാം കരുതപ്പെടുന്ന നമ്മുടെ ദിവ്യകർമ്മങ്ങളിൽ വരെ ഈ ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വം അവരുടേതായ വഗ്ഗീയ വിക്രിയത്വം കാട്ടുന്ന കാലം വിദൂരമല്ല. നമ്മുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനും നമുക്കർഹമായവ ലഭിക്കുന്നതിനും വേണ്ടി നാം ശരിക്കും സംഘടിച്ചു ശബ്ദമുയത്തേണ്ടിയിരിക്കുന്നു.

കേരളത്തിൽ ശക്തിയാർജ്ജിച്ച സമുദായ സംഘടനകൾ ആ വർദ്ധിത ബലത്തിലൂടെ അനുസ്യൂതം മുന്നേറിക്കോണ്ടിരിക്കുന്ന കാഴ്ച നാം കാണുന്നുണ്ടു്. എന്തുകൊണ്ടു് കേരളകത്തോലിക്കാ കോൺഗ്രസ് ആ പദവിയിലെത്തുന്നില്ല എന്നു് പലരും ഉന്നയിക്കുന്ന ഒരു പ്രശ്നമാണു്. വ്യാപകമായി ഈ വിഷയത്തെപ്പററി വിശദീകരിക്കുവാൻ പരിമിതമായ പത്രസ്ഥലം അനുവദിക്കുന്നില്ലാത്തതിനാൽ ചുരുക്കമായി ചിലതു പറഞ്ഞുകൊള്ളട്ടെ.

കത്തോലിക്കാസഭയാകുന്ന ആഗോള മഹാസൗധത്തിന്റെ ഒരു കോണിലുള്ള വെൽഭിത്തിയിൽ പററിപ്പിടിച്ചിരിക്കുന്ന ഈ ചെറിയ സംഘടനാവല്ലരി വിരിഞ്ഞു പന്തലിക്കണമെങ്കിൽ തീർച്ചയായും നാമോരോരുത്തരുടേയും സഭാനേതൃത്വത്തിന്റേയും കത്തോലിക്കാ സംഘടനകളുടെ വളർച്ചയും പ്രവത്തന പുരോഗതിയും സമ്പൂർണ്ണമായും വൈദികനേതൃത്വത്തെ ആശ്രയിച്ചാണിക്കുന്നതു്. ആയതിനാൽ എല്ലാ ഇടവകകളിലേയും കത്തോലിക്കാകോൺഗ്രസ് ശാഖാപുനഃസ്ഥാപനത്തിനു് ബ. വികാരിമാർ പരിപൂർണ്ണമായ സഹകരണം നൽകണമെന്നു് ഞാൻ വിനയപുരസ്സരം അപേക്ഷിക്കുകയാണു്.

ചേർത്തല അമ്പലപ്പുഴ താലൂക്കു് കത്തോലിക്കാകോൺഗ്രസ് ഓർഗനൈസർ എന്ന നിലയിൽ താലൂക്കിലെ മിക്ക ഇടവകകളിലും ശാഖാപ്രവത്തനങ്ങൾ പുനഃസംഘടിപ്പിച്ചുകഴിഞ്ഞു. ഈ ജൂൺമാസത്തിൽതാലൂക്കിലെതീരപ്രദേശങ്ങളിലുള്ള ഇടവകകളിൽ സംഘടനാപ്രവത്തനം നടത്തുന്നതിനാണുദ്ദേശിക്കുന്നതു്. പല വിധത്തിലുമുള്ള കരുക്കൾ നിറഞ്ഞ പ്രശ്നങ്ങളുമായി മല്ലിട്ടുകൊണ്ടിരിക്കുന്ന ലത്തീൻ കത്തോലിക്കരുടെയിടയിൽ കത്തോലിക്കാകോൺഗ്രസിന്റെ പ്രവത്തനം ശക്തിപ്പെടുത്തേണ്ടതാണെന്നുള്ള വസ്തുത ആരും സമ്മതിക്കുന്ന ഒന്നാണല്ലോ. നമ്മുടെ പൊതുപ്രശ്നങ്ങൾ ഒന്നിച്ചു ചർച്ചചെയ്യുന്നതിനും നമ്മുടെ സഹോദരങ്ങളിൽ പരിപൂർണ്ണമായ ഐക്യം കെട്ടിപ്പടുക്കുന്നതിനും റീത്തു, ശ്രുപത മുതലായ എല്ലാ ഭിന്നതകളും മറന്നു് നമ്മുടെ പൊതു സമുദായസംഘടനയുടെ സമുന്നതമായ അഭിവൃദ്ധിക്കായി നമുക്കു് ഒത്തൊരുമിച്ചു പ്രവത്തിക്കാം. എല്ലാ ഇടവകകളിലേയും ബ. വി

വും അനാവശ്യവുമായ കരടുനിയമങ്ങൾ പ്രാബല്യത്തിൽ വരാതിരിക്കുന്നതിനും തൈക്കൽസംഭവം സമുദായത്തിനു് ഒരു മുന്നറിയിപ്പാണു് നൽകിയിരിക്കുന്നതെന്നു് എല്ലാ ദേശഭക്തന്മാരേയും സമുദായാംഗങ്ങളെയും അനുസ്മരിപ്പിച്ചുകൊള്ളുന്നു.

സാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള കത്തോലിക്ക കോൺഗ്രസ്സിന്റെ ശ്രമങ്ങൾ.

(ചാക്കോ മാത്തുരുത്തിൽ)

കത്തോലിക്ക കോൺഗ്രസ്സ് ഖജാൻജി.

സാഹിത്യകാരന്മാരെ സൃഷ്ടിക്കാമോ? എന്ന തല ക്കെട്ടിൽ ശ്രീമാൻ പീറർ ജോൺ കല്ലട ജൂൺ 8-ാം തീയതിയിലെ അപ്നാദേശിൽ എഴുതിയിരുന്ന ലേ ഖനം കണ്ടു. എന്നാൽ സാഹിത്യകാരന്മാരെ വിളി ച്ചുകൂട്ടിയതിലുള്ള ക. കോൺഗ്രസ്സ് പ്രവർത്തകരുടെ ഉദ്ദേശങ്ങളും ആഗ്രഹങ്ങളും ശരിക്കു മനസ്സിലാക്കാതെ വെറും ഊഹാപോഹങ്ങളെ അടിസ്ഥാനമാക്കിയുള്ള അഭിപ്രായങ്ങൾ പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കു ന്നതിനിടയാക്കിയേക്കാമെന്നു കരുതുന്നതിനാൽ ഇതെ ഴുതുകയാണു്.

പണ്ഡിറ്റു് കെ. പി കുറുപ്പനെ സാഹിത്യകാര നാക്കിയതു അദ്ദേഹമുദ്ദേശിച്ച സംഘടന അല്ലെന്നും, അ തുപോലെ സഹോദരൻ പ. അയ്യപ്പനേയും കുമാരനാ ശാനേയും സാഹിത്യകാരന്മാരാക്കിയതു എസ്സ്. എൻ. ഡി. പി.യോ ഈഴവസമുദായമോ അല്ലെന്നും ശ്രീ. വെണ്ണിക്കുളം ഗോപാലക്കുറുപ്പിനെ മഹാകവിയാക്കിയ തു എൻ. എസ്സ്. എസ്സ്. സംഘടനയല്ലെന്നുംമറ്റും ലേ ഖകൻ സമർത്ഥമായി പല ഉദ്ധരണികൾ മൂലം തെളി യിച്ചിട്ടുണ്ടു്. അതു തികച്ചും ശരിയുമാണു്. സാഹി ത്യകാരന്മാരെ സൃഷ്ടിക്കുവാൻ ആർക്കും സാദ്ധ്യമല്ലെ ന്നും അവരെ ദൈവം തമ്പുരാൻ തന്നെ സൃഷ്ടിക്കണ മെന്നുമുള്ള ശ്രീമാൻ കല്ലടയുടെ അഭിപ്രായത്തിലും ലേശവും തെറ്റില്ല. പക്ഷേ കത്തോലിക്കാ കോൺഗ്ര സ്സ് സാഹിത്യകാരന്മാരെ സൃഷ്ടിക്കുവാൻ ശ്രമിക്കുന്നു എന്നുള്ള അഭിപ്രായമാണു തെറ്റു്.

ആംഗ്ലേയ പണ്ഡിതാഗ്രേസരനായ തോമസ്സ് ഗ്രേ പറയുംപോലെ സമുദ്രത്തിന്റെ അഗാധങ്ങളിൽ വില യേറിയ മാണിക്യം ആർക്കും പ്രയോജനപ്പെടാതെ കി ടക്കുന്നതുപോലെയും, മരുഭൂമികളുടെ പ്രാന്തങ്ങളിൽ വിടരുന്ന അനേകംപുഷ്പങ്ങളുടെ സൗരഭ്യം ആരുംആ സ്വദിക്കുന്നതിനിടയാകാതെ നഷ്ടപ്പെടുന്നപോലെയും, ശ്രേഷ്ഠന്മാരായ അനേകർ അവരുടെ കഴിവുകൾ വേ ണ്ടവിധം അന്യർക്കു പ്രയോജനകരമാക്കിത്തീർക്കുന്നതി നു സാധിക്കാതെ വിസ്മൃതിയിൽ ആണ്ടുപോകു ന്നുണ്ടു്.

"Full many a gem of purest ray serene
The dark unfathomed caves of ocean bear
Full many a flower is born to blush-unseen
And waste its sweetness in the desert-air."

ആംഗ്ലേയ സാഹിത്യസാമ്രാട്ടായ ഷെയിക്സ്പീയർ മഹാകവി ഉപജീവനത്തിനുവേണ്ടി 36 നാ ടകങ്ങൾ എഴുതി. അദ്ദേഹത്തിന്റെ മരണശേഷം അ തു സൂര്യപ്രകാശം കാണാതെ എതാണ്ടു നൂറുവർഷ ത്തോളം കിടന്നുപോയി, അതിനു ശേഷം ഡോക്ടർ ജോൺസൺ യാദൃച്ഛികമായി ഈ കയ്യെഴുത്തു കൃതികൾ കാണുവാനിടയായി. അദ്ദേഹം അതിന്റെമാഹാത്മ്യം മനസ്സിലാക്കി അവയെ പ്രചരിപ്പിക്കുവാൻ തുടങ്ങി യതോടുകൂടിയാണു് പൊതുജനങ്ങൾ ഇതറിയുന്നതി നും കവികൾ വിലമതിക്കുന്നതിനും ആരംഭിച്ചതു്. ഇ ങ്ങനെ ഇത്രശ്രേഷ്ഠങ്ങളായകൃതികൾ മനുഷ്യരുടെ ദൃഷ്ടി യിൽപ്പെടാതെ കിടന്നുപോകുന്നതിനു കാരണമാകുന്നു ണ്ടു്. ഇതുപോലെ സംഭവിക്കാതെ കത്തോലിക്കരുടെ ഇടയിലുള്ള യഥാർത്ഥ അനുഗ്രഹീത കവികളെ അവ രവർ അർഹിക്കുന്നിടത്തോളം കഴിവുള്ള പ്രോത്സാ ഹനങ്ങൾ കൊടുക്കണമെന്നു മാത്രമേ കത്തോലിക്ക കോൺഗ്രസ്സ് പ്രവർത്തകർക്കാഗ്രഹമുള്ളൂ.

പത്തമ്പതു വർഷങ്ങൾക്കു മുൻപു ശ്രീമാൻ കണ്ട ത്തിൽ വറുഗീസ്സ് മാപ്പിളയുടെ നേതൃത്വത്തിൽ തുട ങ്ങിയ ഭാഷാപോഷണിസഭയിലും ഭാഷാപോഷണി മാസികയിലും പേരെടുത്ത പല സാഹിത്യകാരന്മാരേ യും രംഗത്തിറക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതി നും കഴിഞ്ഞിട്ടുണ്ടു്. മനോരമയും ഇക്കാര്യത്തിൽ ഒ രു നല്ല പങ്കു വഹിച്ചിട്ടുണ്ടു്. ഒരിക്കൽ മനോരമ യിൽ നടുവത്തച്ഛൻ നമ്പൂതിരി മഹാകവികുട്ട ക്കയത്തിനെപ്പറ്റി ഇപ്രകാരം എഴുതുകയുണ്ടായി.

"കോട്ടംവിനാതൻകവിതാമൃതത്തെ
പ്പെട്ടെന്നൊഴുക്കാതെജനത്തിലെങ്ങും
കഷ്ടംവസിക്കുന്നതിനെന്തുബന്ധം?
കുട്ടക്കയം തെല്ലുനികുമ്പോയോ"

ഒടുവിൽ കുഞ്ഞുകൃഷ്ണമേനോൻ പിന്നീടൊരി ക്കൽ മനോരമയോടു ഇങ്ങനെ ചോദിക്കുകയുണ്ടായി.

"ചട്ടറ്റടുന്നനവദുഷ്കൾനിൽകഴുത്തിൽ
കെട്ടിച്ചുപണ്ടവളരപ്പുകളാണ്ടവിദ്വാൻ
കുട്ടക്കയത്തിലമരുന്നകവീന്ദ്രനാമെ
ന്നിഷ്ടന്നുനല്ലസുഖമോ?ശുകവാണിയാളെ."

കാരിമാരും കത്തോലിക്കാ പ്രവർത്തകരുംമുഴുവൻ സഹ കരണം നൽകിയും ഓരോ ഇടവകയിലും ശാഖകൾ പു നഃസംഘടിപ്പിച്ചും കത്തോലിക്കാകോൺഗ്രസിന്റെ പ്രവർത്തനത്തെ സർവ്വാത്മനാ വിജയിപ്പിക്കണമെന്നു് സവിനയം അഭ്യർത്ഥിച്ചുകൊള്ളുന്നു.

(Kerala Times)

അതിനു മഹാകവി കട്ടക്കയം ഇങ്ങനെ മറുപടി എഴുതി.

"പാലായിൽനിന്നുമയിലഞ്ചുകിഴക്കുഞാനെൻ
സ്യാലത്രയംസഹജനെന്നിവരോടുകൂടി
ബാലേവിലയ്ക്കുനിലമിഞ്ഞിരിവാങ്ങിയിപ്പോൾ
ചാല്വണ്ടതിൽനടുവിലെന്നുമറിഞ്ഞിടേണം
ചാലൊക്കെയുംസമനിരപ്പുവരുത്തിനല്ല
ചേലാക്കിനെൽകൃഷിയതിനുപയുക്തമാക്കി
ചാലിൻകരക്കുമുകു,തെങ്ങു,പിലാവു,വാഴ
കോലുംമുദാവരിച്ചമെന്നിവനട്ടിടുന്നു."

സാഹിത്യകാരന്മാർക്ക് അവരവരുടെ കൃതികൾ പൊതുജനങ്ങളുടെ ശ്രദ്ധയ്ക്ക് വിഷയീഭവിപ്പിക്കുന്നതിനും വിമർശിക്കുന്നതിനും ഒരു പ്രസിദ്ധീകരണമെന്നനിലയിൽകൂടി A. K. C. C. ബുള്ളറിൻ പരിഷ്കരിച്ച് ഉപകരിക്കാമോ എന്നാലോചിക്കുവാനാണു കത്തോലിക്കാ സാഹിത്യകാരന്മാരെ വിളിച്ചുകൂട്ടുവാനുണ്ടായ ഒരു കാരണം,

ഇന്നു കമ്യൂണിസത്തിന്റെ വളർച്ചയ്ക്കു പ്രധാന കാരണം അവരുടെ 'നുണ' പ്രചരണമാണെന്നെല്ലാവക്കുമറിയാം. മനുഷ്യരെ ആകർഷിക്കുന്നതിനു് അവരുടെ വികാരങ്ങളെ ഇളക്കിവിടുന്നതിനു പറ്റിയ മാർഗ്ഗങ്ങൾ കണ്ടുപിടിച്ച് അശ്ലീലസാഹിത്യംവഴിയായും കഥയില്ലാത്ത ചെറുകഥ വഴിയായും ശൃംഗാരരസപ്രധാനമായ സാഹിത്യംവഴിയായും കമ്യൂണിസ്റ്റ് തത്വങ്ങൾ പ്രചരിപ്പിക്കുന്നതിനു അവർ ലക്ഷക്കണക്കിനു പണം ചെലവഴിച്ചു ശ്രമിച്ചുകൊണ്ടിരിക്കുകയാണു്. ഇതിനെ ഫലപ്രദമായി തടയുന്നതിനും കമ്യൂണിസത്തിന്റെ ഭീകരതകളേയും അബദ്ധങ്ങളേയും പൊതുജനങ്ങളെ ശരിക്കു ധരിപ്പിക്കുന്നതിനും വേണ്ടത്ര പ്രസിദ്ധീകരണങ്ങളോ പ്രചരണപരിപാടികളോ നമുക്കില്ലെന്നുള്ളതാണു പരമാർത്ഥം.

അമേരിക്കയിൽ കമ്യൂണിസ്റ്റ്തത്വങ്ങളെ ശാസ്ത്രീയമായി ഖണ്ഡിച്ചും, കമ്യൂണിസംമൂലം വന്നുഭവിക്കുന്ന ആപത്തുകളേയും അടിമത്വത്തേയും നാശങ്ങളേയും പറഞ്ഞു വിശദീകരിക്കുന്ന ഒട്ടവളരെ പ്രസിദ്ധീകരണങ്ങൾവഴിയായും തീവ്രമായ എതുപ്രചരണങ്ങൾ വഴിയായും ആണു് കമ്യൂണിസത്തെ ഫലപ്രദമായി തടയുന്നതു്. എന്നാൽ ഇവിടെ ഇതിനെ തടയുന്നതിനു സംഘടിതമായ ശ്രമങ്ങളോ വേണ്ട പ്രസിദ്ധീകരണങ്ങളോ പരിപാടികളോ നമുക്കില്ലാതാണിരിക്കുന്നതു്. ഇതിന്റെ പരിഹാരാർത്ഥം ഓരോ പള്ളിയോടനുബന്ധിച്ചും ഒഴിച്ചുകൂടാത്ത ഒരാവശ്യമായി കരുതി ഓരോ വായനശാലയും പുസ്തകശാലയും സ്ഥാപിക്കുകയും അവിടെ ഇതിനെല്ലാംപറ്റിയ പ്രസിദ്ധീകരണങ്ങൾ ശേഖരിച്ചും കമ്യൂണിസത്തിന്റെ ഭീകരതകളെ നഗ്നമായിക്കാട്ടുന്ന പ്രചരണപരിപാടികൾ രൂപീകരിച്ചു പ്രവർത്തിക്കുകയാണു വേണ്ടതു്, ജനാതന തത്വങ്ങളെ പ്രചരിപ്പിക്കുന്ന ഒട്ടനവധി ഗ്രന്ഥങ്ങളും നമുക്കാവശ്യമാണു്. ശ്രീമാൻ കല്ലട ഇക്കാര്യത്തിൽ പ്രയോജനകരമായി പലതും ചെയ്തുകൊണ്ടിരിക്കുന്ന വസ്തുതയും മറക്കാവുന്നതല്ല.

കേരള ബിഷപ്സ് കോൺഫ്രസിന്റെ അംഗീകാരം സിദ്ധിച്ച സാഹിത്യപ്രമുഖരും വൈദികശ്രേഷ്ഠന്മാരും ഉൾപ്പെട്ട ഒരു സെലക്റ്റു കമ്മറ്റി, തെരഞ്ഞെടുക്കുന്ന പുസ്തകങ്ങൾ മാത്രമെ പ്രസിദ്ധീകരിക്കാവൂ. ഇങ്ങനെ അംഗീകരം സിദ്ധിച്ചവ പ്രസിദ്ധീകരിക്കുവാൻ ഒരു ഉന്നത സ്ഥാപനമാണാവശ്യം.

ചുരുങ്ങിയ കാലംകൊണ്ടു് ഇത്രവളരെ പ്രശസ്തി ആർജ്ജിച്ച കോട്ടയത്തെ സാഹിത്യപ്രവർത്തക സഹകരണസംഘത്തിന്റെ മാതൃകയിൽ നമുക്കും ഒന്നു കെട്ടിപ്പടുക്കുവാൻ ശ്രമിച്ചാൽ നടത്തുവാൻ അത്ര ബുദ്ധിമുട്ടുള്ള കാര്യമല്ല. ഈ ഉദ്ദേശത്തോടുകൂടിയാണു് അതിരമ്പുഴയിലുള്ള സുകുമാരകലാപോഷണി സഹകരണസംഘം ഏറ്റെടുത്തു നടത്തുന്നതു നല്ലതാണെന്നൊരഭിപ്രായമുണ്ടായതു്. ഇപ്രകാരമുള്ള ഉദ്ദേശങ്ങളോടുകൂടിയാണു കത്തോലിക്കാ കോൺഗ്രസു സാഹിത്യകാരന്മാരെ വിളിച്ചുകൂട്ടി ആലോചിച്ചതു്. അവിടെ പാസ്സാക്കിയ പ്രമേയങ്ങൾതന്നെ ഈ ഉദ്ദേശങ്ങളെ വേണ്ടത്ര പ്രസ്പഷ്ടമാക്കുന്നവയാണു്. സാഹിത്യകാരന്മാരെ സൃഷ്ടിക്കാനല്ല നേരെമറിച്ചു് അർഹിക്കുന്നവരെ വേണ്ടവിധം പ്രോത്സാഹിപ്പിക്കുന്നതിനാണു് കത്തോലിക്കാകോൺഗ്രസിന്റെ ലക്ഷ്യം അതുപോലെ കത്തോലിക്കാസാഹിത്യകാരന്മാർക്കു് സമുദായത്തോടുള്ള കടമ നിർവ്വഹിക്കുന്നതിനു വേണ്ടത്ര പശ്ചാത്തലം സൃഷ്ടിക്കുകയും അവരെ അതിനു പ്രേരിപ്പിക്കുന്നതിനും കൂടി ഈ സംരംഭം പ്രയോജനകരമായി ഭവിക്കട്ടെയെന്നും ആഗ്രഹിക്കുകയാണു്.

(അപ്നാദേശ്)

ബാലപംക്തി.

ആര്യചരിതൻ

(Thomas Sebastian B. A. L. T.)

സദാചാരം

മനുഷ്യൻ ഒരു സാമൂഹ്യജീവിയാണു്. ഏതു സമൂഹത്തിൽ ഒരുവൻ ജീവിക്കുന്നോ ആ സമൂഹത്തിന്റെ ഹിതത്തെ ആദരിച്ചെ അവനു ജീവിക്കാൻ കഴിയുകയുള്ളു. സമൂഹത്തെ ആദരിക്കുന്നവൻ സമൂഹത്തിന്റെ ആദരവിനും അർഹനായിത്തീരുന്നു. സദാചാരം ഒരുവനെ സമുദായത്തിലും രാഷ്ട്രത്തിലും നേതൃസ്ഥാനത്തേയ്ക്കു ഉയർത്തിവിടുന്നു. എനിക്കിഷ്ടമില്ലാത്തതു അന്യർക്കു വരുത്തിവയ്ക്കരുതു എന്നതത്രെയാണു് ആഗ്രഹിക്കേണ്ടതു്. മറ്റൊരുവനുണ്ടാകുന്ന ദുഃഖത്തിലും നഷ്ടത്തിലും എനിക്കും ദുഃഖവും സഹാനുഭൂതിയും ഉണ്ടാകുന്നില്ലെങ്കിൽ ഞാൻ ഹൃദയമില്ലാത്ത ഒരു കശ്മലൻ ആയിത്തീരുന്നു. അന്യന്റെ ദുഃഖത്തിൽ ദുഃഖിക്കുകയും, സുഖത്തിൽ സന്തോഷിക്കുകയും ചെയ്യാൻ കഴിവില്ലെങ്കിൽ ഞാൻ സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ടവനായിത്തീരും.

സദാചാരം ഒരുവനെ പൊതുജനസമ്മതനാക്കുന്നു. സദാചാരനിഷ്ഠയുള്ളവൻ പൊതുജനങ്ങളുടെ വി

ശ്വാസം ആജ്ഞിക്കുന്നു. സത്യം നീതി വിവേകം തുടങ്ങി മനുഷ്യൻ വില കല്പിക്കുന്ന എല്ലാ സദ്ഗുണങ്ങളുടെയും അനുഷ്ഠാനമാണ് സദാചാരം.

ബുദ്ധിയുടെയും വിവേകത്തിന്റെയും മനസാക്ഷിയുടെയും സംഘടിതപ്രവർത്തനത്തിന്റെ ഫലമാണ് സദാചാരം. 'ഹരിശ്ചന്ദ്രൻ സത്യവാനായിരുന്നു' എന്നു ബുദ്ധി ഗ്രഹിക്കുമ്പോൾ 'എനിക്കും ഹരിശ്ചന്ദ്രനെപ്പോലെ സത്യവാനാകണം' എന്നു വിവേകം അനുശാസിക്കുകയും മനസാക്ഷിയുടെ പ്രേരണമൂലം ഞാൻ സത്യവാനാകുകയും ചെയ്യുന്നു. "നിരപരാധിയായ യേശുക്രിസ്തുവിനെ 30 വെള്ളിനാണയങ്ങൾക്കുവേണ്ടി സ്വശിഷ്യൻ യൂദാസ് ഒറ്റിക്കൊടുത്തു" എന്നു ബുദ്ധി ഗ്രഹിക്കുമ്പോൾ "ഞാൻ മറ്റാരെയും വഞ്ചിക്കരുത്" എന്നു വിവേകം അനുശാസിക്കുകയും മനസാക്ഷിയുടെ പ്രേരണമൂലം ഞാൻ വഞ്ചിക്കാതിരിക്കുകയും ചെയ്യുന്നു. ഒരുവനെ സദാചാരനിഷ്ഠയുള്ളവനാക്കുന്നതു ബുദ്ധിയുടേയും വിവേകത്തിന്റെയും മനസാക്ഷിയുടെയും സംയുക്തപ്രവർത്തനമാണ്. ബുദ്ധി സമ്പാദിക്കുന്ന അറിവു വിവേകമാകുന്ന ഉരകല്ലിൽ ശോധന ചെയ്യുകയും മനസാക്ഷി പതിരിനെ ത്യജിക്കുകയും മണിക്കുരുവിനെ സ്വീകരിക്കുകയും ചെയ്യുമ്പോൾ ഒരുവൻ ആര്യചരിതനായിത്തീരുന്നു.

ആയതുകൊണ്ട് സദാചാരങ്ങൾ നാം അഭ്യസിക്കുകയും അവ ആജീവനാന്തം അനുഷ്ഠിക്കുകയും ചെയ്താൽ നമുക്കു ആര്യചരിതന്മാരായി ജീവിക്കാം.

അദ്ധ്യായം 2

ഭവനം നിങ്ങളുടെ വീട്.

നിങ്ങളുടെ സ്വന്തം വീടിനെ നിങ്ങൾ സ്നേഹിക്കണം. അതു എത്ര ചെറുതായിരുന്നാലും നിങ്ങളുടേതാണെന്നുള്ള ഒരഭിമാനം നിങ്ങൾക്കുണ്ടാകണം. വീട്ടും പരിസരവും എപ്പോഴും ശുചിയായും ഭംഗിയായും സൂക്ഷിക്കുന്നതിനു നിങ്ങൾക്കും കടമയുണ്ട്. വീടിന്റെ ഭിത്തിയിൽ പെൻസിൽ ഉരയ്ക്കുക, എഴുതുക, ചെളിയും കരിയും തേയ്ക്കുക, കോമാളിവേഷം വരയ്ക്കുക ഇത്യാദി പ്രവൃത്തികൾ വളരെ നിഷിദ്ധവും നിന്ദ്യവുമാണ്. നിങ്ങളുടെ ആയുഷ്ക്കാലത്തു ഒരിക്കലും ആ തെറ്റു ചെയ്യരുതു്. ചില ചീത്തക്കുട്ടികൾ മുക്കുചീറ്റി ഭിത്തിയിൽ തേയ്ക്കുന്നതു നിങ്ങൾ കണ്ടിരിക്കും. അതെത്ര വൃത്തികേടാണ്. ചിലർ ഭിത്തിയിൽ ചാരി ഒരുകാൽ പുറകോട്ടു മടക്കി ഭിത്തിയിൽ ചവുട്ടി നിൽക്കുന്നതും നിങ്ങൾ കണ്ടിരിക്കും. അവർ അവിടെനിന്നും മാറുമ്പോൾ നിങ്ങൾ ആ ഭിത്തിയിൽ ചവുട്ടിയ ഭാഗത്തു ഒന്നു നോക്കണം. പൊടിയും ചെളിയും കാൽപാടായി അവിടെ പതിഞ്ഞിരിക്കും. സംസ്കാരവും വിവേകവുമുള്ള ആരെങ്കിലും അങ്ങനെ ഭിത്തി വൃത്തികേടാക്കാൻ തുനിയുമോ?

വീട്ടുസാമഗ്രികൾ ഒന്നും അതിന്റെ സ്ഥാനം മാറി ഇടരുതു്. ഭംഗിയായ ഒരു ക്രമീകരണത്തിലായിരിക്കും മാതാപിതാക്കൾ വീട്ടുപകരണങ്ങൾ ഇട്ടിരിക്കുന്നതു്. നിങ്ങൾ അവയുടെ സ്ഥാനം തെറ്റിച്ചിടരുതു്. ചിലപ്പോൾ അപകടത്തിനുപോലും അതു കാരണമായേക്കും. ഒരു ഭാര്യ ഒരു ബഞ്ചിന്റെ സ്ഥാനം മാറ്റിയിട്ടതു അറിയാതെ ഭർത്താവു രാത്രി ഇരുട്ടിൽ വേഗം നടന്നു ആ ബഞ്ചിൽമുട്ടി മുട്ടുപൊട്ടി. ഒരു വർഷത്തോളവും ചികിത്സയിൽ വീട്ടിൽ ഇരുപ്പായി. ആയിരത്തിൽപരം ഉറുപ്പിക ചികിത്സയ്ക്കു ചെലവുവന്നു. ഒരു അദ്ധ്യാപകനായിരുന്ന ആ ഭർത്താവിന്റെ ഒരു വർഷത്തെ ശമ്പളം നഷ്ടപ്പെട്ടു. ഒടുവിൽ അവരുടെ ചെറിയ വീടും പറമ്പും വില്ക്കാനിടയായി. എല്ലാം ഒരു അശ്രദ്ധയിൽനിന്നുണ്ടായ വിനകളാണല്ലോ.

വീട്ടിലുള്ള സാധനസാമഗ്രികൾ എല്ലാം ശുചിയായിരിക്കാൻ നിങ്ങളാലാവതു ശ്രദ്ധിക്കണം. മേശകട്ടിൽ കസേര മുതലായ മരസാമാനങ്ങളിൽ കത്തികൊണ്ടു് അക്ഷരം കൊത്തുന്നു. ദുശ്ശീലം ചില ചീത്തകുട്ടികൾക്കുണ്ടു്. വിരി ഇട്ടിരിക്കുന്ന മേശപ്പുറത്തു പെൻസിൽ കുത്തിപ്പിടിച്ചു അതിന്റെ മൂന ചെത്തിയാൽ വിരി മുറിയുമെന്നു ആക്കാണറിഞ്ഞുകൂടാത്തതു്. വാതിലിനും ജനലിനും ഇട്ടിരിക്കുന്ന കർട്ടൺ നിങ്ങളുടെ കയ്യിൽപറ്റിയ ചെളിയും പൊടിയും നിങ്ങളുടെ മുഖത്തെ വിയർപ്പും തുടയ്ക്കാനുള്ളതല്ല. കസേരയിൽ കിടക്കുന്ന കുഷൻ തറയിലിട്ടു അതിന്റെ പുറത്തു തല കുത്തി മറിയാനുള്ളതല്ല. വീട്ടിൽപെട്ട ഓരോ സാധനവും ഏതുകാര്യത്തിനു ഉദ്ദേശിക്കപ്പെട്ടിരിക്കുന്നോ ആ കാര്യത്തിനുമാത്രമേ ഉപയോഗപ്പെടുത്താൻ പാടുള്ളൂ.

നിങ്ങൾ ഇരിക്കുന്ന മുറിയും നിങ്ങളുടെ പഠനത്തിനുള്ള ഉപകരണങ്ങൾവച്ചിരിക്കുന്ന വിധവും കണ്ടാൽ സാമാന്യമായി നിങ്ങളുടെ സ്വഭാവം മനസ്സിലാക്കാം. പുസ്തകങ്ങൾ എപ്പോഴും അടുക്കി ക്രമമായി അടുക്കിവച്ചിരിക്കണം. കടലാസുതുണ്ടുകൾ തറയിൽ അലക്ഷ്യമായി എറിയരുതു്. ചീപ്പു സോപ്പു കണ്ണാടി മുതലായ ഉപകരണങ്ങൾ പുസ്തകങ്ങളുടെ ഇടയിൽ അലക്ഷ്യമായി ഇടരുതു്. ചീപ്പു ഉപയോഗിച്ചുകഴിഞ്ഞാലുടൻ ശുചിയാക്കിവയ്ക്കണം. ഒരിക്കൽ ഒരു ചീപ്പു് അതിനിടയിൽ പറ്റിപ്പിടിച്ചിരുന്ന മുടിയും ചെളിയും കളയാതെ ഒരു കുട്ടിയുടെ ഗൃഹപാഠം നോട്ടുബുക്കിൽ ഇരുന്നു കാണാനിടയായി. നോക്കണം അടുക്കും ചിട്ടയുമില്ലാത്ത ജീവിതത്തിനു ആ കുട്ടി ഒന്നാംതരം ഒരുദാഹരണമാണ്.

മുഷിഞ്ഞ വസ്ത്രങ്ങൾ വീടിന്റെ പല ഭാഗത്തായി അലക്ഷ്യമായി ഇടരുതു്. മുഷിഞ്ഞ വസ്ത്രങ്ങൾ ഇടാൻ വസ്ത്രധാരണത്തിനുള്ള മുറിയിൽ ഒരു പ്രത്യേക സ്ഥാനം-ഒരു അയയോ, പെട്ടിയോ കൂടയോ ഉണ്ടായിരിക്കണം. ആഴ്ചയിൽ ഒരിക്കൽ നിങ്ങളുടെ വസ്ത്രങ്ങൾ നിങ്ങൾതന്നെ അലക്കി മടക്കിവയ്ക്കാൻ അഭ്യസിക്കണം. മുഷിഞ്ഞ വസ്ത്രം ധരിച്ചു കിടന്നുറങ്ങരുതു്. പകൽ ജോലിസ്ഥലത്തോ സ്കൂളിലോ ഉപയോഗിക്കുന്ന വസ്ത്രം രാത്രിയിൽ കിടക്കയിൽ ഉപയോഗിക്കുന്നതു ആരോഗ്യത്തിനു ഹാനികരമാണ്.

വക്കിംഗ് കമ്മറിയോഗം

മിനിറ്റ്സ്

മേയ് 25-5-63

അഖിലകേരള കത്തോലിക്കകോൺഗ്രസ് വക്കിംഗ്കമ്മറിയുടെ ഒരു യോഗം 25-5-'63 ശനിയാഴ്ച വൈകുന്നേരം 8 മണിക്ക് ഹെഡ്ഓഫീസിൽ കൂടി. മെമ്പേഴ്സ്-

പി സി എബ്രാഹം ബി എ ബി എൽ
കെ എം ജോസഫ് ബി എ ബി എൽ
ഇ എം ജോസഫ് ബി എ ബി എൽ
എം സി ചാക്കോ മാത്രുത്തിൽ
സിറിയക്ക് ജെ നിധിയിരി
എൽ എൽ ജോസഫ് ഞള്ളുമുഴ - എന്നിവർ യോഗത്തിൽ സന്നിഹിതരായിരുന്നു. പ്രസിഡൻറ് ശ്രീ. പി. സി. എബ്രാഹം അദ്ധ്യക്ഷത വഹിച്ചു.

പ്രാരംഭപ്രാർത്ഥനയ്ക്കുശേഷം 28 4-'64-ൽ കൂടിയ വക്കിംഗ്കമ്മറിയുടെ മിനിറ്റ്സ് വായിച്ചുപാസ്സാക്കി.

ബില്ലുകൾ

12-5-'63 ൽ കൂടിയ സാഹിത്യസമ്മേളനത്തോടനുബന്ധിച്ചു നടത്തിയ ചായസൽക്കാരത്തിനു ചെലവായ 24രൂ 50 ന. പൈസായുടെ ബില്ലും, ദീപിക, കേരളടൈംസ് എന്നീ പത്രങ്ങളിൽ, അസി. സെക്രട്ടറി സ്ഥാനത്തേക്ക് അപേക്ഷക്ഷണിച്ചുകൊണ്ടുള്ള പരസ്യങ്ങൾക്കു ചെലവായ യഥാക്രമം 20ക. 12ക. എന്നിവയുടെ 15-5-'63-ലെ ബില്ലുകളും, കോട്ടയം മേഖലയിലെ ഓർഗനൈസർ ശ്രീ. കെ. എം. ജോർജ്ജ് കടത്തോടിലിൻറെ സംഘടനാപ്രവർത്തനത്തിനു യാത്രച്ചെലവിനത്തിലുള്ള 18-5-'63, 24-5-'63 എന്നീ തീയതികളിലെ ബില്ലുകളും അംഗീകരിച്ചു.

തദനന്തരം ഭക്ഷണത്തിനായി യോഗം നിറുത്തിവച്ചു. ഭക്ഷണത്തിനുശേഷം 9 മണിയോടുകൂടി യോഗം തുടർന്നു.

കത്തുകൾ

ചങ്ങനാശേരിശാഖയിൽനിന്നും പ്രസ്തുത ശാഖയുടെ സഹകരണത്തോടുകൂടി ചേർത്തിട്ടുള്ള ഉപകുത്തുക്കളുടെ ശാഖയ്ക്കുള്ള വിഹിതം അനുവദിച്ചുതരണമെന്നുകാണിച്ച് ചങ്ങനാശേരി ശാഖാപ്രസിഡൻറ് മാർച്ച് 4-ാം തീയതി അയച്ച കത്തു പരിഗണിക്കുകയും വക്കിംഗ്കമ്മറി അംഗങ്ങളും ഫിനാൻസുകമ്മറി അംഗങ്ങളുമാണ് ഉപകുത്തുക്കളെ ചേർത്തതെങ്കിലും ഒരു പ്രത്യേക കാര്യമെന്നനിലയിൽ ശാഖയ്ക്കുള്ള 25 ശതമാനം നൽകുന്നതിനു വക്കിംഗ്കമ്മറി തീരുമാനിച്ചു. പ്രസ്തുത പ്രമേയത്തിൽ അഭ്യർത്ഥിച്ചിരുന്നതുപോലെ ചങ്ങനാശേരി രൂപതയിൽ പ്രവർത്തനത്തിൽ ഇരിക്കുന്ന ശാഖാപ്രതിനിധികളുടെ പൂർണ്ണമായ ലിസ്റ്റ് അയച്ചുകൊടുക്കണമെന്നും യോഗം തീരുമാനിച്ചു. അടുത്തതായി ശ്രീ. എം. കെ. ജോസഫിൻറെ 26-4-'63-ലെ കത്തു് വക്കിംകമ്മറി പരിഗണനക്കെടുത്തു. പ്രസ്തുത കത്തിലൂടെ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ കൊണ്ടുവന്നതിൽ ദു:ഖിക്കുകയും പ്രസ്തുത കത്തു് നിരുപാധികം പിൻവലിക്കുവാൻ അദ്ദേഹത്തോടു് ആവശ്യപ്പെടുന്നതിനും വക്കിംഗ്കമ്മറി നിശ്ചയിക്കുകയും ചെയ്തു. പിന്നീടു് ലോകസഭയിൽനിന്നും വന്ന കത്തു് വായിച്ചു റിക്കാർഡുചെയ്തു. തദനുസരണം മെ: ഇ എം ജോസഫ്, ഇ. പി. വറുഗീസ് എന്നിവരെ ഡൽഹിക്കയയ്ക്കുന്നതിനും തീരുമാനിച്ചു.

സംഘാടകരുടെ സെമിനാറിൻറെ റിപ്പോർട്ടു് യോഗത്തിൽ സമർപ്പിക്കുകയും വായിച്ചു റിക്കാർഡുചെയ്കയും ചെയ്തു. അതുപോലെതന്നെ സാഹിത്യകാരന്മാരുടെ സമ്മേളനത്തിൻറെ റിപ്പോർട്ടും വായിച്ചു് റിക്കാർഡുചെയ്തു.

ലിക്വിഡേഷനിൽ ഇരിക്കുന്ന പാലാസെൻട്രൽ ബാങ്കിൽനിന്നും ലഭിക്കുന്ന വിഹിതം ഒരു വർഷത്തേക്കു് സ്റ്റേറ്റ്ബാങ്കു് ഓഫ് ട്രാവൻകൂറിൽ നിക്ഷേപിക്കാവുന്നതാണെന്നും തീരുമാനിച്ചു.

അസി. സെക്രട്ടറിയായിരുന്ന ശ്രീ. മാത്യു പള്ളിത്താനം നൽകിയിരുന്ന 2ക 60ന. പൈസയുടെ യാത്രച്ചെലവു ബില്ലിനു് അനുമതി നൽകി. എന്നാൽ 16 കയുടെ റൈറ്റപ്പിംഗ് ചാർജ്ജുബില്ലു് തിരസ്കരിക്കുകയും ചെയ്തു.. ശ്രീ മാത്യുവിൻറെ ജോലിക്കാലത്തു വരേണ്ടുന്ന വാടകയിനത്തിലുള്ള കുടിശിക അദ്ദേഹത്തിൻറെ സെക്യൂരിറ്റിതുകയിൽനിന്നും ഈടാക്കേണ്ടതാണെന്നും ബാക്കി തുക ജൂൺ അവസാനത്തോടുകൂടി നൽകേണ്ടതാണെന്നും തീരുമാനിച്ചു.

അസി: സെക്രട്ടറിസ്ഥാനത്തേയ്ക്കുള്ള തെരഞ്ഞെടുപ്പ്

1963-ജൂൺ 16-ാം തീയതി എറണാകുളത്തുവച്ചു് അസി. സെക്രട്ടറിസ്ഥാനത്തേക്കുള്ളവരുടെ അപേക്ഷകൾ പരിഗണിക്കുന്നതിനു് വക്കിംകമ്മറിയുടെ ഒരു യോഗം കൂടേണ്ടതാണെന്നും നിശ്ചയിച്ചു.

26-ാം തീയതിയിലെ പ്രതിനിധിസമ്മേളനത്തിലേക്കു് അയച്ചിരുന്ന ചോദ്യങ്ങളും ഉത്തരങ്ങളും തയാറാക്കി. മീറ്റിംഗ് 26-ാംതീയതി രാവിലെ 10 മണിക്കു കൂട്ടുന്നതിനായി രാത്രി 1-30 നു് പിരിഞ്ഞു.

26-ാം തീയതി രാവിലെ 10-10 നു് വക്കിംഗ്കമ്മറി വീണ്ടും സമ്മേളിച്ചു.

25-ാം തീയതിയിലെ കമ്മറി അംഗങ്ങളെ കൂടാതെ മെ. ഇ പി വറുഗീസ് എം എ ബി എൽ എ.ജി അഗസ്റ്റിൻ ബി എ ബി എൽ, എം വി വക്കി മഴുവഞ്ചേരി, കെ എം ജോസഫ് ബി എസ്സി ബി എൽ (ദീപിക) എന്നിവരും യോഗത്തിൽ സന്നിഹിതരായിരുന്നു.

പ്രാർത്ഥനാനന്തരം സംഘാടകരുടെ കത്തുകൾ ജനറൽസെക്രട്ടറി പരിശോധിച്ചു് വക്കിംഗ്കമ്മറിമുമ്പാകെ വയ്ക്കണമെന്നു് തീരുമാനിച്ചു. കോൺഗ്രസിനിപ്പോൾ സാമ്പത്തികശേഷി കുറവാണെന്നു കാണി

ച്ചുകൊണ്ട് വിദ്യാഭ്യാസസഹായം അപേക്ഷിച്ചിരുന്നവർക്ക് മറുപടിനൽകേണ്ടതാണെന്ന് നിശ്ചയിച്ചു.

സബ് കമ്മറ്റി

ശ്രീ വി. ജെ. വളവിയുടെ 17-5-63 ലെ കത്തിലെ താല്പര്യമനുസരിച്ച്

മെ. ഇ. പി. വറുഗീസ്
വി. ജെ. വളവി
ഏ. ജി. അഗസ്റ്റിൻ
പി. സി. എബ്രാഹം, എന്നിവർ അംഗങ്ങളായും മി. കെ. എം. ജോസഫ് (ജനറൽ സെക്രട്ടറി) കൺവീനറുമായി തെരഞ്ഞെടുക്കപ്പെട്ട. കമ്മറ്റി അർഹരായ വിദ്യാർത്ഥികൾക്ക് സഹായം നൽകാനുതകുന്ന ഒരു പദ്ധതി തയാറാക്കി സമർപ്പിക്കണമെന്ന് തീരുമാനിച്ചു. ഈവർഷം അപേക്ഷകരിൽ ഒരാൾക്കെങ്കിലും സഹായം നൽകേണ്ടതാണെന്നും തീരുമാനിച്ചു.

നിയോജകമണ്ഡലങ്ങളുടെ ഡിലിമിറേഷൻസംബന്ധിച്ച് കരടുനിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് മെ. ഇ. പി. വറുഗീസ് (കൺവീനർ), കെ. ജെ. ജേക്കബ്, വറുഗീസ് വള്ളുവന്തറ എന്നിവർ അംഗങ്ങളായി കൂടുതൽ അംഗങ്ങളെ കോ-ഓഫ്റ്റു ചെയ്യുന്നതിനുള്ള അധികാരത്തോടുകൂടി ഒരു കമ്മറ്റിയെ തെരഞ്ഞെടുത്തു. ഈ കമ്മറ്റിയുടെ ചെലവിലേക്കായി 250 ക. അഡ്മിനിസ്ട്രേറ്റീവ് ഫണ്ടിൽനിന്നും എടുക്കണമെന്നും തീരുമാനിച്ചു.

പ്രമേയം

ശ്രീമാൻ അപ്പി പാറേക്കാട്ട് അയച്ചുതന്നിരുന്ന പ്രമേയം ഇടവകകൾതോറും ശാഖകൾ സ്ഥാപിച്ചതിനുശേഷം പര്യാലോചിച്ചാൽമതിയെന്ന് കമ്മറ്റി തീരുമാനിച്ചു.

യോഗം 11 മണിയോടുകൂടി അവസാനിച്ചു.

വർക്കിംഗ് കമ്മറ്റിയോഗം

മീനിംഗ്സ്

ജൂൺ 11-6-63

അഖില കേരള കത്തോലിക്കാ കോൺഗ്രസ് വർക്കിംഗ് കമ്മറ്റിയുടെ ഒരു യോഗം 16-6-'63 ഞായറാഴ്ച രാവിലെ 11-45ന് എറണാകുളത്തു ഡോൺ ബോസ്കോ സ്കൂളിൽ വച്ചു കൂടി.

മെ: ഇ. എം. ജോസഫ് ബി. എ. ബി. എൽ
കെ. എം. ജോസഫ് ബി. എ. ബി.എൽ
എം. സി. ചാക്കോ മാന്തുരുത്തിൽ
ഇ. പി. വറുഗീസ്. എം. എ. ബി. എൽ
ഏ. ജി. അഗസ്റ്റിൻ ബി. എ. ബി.എൽ
റവ. കെ. കുര്യൻ. തൃശ്ശൂർ- എന്നിവർ യോഗത്തിൽ സംബന്ധിച്ചു. പ്രസിഡൻറിന്റെ അസാന്നിദ്ധ്യത്തിൽ വൈസ് പ്രസിഡൻറ് ശ്രീ. ഇ. എം. ജോസഫ് അദ്ധ്യക്ഷം വഹിച്ചു.

പ്രാർത്ഥനാനന്തരം 23-ാം ജോൺ മാർപ്പാപ്പായുടെ നിര്യാണത്തിൽ അനുശോചിച്ചുകൊണ്ട് വർക്കിംഗ് കമ്മറ്റി അംഗങ്ങൾ എഴുന്നേറ്റുനിന്ന് മൗനമായി ദുഃഖാചരണത്തോടുകൂടി താഴെക്കാണുന്ന പ്രമേയം പാസാക്കി.

പ്രമേയം,

"സർവ്വലോകത്തിന്റെയും ബഹുമാനാദരവുകൾ ആജ്ഞാപിച്ച വ്യക്തിയും വിശുദ്ധ പത്രോസിന്റെ 262-ാമത്തെ പ്രശസ്തനായ പിൻഗാമിയും 55 കോടി കത്തോലിക്കരുടെ ആദ്ധ്യാത്മികപിതാവു് വഹിക്കാൻ രാഷ്ട്രത്തിന്റെ പരമാധികാരിയുമായ പരിശുദ്ധപിതാവു് 23-ാം യോഹന്നാൻ മാർപ്പാപ്പാ തിരുമനസ്സിലെ ദേഹവിയോഗത്തിൽ അഖിലകേരള കത്തോലിക്കാ കോൺഗ്രസിനുള്ള അത്യഗാധമായ ദുഃഖം രേഖപ്പെടുത്തുകയും അവിടുത്തേയ്ക്ക് നിത്യനിർവൃതി നേരുകയും ചെയ്യുന്നു"

കത്തോലിക്കാ കോൺഗ്രസിന്റെ മുൻ വൈസ് പ്രസിഡൻറായിരുന്ന ശ്രീ. എൻ, എക്സ്. ചെറിയാൻ ബി. എ. ബി. എൽ- ന്റെ അകാലനിര്യാണത്തിൽ അനുശോചിച്ചുകൊണ്ടുള്ള താഴെക്കാണുന്ന പ്രമേയം ഏവരും എഴുന്നേറ്റു നിന്നു പാസാക്കുകയും പ്രസ്തുത പ്രമേയം അദ്ദേഹത്തിന്റെ സന്തപ്തരായ കുടുംബാംഗങ്ങൾക്ക് അയച്ചുകൊടുക്കുകയും ചെയ്യണമെന്നും തീരുമാനിച്ചു.

പ്രമേയം,

"അഖിലകേരള കത്തോലിക്കാ കോൺഗ്രസിന്റെ മുൻ വൈസ് പ്രസിഡൻറും തികഞ്ഞ സമുദായാഭിമാനിയും കോൺഗ്രസിന്റെ സജീവ പ്രവർത്തകനുമായിരുന്ന ശ്രീ. എൻ. എക്സ്. ചെറിയാൻ ബി. എ. ബി. എൽ- ന്റെ ദേഹവിയോഗത്തിൽ അഖിലകേരള കത്തോലിക്കാ കോൺഗ്രസിന്റെ വർക്കിംഗ് കമ്മറ്റി ഖേദിക്കുകയും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോടും ബന്ധുമിത്രാദികളോടുംകൂടി അനുശോചിക്കുകയും ചെയ്യുന്നു."

മിനിറ്റ്സ്

മുൻയോഗത്തിന്റെ മിനിറ്റ്സ് വായിച്ചു പാസാക്കി.

അസി: സെക്രട്ടറി.

അസി: സെക്രട്ടറി ഉദ്യോഗത്തിനുവേണ്ടി അപേക്ഷിച്ചിരുന്നവരുടെ ഇൻറർവ്യൂ തുടർന്ന് നടത്തപ്പെട്ടു. പ്രതിമാസം 100ക. ശമ്പളത്തിൽ അസി: സെക്രട്ടറി സ്ഥാനത്തേയ്ക്ക് ശ്രീമാൻ. കെ. സി. സഖറിയാസ് കണ്ടത്തിപ്പറമ്പിൽ, കാഞ്ഞിരത്തുംമുട്ട്, ചങ്ങനാശേരിയെ നിയമിക്കുന്നതിന് വർക്കിംഗ് കമ്മറ്റി തീരുമാനിച്ചു. നിയമന കാലാവധി വർക്കിംഗ് കമ്മറ്റിക്ക് ഇഷ്ടമുള്ള കാലത്തോളം ആയിരിക്കുന്നതും ജോലിയിൽ നിന്നും പിരിയുന്നതിനു മുൻപു് ഏതെങ്കിലും ഭാഗത്തുനിന്നും ഒരു മാസത്തെ നോട്ടീസു് നൽകിയിരിക്കേണ്ടതാണെന്നും പുതുതായി നിയമിക്കപ്പെട്ട അസി: സെക്രട്ടറി 250 ക. സെക്യൂരിറ്റി വയ്ക്കണമെന്നും നിശ്ചയിക്കുകയുണ്ടായി.

കത്തോലിക്കാ യുവജനപ്രസ്ഥാനം.

(സിപ്രിയാനോസ് പരീക്കണ്ണി)

(ജനറൽസെക്രട്ടറി കേരളയുവജനസഖ്യം)

അമേരിക്കയിലെ ക്രിസ്ത്യീയസഭകളുടെ ഒരു സ്ഥിതിവിവരക്കണക്ക് ഈയിടെ ഇങ്ങനെ വായിച്ചു-5 ശതമാനം ജീവിച്ചിരിപ്പില്ലാത്തവർ, 10 ശതമാനം സ്ഥലത്തില്ലാത്തവർ, 20 ശതമാനം പ്രാത്ഥനാജീവിതമില്ലാത്തവർ, 25 ശതമാനം വേദപുസ്തകം വായിക്കാത്തവർ, 30 ശതമാനം ദേവാലയത്തിൽ പോകാത്തവർ, 50 ശതമാനം വേദപാഠക്ലാസ്സിൽ സംബന്ധിക്കാത്തവർ, 70ശതമാനം സുവിശേഷപ്രവർത്തനങ്ങൾക്ക് യാതൊരു സഹായവും നൽകാത്തവർ, 75 ശതമാനം ദേവാലയത്തിൽ യാതൊരു ചുമതലയുമില്ലാത്തവർ, 80ശതമാനം പ്രാത്ഥനായോഗങ്ങളിൽ പങ്കെടുക്കാത്തവർ, 90 ശതമാനം കുടുംബപ്രാത്ഥന നടത്താത്തവർ, 95ശതമാനം ജീവിതത്തിലൊരിയ്ക്കലെങ്കിലും ക്രിസ്തുവിനെക്കുറിച്ച് ആരോടും സംസാരിയ്ക്കാത്തവർ..!

കത്തുകൾ

വക്കിംഗ്കമ്മറ്റിഅംഗമായ ശ്രീ വി ജെ കുര്യൻ വള്ളവന്തറയുടെ, വക്കിംഗ്കമ്മറ്റിയോഗത്തിൽ സംബന്ധിക്കുവാൻ സാധിക്കയില്ലെന്നകാണിച്ച് 12-6-63-ൽ അയച്ച കത്തുവായിച്ച് റിക്കാർഡുചെയ്തു.

അടുത്തതായി തൈക്കൽപ്രശ്നം സംബന്ധിച്ച് മെയ് 26-ാംതീയതി കൂടിയ പ്രതിനിധിസഭായോഗം പാസാക്കി ഗവൺമ്മെൻറിലേക്കയച്ചുകൊടുത്ത പ്രതിഷേധപ്രമേയം കൈപ്പറ്റിയതായിക്കാണിച്ചുകൊണ്ടുള്ള ആഭ്യന്തര-പൊതുജനാരോഗ്യവകുപ്പുകളുടെ 31-5 63, 5-6-63 എന്നീ തീയതികളിലെ കത്തുകൾ വായിച്ച് റിക്കാർഡുചെയ്തു.

ശ്രീ എം. ഒ. ജോസഫ് നെടുങ്കുന്നം 11-6-63ൽ അയച്ച കത്തു വായിച്ചു. വക്കിംഗ്കമ്മറ്റിയോഗദിവസമായ 1963 ഏപ്രിൽ 28-ാംതീയതി അസി. സെക്രട്ടറിയെ നേരിട്ട് ഏല്പിച്ച ഏപ്രിൽ 26-ാംതീയതിയിലെ കത്തു് സുദീർഘമായിരുന്നതിനാൽ അതിനടുത്തകൂടിയ വക്കിംഗ്കമ്മറ്റിയുടെ മെയ് 25-ാംതീയതിയിലെ യോഗം പരിഗണിക്കുകയും യോഗതീരുമാനം ശ്രീ ജോസഫ് നെടുംകുന്നത്തിനു് അയച്ചുകൊടുത്തിരുന്ന എന്നാൽമറുപടിയുള്ള കാര്യങ്ങൾ അനുസരിപ്പിച്ചുകൊണ്ട് അദ്ദേഹത്തിനു മറുപടിനൽകേണ്ടതാണെന്നും തീരുമാനിച്ചു.

മങ്കുവാപള്ളിവികാരി റവ. ഫാ. ജേക്കബ് വടക്കേക്കുടി അവർകളുടെ 12-6-63ലെ കത്തിൻറെ ഉള്ളടക്കമനുസരിച്ച് കത്തോലിക്കകോൺഗ്രസ്ശാഖയുടെ സ്ഥാപനത്തെസംബന്ധിച്ചുള്ള വിവരണങ്ങളും ആവശ്യമായ ഫോറങ്ങളും നിയമാവലിയും അദ്ദേഹത്തിനയച്ചുകൊടുക്കുന്നതോടൊപ്പംതന്നെ പ്രസ്തുത ഇടവക ഉൾക്കൊള്ളുന്ന അഴുത മേഖലയുടെ സംഘാടകൻ ശ്രീ വി.റ്റി. ജോസഫിനെ ഇക്കാര്യങ്ങൾ തെര്യപ്പെടുത്തേണ്ടതാണെന്നും കമ്മറ്റി തീരുമാനിച്ചു.

നസ്രാണിഭക്ഷണസമാജം പ്രസിഡൻറ് ശ്രീ പി.എസ്. വില്യമിൻറെ 13-6-63-ലെ കത്തു് കൈപ്പറ്റിയവിവരത്തിനു് മറുപടിനൽകേണ്ടതാണെന്നുതീരുമാനിച്ചു.

ശ്രീ റവ.കെ. കുര്യൻറെ 7-6-63ലെ കത്തിൽ പറഞ്ഞിരിക്കുന്നതനുസരിച്ച് ഉടനെതന്നെ അദ്ദേഹമയച്ചുതന്നിരിക്കുന്ന പരസ്യങ്ങളുടെ ബില്ലുകൾ അയച്ചുകൊടുക്കണമെന്നും തീരുമാനിക്കുകയുണ്ടായി.

തിരുവനന്തപുരം, കോട്ടയം. ആലപ്പുഴ എന്നീ മേഖലകൾ യഥാക്രമം മേലിൽ നെയ്യാറിൻകര ചങ്ങനാശേരി, ചേർത്തല മേഖലകളായി അറിയപ്പെടേണ്ടതാണെന്നു് കമ്മറ്റി അഭിപ്രായപ്പെട്ടു.

ബില്ലുകൾ

28-4-63-ലെ വക്കിംഗ്കമ്മറ്റിയോഗത്തിൽ സംബന്ധിച്ചതിനു് ശ്രീ എൻ. എൽ. ജോസഫ് ഞള്ളുഴയുടെ 2 കു.യുടെ യാത്രച്ചെലവുബില്ലും, ശ്രീ റവ. കെ കുര്യൻറെ 16-6-63-ലെ കമ്മറ്റിയോഗത്തിൽ സംബന്ധിച്ചതിനു് 4കു, 50 നയാപൈസയുടെ യാത്രച്ചെലവുബില്ലും, ശ്രീ എൻ എക്സ് ചെറിയാൻറെ മൃതദേഹത്തിൽ സമർപ്പിച്ച റീത്തിൻറെ 11 കു യുടെ ബില്ലും, കു. കോൺഗ്രസ് പ്രസിഡണ്ടു് തൈക്കൽ ശ്രീ അന്തോനിയുടെ മൃതദേഹത്തിൽ സമർപ്പിച്ച റീത്തിൻറെ 4 കു.യുടെ ബില്ലും യോഗം അംഗീകരിച്ചു.

സ്കോളർഷിപ്പ് അപേക്ഷകൾ

വിദ്യാഭ്യാസ സ്കോളർഷിപ്പിനുള്ള അപേക്ഷകൾ അതിനു നിയുക്തമായിട്ടുള്ള സബ്കമ്മറ്റിക്കു് നൽണ്ടതാണെന്നു് യോഗം തീരുമാനിച്ചു.

ഒരു പ്രത്യേകവിദ്യാർത്ഥിക്കു് കത്തോലിക്കാകോൺഗ്രസ് വിദ്യാഭ്യാസസഹായം നൽകുന്നതു് പ്രോത്സാഹനമർഹിക്കുന്നില്ലെന്നും ഈ ആവശ്യത്തിനായി ശേഖരിക്കപ്പെടുന്ന പൊതുഫണ്ടിൽനിന്നുമായിരിക്കണം അർഹരായ വിദ്യാർത്ഥികൾക്കു് സഹായം നൽകേണ്ടതെന്നുംകാണിച്ചു് ശ്രീ. ഉലഹന്നൻ തോപ്പിൽ അവർകൾക്കു് മറുപടി അയയ്ക്കേണ്ടതാണെന്നു നിശ്ചയിച്ചു.

ട്രഷറർ ശ്രീ. എം സി ചാക്കോ മാസ്സുരുത്തിൽ സമർപ്പിച്ച അഖിലകേരള കത്തോലിക്കാകോൺഗ്രസ് വരവുചെലവുകണക്കുകളുടെ തൈമാസിക സ്റ്റേറ്റുമെൻറുവായിച്ചു് റിക്കാർഡുചെയ്തു. സംഘടനാചെലവുകളുടെ കണക്കു് ജൂൺ അവസാനത്തോടുകൂടി കമ്മറ്റിയിൽ സമർപ്പിച്ചാൽ മതിയെന്നു് തീരുമാനിച്ചു.

യോഗം 2-മണിക്കു് അവസാനിച്ചു.

പരമദയനീയമായൊരു ചിത്രമാണിതു്. കേൾക്കുമ്പോൾ അത്ഭുതം തോന്നും. ശാസ്ത്രീയപുരോഗതിയുടേയും ഭൗതികനേട്ടങ്ങളുടേയും കാര്യത്തിൽ ലോകത്തിലെ മുന്നണി രാഷ്ട്രമായി പ്രശോഭിക്കുന്ന അമേരിക്ക ആദ്ധ്യാത്മികകാര്യങ്ങളെസംബന്ധിച്ചിടത്തോളം അളക്കാനാവാത്ത അഗാധതയിലേയ്ക്കു വഴുതിപ്പോയിരിക്കുന്നു എന്നാണിതു കാണിക്കുന്നതു്. കമ്യൂണിസത്തോടുള്ള പ്രത്യയശാസ്ത്രപരമായ സമരത്തിന്റെ കാര്യത്തിലും, സാർവലൗകികപ്രാധാന്യമർഹിക്കുന്ന ഇതരവെല്ലുവിളികളെ നേരിടുന്നകാര്യത്തിലും അമേരിക്കർ പ്രദർശിപ്പിക്കുന്ന ധീരത പരക്കെ പ്രശംസനീയമാകാറുണ്ടു്. എന്നാൽ ഏതുതരം തിന്മയ്ക്കുമെതിരായിട്ടുള്ള വിട്ടുവീഴ്ചയില്ലാത്ത പോരാട്ടത്തിന്റെ കാഹളമൂതുവാൻ ക്രിസ്ത്യാനിയാണു് മറ്റാരേയുംകാളധികം ചുമതലപ്പെട്ടവനെങ്കിലും ഇക്കാര്യത്തിൽ നമുക്കങ്ങനെ മനസിലാക്കാൻ കഴിയുന്നില്ല. ജീവിതത്തിൽനിന്നും, വ്യക്തിയുടേയും സമൂഹത്തിന്റേയും പ്രശ്നങ്ങളിൽനിന്നും, ക്രിസ്തുവിനേയും ക്രിസ്തുവിന്റെ മാർഗ്ഗത്തേയും ബോധപൂർവമോ അല്ലാതെയോ മറികടന്നുപോകുന്നു എന്നതാണു് ഇതിന്റെ കാതലായ കാരണം. അമേരിക്കയിൽ മാത്രമല്ല ലോകത്തിലെവിടെയും ഈ അവസ്ഥാവിശേഷം പ്രകടമായിട്ടുണ്ടു്.

ഏതു സമീപനത്തിലും ഒരു ക്രിസ്തീയവീക്ഷണം വച്ചുപുലർത്തുന്ന കാര്യത്തിൽ, എവിടെയുമുള്ള ക്രിസ്ത്യാനികൾ അമ്പേ പരാജയപ്പെട്ടുപോകുന്നു. ക്രിസ്തുവിനേക്കുറിച്ചുള്ള ചിന്തകളും വിശ്വാസങ്ങളും ഒരു സാങ്കല്പിക ധർമ്മയവനികയുടെ സ്ഥിതിയിലേയ്ക്കു് നീങ്ങുകയാണു്. അല്ലെങ്കിൽ സ്വന്തം ജീവിതത്തിന്റെ വഴിത്താര പ്രയാസമുള്ളതാക്കുവാനും യഥാർത്ഥ ക്രിസ്തുവിനെ അവിടെ വ്യക്തമായി മറ്റുള്ളവർക്കു കാണിച്ചുകൊടുക്കാനും എന്തുകൊണ്ടു് ഒരു വിശ്വാസിക്കു് കഴിയുന്നില്ല? പ്രത്യാശയുടേയും സുരക്ഷിതത്വത്തിന്റേയും മാർഗ്ഗത്തിലേയ്ക്കു മറ്റുള്ളവരെ കൂട്ടിക്കൊണ്ടുവരുന്നകാര്യം ചിന്തിയ്ക്കുന്നതുപോലും ദുർവഹമാണെന്നു വന്നിരിയ്ക്കുകയാണു്. സ്വന്തം രക്ഷയുടെ കാര്യത്തിൽത്തന്നെ അലസനാതഭാവിയ്ക്കുവാൻ പ്രേരകമായ സാഹചര്യങ്ങളാണു് ഇന്നെവിടെയുമുള്ളതു്. ലൗകികപുരോഗതിയുടെ തോതിനാനുപാതികമായിത്തന്നെ വ്യക്തിജീവിതത്തിന്റെ സമ്മർദ്ദങ്ങളും പെരുകിക്കൊണ്ടിരിക്കുന്നു. സുഖത്തിന്റേയും സന്തോഷത്തിന്റേയും പിറകേ മനുഷ്യർ ആവേശമുറ്റുപായുകയാണു്. ലോകജീവിതത്തിന്റെ നശ്വരതയേക്കുറിച്ചോ, ദൈവത്തെ അറിയുവാനും സ്നേഹിക്കുവാനും രക്ഷയുടെ മാർഗ്ഗത്തിലേയ്ക്കു് പ്രവേശിയ്ക്കുവാനുമുള്ള സ്വന്തം ലക്ഷ്യത്തേക്കുറിച്ചോ ചിന്തിയ്ക്കുവാൻപോലും പ്രായേണ അവനു കഴിയുന്നില്ല.

ജീവിതം സമരമാണെന്നുള്ള തത്വം ക്രിസ്ത്യാനിക്കുള്ളതല്ലെന്നു് ആരും സമ്മതിക്കും. എന്നാൽ പരസ്പരവും അല്ലാതെയുമുണ്ടാകുന്ന സമ്മർദ്ദങ്ങൾ സമരാത്മകമായ ഒരു മത്സരഓട്ടത്തിന്റെ അവസ്ഥയിലേയ്ക്കു് മനുഷ്യനെ എത്തിച്ചുകഴിഞ്ഞിരിക്കുന്നു. യുവതലമുറയെസംബന്ധിച്ചിടത്തോളം ഇതു കൂടുതൽ ശരിയാണു്. ജീവിതത്തിനു് ഒരു വീക്ഷണമില്ലാതെ, ഭീകരമായ ഒരു ദുർഘടഘട്ടത്തിൽ യുവതലമുറ പകച്ചുനില്ക്കുന്നു. പട്ടണമദ്ധ്യത്തിൽ അകപ്പെട്ടുപോയ ഒരു നാട്ടിൻപുറത്തുകാരന്റെ അവസ്ഥയാണിതു്. പ്രത്യാശയുടേയും ആശ്വാസത്തിന്റേയും വചനങ്ങൾ എങ്ങുനിന്നും കേൾക്കപ്പെടുന്നില്ല. അപകടങ്ങൾ എവിടെയും പതിയിരിയ്ക്കുകയാണു്. വഴി പറഞ്ഞുകൊടുക്കുവാൻ ആരും അങ്ങോട്ടു കടന്നുചെല്ലുന്നില്ല. ആ യാത്ര എവിടെ അവസാനിയ്ക്കുമെന്നു് ആർക്കു പറയാൻ കഴിയും? ഈ അവസ്ഥാവിശേഷത്തെക്കുറിച്ചു് എത്രപേർ ചിന്തിച്ചിട്ടുണ്ടെന്നാണു് അന്വേഷിക്കേണ്ടതു്.

ലോകത്തിന്റെ ഭാവിയുടെ പ്രശ്നമാണിതെന്ന കാര്യത്തിൽ സംശയമില്ല. വിവിധങ്ങളായ കഷ്ടപ്പാടുകളും ദുരിതങ്ങളുംകൊണ്ടു് ഭൂമുഖമാകെ അസ്വസ്ഥമായിരിക്കുകയാണു്. ആദ്ധ്യാത്മികസത്തയ്ക്കുനേരെയുള്ള ഭീഷണികളുടെ ആക്കവും തൂക്കവും വർദ്ധിച്ചുകൊണ്ടിരിക്കുന്ന തിന്മയുടെ അട്ടഹാസങ്ങൾ എവിടെയും പ്രതിധ്വനിക്കുന്നുണ്ടു്. ഈ ബഹളങ്ങൾക്കിടയിൽ ക്രിസ്ത്യാനിയുടെ സ്നേഹമസൃണമായ സ്വരം എവിടെ? ക്രിസ്തുവിനെ തള്ളിപ്പറഞ്ഞുകൊണ്ടു് അലക്ഷ്യമായി മുന്നോട്ടുപോകാനുള്ള ഇന്നത്തെ ലോകത്തിന്റെ വ്യഗ്രതയെ എന്തുകൊണ്ടു തടുത്തുനിർത്തുവാൻ നമുക്കുകഴിയുന്നില്ല? തലമുറകൾതലമുറകളായി നാം വഹിച്ചുപോരുന്ന സത്യത്തിന്റെ സന്ദേശം നാളെ ഏറ്റുവാങ്ങി വഹിച്ചുകൊണ്ടുപോകേണ്ടവർ അതിനെത്രമാത്രം സജ്ജീകരിക്കപ്പെട്ടവരാണെന്നു് നാം എന്തുകൊണ്ടു് അന്വേഷിക്കുന്നില്ല?

ലോകത്തിന്റെ സമസ്തഭാരങ്ങളും ഏറ്റുവാങ്ങുവാൻ യുവതലമുറ നിർബന്ധിതമാണു്. സ്വന്തം കർത്തവ്യങ്ങൾ നിറവേറ്റുവാനുള്ള കരുത്തു് സമാർജ്ജിക്കുവാൻ അവയ്ക്കു കഴിയാതെവന്നാൽ ഭാവി ഭയാനകമായിരിക്കും. മറന്നാളത്തെ ജനതയുടെ പിതാക്കന്മാരെന്ന നിലയിൽ നിത്യനിരാശമാത്രമായിരിക്കും അവയ്ക്കു കൈമുതലായി അവശേഷിക്കുക. ഈ കാലഘട്ടത്തിൽ ജനിക്കേണ്ടിവന്നവർ ഹതഭാഗ്യരാണു് എന്ന ചിന്തപോലും പലരിലും ശ്രദ്ധമൂലമായിട്ടുണ്ടു്. അത്രയധികം ദുർഘടപൂർണ്ണവും വ്യാമിശ്രവുമായ സാഹചര്യങ്ങളാണു് ഇന്നുള്ളതു്. ആയുഷ്ക്കാലം മുഴുവൻ ശ്രമിച്ചാലും ജീവിതത്തിന്റെ പ്രശ്നങ്ങളേക്കുറിച്ചു വ്യവഛേദിച്ചു പഠിക്കാൻ കഴിയുമെന്നുതോന്നുന്നില്ല. നാളേയ്ക്കു വേണ്ടിയുള്ള തയ്യാറെടുപ്പിൽ ദയനീയമായപരാജയത്തെ അഭിമുഖീകരിക്കേണ്ടിവരുന്നവർ; ഏറെറടുക്കുവാൻകടമപ്പെട്ട ചുമതലകളിൽനിന്നും ഒളിച്ചോടാനുള്ള വ്യഗ്രതയാണു കാണിക്കുന്നതു്. ലോകത്തിൽ ഒരിടത്തേയും സ്ഥിതി ഇതിൽനിന്നു വ്യത്യസ്തമല്ല. സമൂഹത്തിൽനിന്നും വേറിട്ടുനിയ്ക്കുവാൻ ആർക്കും കഴിയാത്ത ഇന്നത്തെ സാഹചര്യത്തിൽ ഇത്തരം പിന്തിരിഞ്ഞോട്ടങ്ങൾ പേടിപ്പിക്കുന്ന അനുഭവങ്ങളാണല്ലൊ.

ദുരിതങ്ങളേയും വേദനകളേയും ധീരമായി തരണംചെയ്യാൻ ക്രിസ്ത്യാനി കടപ്പെട്ടവനാണു്. ഏതു പ്രതിസന്ധിഘട്ടത്തിലും സ്വന്തം മാർഗ്ഗത്തിൽനിന്നു വ്യതിചലിക്കുവാൻ അവനു കഴിയുകയില്ല. ലോകത്തെ മുഴുവൻ ക്രിസ്തുവിന്റെ വഴിയിലേയ്ക്കു് കൊണ്ടുവരുന്നകാര്യത്തിൽ മറ്റാർക്കുമില്ലാത്തത്ര ആത്മവിശ്വാസമാണു് കത്തോലിക്കർക്കുള്ളതു്. ഏതു പ്രശ്നത്തിലും വ്യക്തമായ ഒരു നിവാരണസിദ്ധാന്തം അവർക്കു കൈമുതലായിട്ടുണ്ടു്. എന്നാൽ വിശ്വാസവും അനുഭവവുമാണു് ക്രിസ്തീയജീവിതത്തിന്റെ ആണിക്കല്ലുകൾ എന്ന പരമവസ്തുത പലരും വിസ്മരിക്കുന്നതുപോലെ തോന്നുന്നു. എത്രമാത്രം ആത്മീയനിഷ്ഠയോടെ ജീവിക്കുന്ന മനുഷ്യനിലും ബാഹ്യലോകത്തിന്റെ ചലനങ്ങൾ ആഘാതങ്ങൾ സൃഷ്ടിക്കാതിരിക്കയില്ല. അതിനെ അതിജീവിക്കാൻ കഴിയുന്നവനാണു് യഥാർത്ഥ ക്രിസ്ത്യാനി. എന്നാൽ കത്തോലിക്കാ യുവജനങ്ങളെസംബന്ധിച്ചിടത്തോളം

ഇക്കാര്യത്തിൽ പലപ്പോഴും പരാജയമാണു കണ്ടുവരുന്നതു്. ഈ അവസ്ഥ മാറുകതന്നെ വേണം. ചുറുപാടുകളാണു് സാധാരണഗതിയിൽ വളർച്ചയ്ക്കു് രൂപ–ഭാവവ്യത്യാസങ്ങൾ വരുത്താറുള്ളതു്. എന്നാൽ കത്തോലിക്കായുവജനങ്ങൾ സചകാര്യ ജീവിതത്തിലും സാമൂഹ്യജീവിതത്തിലും ഉറച്ച ക്രിസ്തീയവീക്ഷണം ഉള്ളവരായിരിക്കണം. ഏതവസ്ഥയിലും സംശയങ്ങളോ ആശയക്കുഴപ്പങ്ങളോ അവരെ തീണ്ടിക്കൂടാ. സഭയുടേയും രാഷ്ട്രത്തിന്റേയും ഉരുക്കുകോട്ടകളായി വർത്തിക്കേണ്ടതു് അവരാണു്. യുവതലമുറയ്ക്കു മാർഗ്ഭ്രംശമുണ്ടായാൽ ഹിറ്റ്ലർമാരെയും മുസ്സോലിനിമാരെയുമൊക്കെ സൃഷ്ടിക്കാൻ അതിടയാക്കുമെന്നു് ലോകം നല്ലതുപോലെ മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ടു്.

സമൂഹത്തിന്റെ അനുക്രമമായ നിലനില്പിനേയും, സാമൂഹ്യജീവിത സ്ഥിതിയുടെ പ്രശാന്തയും അപരിമേയവുമായ തുടർച്ചയേയും സഹായിക്കുന്നതിൽ മറ്റാർക്കുമില്ലാത്തത്ര കടമ കത്തോലിക്കാ യുവജനങ്ങൾക്കുണ്ടു്. പരമ്പരാഗതമായി സൂക്ഷിച്ചു പോരുന്ന നിസ്തുലമായ അച്ചടക്കം യഥാർത്ഥത്തിൽ നമ്മുടെ പോർച്ചട്ടയാണു്. ദൈവത്തെ എന്നതുപോലെ സാഭാവികമായും നമ്മുടെ മാതാപിതാക്കന്മാരേയും കലവറയില്ലാതെ വിശ്വസിക്കുവാനും അനുസരിക്കുവാനും നമുക്കു കഴിയും. എന്നാൽ ഇന്നത്തെ യുവതലമുറ ഈവക കാര്യങ്ങളിലൊക്കെ അലസരാണു്. സമരാത്മകമായ ലോക ജീവിതത്തിലെ കുഴക്കുന്നതുമായ പ്രശ്നങ്ങളുടെ മുമ്പിൽ ഇത്തരമൊരവസ്ഥയിലേയ്ക്കു് അവരെ വലിച്ചിഴക്കുന്നു. ജീവിക്കുവാനുള്ള അവകാശത്തിനുവേണ്ടിത്തന്നെ പോരാടേണ്ട ഒരു കാലഘട്ടമാണിതു്. അതുകൊണ്ടിഷ്ടാണല്ലോ മറ്റുള്ളവരെ ജീവിയ്ക്കാൻ അനുവദിയ്ക്കുന്ന മാനുഷികപ്രശ്നങ്ങൾ! സാമ്പത്തികവും, സാമൂഹ്യവും, സാംസ്കാരികവും, രാഷ്ട്രീയവുമായ എല്ലാ മണ്ഡലങ്ങളിലും ഈ സ്ഥിതി വ്യാപിച്ചുകിടക്കുകയാണു്. പക്ഷെ അതിന്റെ പേരിൽ, നീതിയുടെ പാതയിൽനിന്നും വ്യതിരിക്തരാകുവാൻ കത്തോലിക്കായുവജനങ്ങളെ അനുവദിച്ചുകൂടാ. ഉൽകൃഷ്ടവും വിശാലവുമായ ചിന്തകൾ രൂപം കൊള്ളുന്ന ശിരസ്സും സ്നേഹവും, സമാധാനവും, സാഹോദര്യചിന്തയും നിറഞ്ഞുതുളുമ്പുന്ന ഹൃദയവും, സഭയ്ക്കും, രാഷ്ട്രത്തിനും വേണ്ടി ത്യാഗങ്ങൾ സഹിക്കുവാനും സേവനമനുഷ്ഠിയ്ക്കുവാനും കരുത്തുള്ള ശരീരവും കത്തോലിക്കായുവജനങ്ങൾക്കുണ്ടാകണം.

പ്രശ്നങ്ങളിൽനിന്നു് ഒളിച്ചോടാനല്ല, പ്രത്യുത തികഞ്ഞ ആത്മവിശ്വാസത്തോടെ സംഘടിതമായി അതിനെ നേരിടാനുള്ള കരുത്തു് ആർജ്ജിയ്ക്കാനാണു് ശ്രമിക്കേണ്ടതു്. ജീവിതം ഉദ്ദേശപൂർണ്ണമാണു്. എത്രകാലം ജീവിച്ചിരിയ്ക്കുന്നു എന്നതൊരു വസ്തുതയല്ല. മറിച്ചു് ഒരു ദിവസത്തെ ദൈർഘ്യം മാത്രമേ ജീവിതത്തിനുള്ളുവെന്നിരിക്കിലും ആ സമയമത്രയും തനിയ്ക്കും ലോകത്തിനും പ്രയോജനപൂർണ്ണമാക്കി മാറ്റുവാൻ ശ്രദ്ധിയ്ക്കുകയാണു വേണ്ടതു്. നിരാശയും പരാജയബോധവും കത്തോലിക്കാ യുവജനങ്ങളെ ഗ്രസിയ്ക്കാതിരിയ്ക്കട്ടെ. നാളത്തെ ലോകത്തിനു വഴി പറഞ്ഞുകൊടുക്കുവാൻ അവർ ഇപ്പോൾത്തന്നെ പരിശീലിയ്ക്കട്ടെ. സ്ഥിരമായ ഉത്സാഹവും അക്ഷീണമായ യത്നവും അവക്കു് അനുപേക്ഷണീയമാണു്. "ഉത്സാഹിതം പുരുഷസിംഹമുപൈതി ലക്ഷ്മീ" എന്നുണ്ടല്ലോ അഭിജ്ഞവചനം.

സത്യത്തിന്റെ പ്രകാശവും നീതിയുടെ മാറ്റും കത്തോലിക്കായുവജനങ്ങൾക്കുള്ളതാണു്. മറ്റുള്ളവരോടു് ക്രിസ്തുവിനെക്കുറിച്ചു പറയാനും, സ്വന്തം ജീവിതത്തിൽ നിന്നു ക്രിസ്തുവിനെ കാണിച്ചുകൊടുക്കാനും, അവക്കു കഴിയണം. ലോകത്തിലെ അസ്വസ്ഥതകൾക്കു നടുവിൽ ആശ്വാസത്തിന്റെ ശബ്ദം ഉയർത്തേണ്ടതും അവരാണു്. അചഞ്ചലമായ ക്രിസ്തീയ വീക്ഷണമാണു് പ്രശ്നങ്ങൾക്കുള്ള പോംവഴി. എന്നാൽ മുന്തിയ തലമുറക്കാർ ഈ വിഷയത്തിന്റെ ഗൗരവത്തേക്കുറിച്ചു് എത്ര മാത്രം അവഗാഹമായി ചിന്തിച്ചിട്ടുണ്ടു്? പിന്നാലെ വരുന്നവർ, തങ്ങൾ സഞ്ചരിച്ച മാർഗ്ഗത്തെയാണോ അവലംബമാക്കിയിട്ടുള്ളതെന്നു് അന്വേഷിയ്ക്കുവാൻ അവർ എത്രമാത്രം തല്പരരാണു്? യുവതലമുറ അനുകാമിനരാകുന്ന അപമിത സാഹചര്യം ഉണ്ടാകാതിരിക്കാൻ ആരേയുംകാളധികം അവർ ശ്രദ്ധിയ്ക്കുകതന്നെ വേണം.

'ക്രിസ്തുവിനെ കാട്ടിത്തരിക' എന്നു് ലോകം വിലപിയ്ക്കുകയാണിന്നു്. കത്തോലിക്കാ യുവജനങ്ങൾക്കിതു കേൾയുമോ? സംഘടിതമായൊരു യത്നം എന്നത്തേക്കാളുമധികം ഈ കാലഘട്ടത്തിൽ അനിവാര്യമാണെന്നു വന്നിരിക്കുന്നു. അതേക്കുറിച്ചു ചിന്തിക്കുമ്പോൾ വിപുലമായൊരു കത്തോലിക്കായുവജനപ്രസ്ഥാനത്തിന്റെ അനുപേക്ഷണീയത ആരും തുറന്നസമ്മതിയ്ക്കും. ആത്മീയകാര്യങ്ങളിൽ മാത്രമല്ല, ബാഹ്യലോകവുമായി എല്ലാ രംഗങ്ങളിലും മെച്ചപ്പെട്ട ബന്ധങ്ങൾ ഉടനുവൻ അതു സഹായകമാണു്. സ്വന്തമായ ജീവിത ദർശനത്തിന്റെ മൂല്യങ്ങൾ അഭിമുഖീകരിയ്ക്കപ്പെട്ടവരാണു തങ്ങളെന്നുള്ള അഭിശാപം കത്തോലിക്കാ യുവജനങ്ങളുടെമേൽ നിപതിയ്ക്കാതിരിയ്ക്കട്ടെ.

Phone No. 2266

ഗ്രീൻസ്റ്റോഴ്സ്.

കെ. കെ. റോഡ്, കോട്ടയം

(Prop: Oommer Ismail Sait)

എല്ലാത്തരം ജവുളികൾക്കും ഞങ്ങളെ സമീപിക്കുക.

Authorised Dealers For:—

"EVEREST & PINE SEWING MACHINES"

ചെറുകഥ

"പ്രതികാരം."

(ടി. കെ. കുര്യൻ, അരണാട്ടുകര)

"മറിയാമ്മേ!"

തിണ്ണയിലിരുന്ന ഔസേച്ചപ്പൻ വിളിച്ചു. ആ ശബ്ദം ഇടറിയിരുന്നു. വിഷാദാത്മകവുമായിരുന്നു.

ഏങ്ങൽ മാത്രമാണതിനു മറുപടി കിട്ടിയതു്.

"നീ ഇങ്ങനെ എത്രനേരം ഇരിക്കും മോളേ!"



T. K. Kurian

പിന്നെയും മറുപടി കിട്ടിയില്ല. എങ്കിലും ഔസേപ്പച്ചൻ ഓരോന്നു ചോദിച്ചുകൊണ്ടേ ഇരുന്നു.

മറിയാമ്മ എങ്ങിനെ കരയാതിരിക്കും!

അമ്മ മരിച്ചതു് അവളുടെ ഓർമ്മകളിൽ ഒരു നേരിയ നിഴൽ മാത്രമാണു്. സ്നേഹമൂർത്തികളായ അപ്പനും ആങ്ങളെയും ചേർന്നാണു് അവളെ വളർത്തിയതു്. അവരുടെ വാത്സല്യം അവൾക്കു് ആശ്വാസം നൽകി. അമ്മയില്ലാത്ത കോട്ടം അവൾ അനുഭവിച്ചിട്ടില്ല.

അല്ലലറിയാതെ തന്നെ വളർത്താൻ ആ അപ്പനും കൂടപ്പിറപ്പും പാടുപെട്ടു. കാട്ടുമൃഗങ്ങളോടു് അവർ മല്ലടിച്ചിട്ടുണ്ടു്. കാട്ടുകൾ വെട്ടിനിരത്തി കനകം വിളയിച്ചെടുക്കാൻ അവർ തീവ്രയത്നം ചെയ്തിട്ടുണ്ടു്. കാട്ടാറുകൾ തടഞ്ഞുനിർത്തി കൃഷിസ്ഥലങ്ങളിലേക്കു് വെള്ളമെത്തിക്കാൻ അവർ കഠിനാധ്വാനം ചെയ്തിട്ടുണ്ടു്.

മണ്ണിനോടു് മല്ലടിച്ചു് ക്ഷീണിതരായി വീട്ടിലെത്തുന്ന ആ മണ്ണിന്റെ മക്കൾ അവളെ കണ്ട ഉടൻ എല്ലാം മറക്കും. അവളുടെ അരിപ്പല്ലുകൾ വിരിയുമ്പോൾ ആ അദ്ധ്വാനശീലർ സപ്തർഷിതോളം ഉയരും. അവൾക്കുവേണ്ടി സർവ്വവും ത്യജിക്കുവാൻ ഒരിങ്ങിയിട്ടുള്ളവരാണു് ആ പിതാവും സഹോദരനുമെന്നവൾ മനസ്സിലാക്കിയിട്ടുണ്ടു്. രണ്ടാം വിവാഹത്തിനു് പിതാവു് മുതിരാഞ്ഞതു് തനിക്കുവേണ്ടിയാണെന്നു് അവൾക്കറിക്കാം. ആങ്ങള കല്യാണം കഴിക്കാതിരിക്കുന്നതിന്റെ രഹസ്യവും അതാണു്. അതിനൊക്കെ പഠിച്ച സന്ദർഭങ്ങൾ എത്രതവണ ഉണ്ടായതാണു്.

പട്ടണത്തിലെ പച്ചപ്പരിഷ്ക്കാരികളുടെ വിശാലബുദ്ധി വൈഭവമൊന്നും അവൾക്കില്ല. എങ്കിലും, ഈവക കാര്യങ്ങൾ ആ മലയിടുക്കിലെ ജീവിതം കൊണ്ടു് അവൾ മനസ്സിലാക്കിയിരുന്നു.

കഴിഞ്ഞുപോയ കാലത്തിന്റെ ഓർമ്മകൾ മനസ്സിൽ പൊന്തിവരുംതോറും അവളെങ്ങിനെ കരയാതിരിക്കും! ഔസേപ്പച്ചന്റെ സാന്ത്വനവാക്കുകൾകൊണ്ടും അവൾക്കെങ്ങിനെ സംതൃപ്തി കിട്ടും.

മറിയാമ്മ ഇന്നൊരു കുഞ്ഞല്ല. അവൾ വളർന്നിരിക്കുന്നു. കണ്ടാൽ കൊതിക്കുന്ന ശരീരപ്രകൃതി. നിറം അത്ര വെളുപ്പൊന്നുമല്ല. വിസ്താരമായ നെറ്റിത്തടവും മാംസളമായ വദനവും. നീളം കൂടിയ നാസിക. കഥപറയുന്ന കണ്ണുകൾ. ചുളിവുകളുള്ള തലമുടി പിന്നിയിട്ടതു് നിണ്ട കിടക്കും. നടക്കുമ്പോൾ ആ നീണ്ട വാൽ നാഴികമണിയുടെ നാക്കുപോലെ അങ്ങോട്ടുമിങ്ങോട്ടും ആടിക്കൊണ്ടിരിക്കും. വേഗത്തിലവൾ നടക്കാറില്ല. ഒരു പ്രത്യേകനടപ്പു്. അതിനുമുണ്ടൊരഴകു്. പ്രകൃതി അറിഞ്ഞുകൊടുത്ത സൌന്ദര്യം. അങ്ങിനെ ചേറിലെ ചെന്താമരപോലെ അവൾ വളരുകയാണു്.

പുരനിറഞ്ഞുനില്ക്കുന്ന മകളെ കാണുമ്പോൾ കുട്ടിച്ചേട്ടനു് ഒരു വല്ലായ്മ. അയാൾ അയൽവാസിയായ ഔസേപ്പച്ചനോടു് അക്കാര്യം പലവട്ടം പറഞ്ഞിട്ടുണ്ടു്. അവളെ കെട്ടിച്ചയച്ചാൽ നാഴി അരിയിട്ടു തിളപ്പിക്കാൻ പിന്നെ ആരാണു്—തോമ്മാച്ചനെക്കൊണ്ടു് പെണ്ണുകെട്ടിക്കാമെന്നാണു് ഔസേപ്പച്ചൻ ഉപദേശിക്കുക. മറിയാമ്മയെ മൻസ്സിന്നിണങ്ങിയ ഒരുവനു് ഏല്പിച്ചിട്ടാകാമെന്നാണു് അവന്റെ ശാഠ്യം. കാരണവന്മാരായ ആ നല്ല അയല്ക്കാർ ഈ പ്രശ്നത്തിനു് പരിഹാരം കാണാതെ പരസ്പരം വർത്തമാനം പറഞ്ഞു പിരിയും.

സൌന്ദര്യവതിയായ പെങ്ങളെ കാണുമ്പോൾ തോമ്മാച്ചൻ അഭിമാനം കൊള്ളും. പക്ഷേ, പഠിച്ച ഒരു വരനെ കാണുന്നില്ലല്ലോ എന്നോർത്തു് അവനും വേദനിക്കാറുണ്ടു്. ചില ആലോചനങ്ങൾ വന്നതൊന്നും അവനു് തൃപ്തിപ്പെട്ടിട്ടില്ല. തൃപ്തിപ്പെട്ടവർ തേടുന്നതു് പഠിച്ചപെണ്ണിനെയാണു്.

"അടക്കവും, ഒതുക്കവും അനുസരണവും അവളെ പഠിപ്പിച്ചിട്ടുണ്ടു്. കുടിപ്പള്ളിക്കൂടത്തിലെ അക്ഷരവിദ്യയും അവൾക്കുണ്ടു്. പണിയെടുത്തു് ജീവിക്കാൻ ഒരുക്കമുള്ളവളാണവൾ. പിന്നെ കസാലയിൽ കയറിയിരുത്താനുള്ളവളൊന്നുമല്ല എന്റെ പെങ്ങൾ"

"പെണ്ണു് എത്രവരെ പഠിച്ചു?" ഈ ചോദ്യം ഉയർന്നവക്കു് തോമ്മാച്ചൻ കൊടുക്കാറുള്ള മുട്ടമറുപടിയാണിതു്.

ഈ കേൾക്കുമ്പോൾ തന്നെ ചോദ്യമുന്നയിച്ചവർ നെറിചുളിക്കും. എന്നിട്ടിറങ്ങിപ്പോകും.

കുട്ടിച്ചേട്ടൻ ഇക്കാര്യത്തിനു് മകനെ ശകാരിച്ചിട്ടുണ്ടു്. എന്നാലും അവൻ അഭിമാനത്തോടെയാണു് അങ്ങിനെ പറയാറു്.

കാരണവന്മാരുടെ ബുദ്ധിമുട്ടുകൾ മറിയാമ്മയെ അലട്ടിയിരുന്നു. അവരുടെ വിഷമങ്ങൾക്കു് ഒരന്ത്യം വരണമെങ്കിൽ താൻ ഒരന്തസ്സിൽ എത്തണമെന്നു് മറിയാമ്മ മനസ്സിലാക്കിയിട്ടുണ്ടു്. തനിക്കുവേണ്ടി ആ അദ്ധ്വാനശീലർ എന്തിനും ഒരുക്കമാണെന്നു് അവൾക്കറിയാം. അവരുടെ വിയർപ്പുകൊണ്ടു് വിതാനിച്ച ആ പുരയിടവും പാടവും സ്വാധീനമായി നൽകുമെന്നു് അവർ നിസ്സങ്കോചം വാഗ്ദാനം ചെയ്തിട്ടുള്ളതു് എത്രതവണ കേട്ടിട്ടുള്ളവളാണവൾ

ഓർമ്മകൾ ഒന്നിനു പുറകെ ഒന്നായിവന്നപ്പോൾ അവൾക്കു് പൊട്ടിക്കരയണമെന്നു തോന്നി. വേദന ഉള്ളിലൊതുക്കാൻ അവൾ ശ്രമിക്കാഞ്ഞിട്ടല്ല, തടയാൻ കഴിഞ്ഞില്ലെന്നു മാത്രം. എത്ര പണിപ്പെട്ടിട്ടും ആ ഏങ്ങൽസ്വരം പിന്നെയും പുറത്തുവന്നു. ഔസേപ്പച്ചന്റെ ചോദ്യങ്ങളാരാഞ്ഞും കേൾക്കാനവൾക്കു് കഴിഞ്ഞില്ല.

X X X X X

കല്യാണം സമ്മതം മൂളിയ ദിവസം! മറിയാമ്മ ആനന്ദനിർവൃതിയടഞ്ഞു. അവളുടെ ആങ്ങളയുടെ ആമോദത്തിനു അതിരില്ലായിരുന്നു. അപ്പൻ സന്തോഷാശ്രുക്കൾ പൊഴിച്ചു.

മലയോരത്തെ എസ്റ്റേറ്റുതാമസക്കാരെയും വിവാഹസദ്യക്കു്

ക്ഷണിക്കണമെന്ന് ആങ്ങള പറഞ്ഞിരുന്നതാണ്. ആ സുദിനത്തെ സപനം കണ്ടുകൊണ്ട് മറിയാമ്മ നാളുകൾ തള്ളി നീക്കുകയായിരുന്നു.

ആ ആകാശക്കോട്ടകളെല്ലാം തകർത്തുകൊണ്ട് അപ്രതീക്ഷിതമായിട്ടാണ് അതു് സംഭവിച്ചതു്.

അപ്പോളെങ്ങിനെ കരയാതിരിക്കും!

അവളെങ്ങിനെ ഭക്ഷണം കഴിക്കും!

ഓർക്കും തോറും അവൾക്കു വിങ്ങിപ്പൊട്ടലുണ്ടായി. കരളിൽ സൂചികൊണ്ടു കുത്തുന്ന വേദന.

രാക്കിളികൾ കിലുകിലാരവം മുഴക്കുന്നു. മാനത്തിന്റെശോണിമകലർന്ന മുഖം കരിക്കട്ടനിറത്തിലേക്കു മാറിക്കൊണ്ടിരുന്നു. ചീവീടുകൾ ശബ്ദിച്ചുതുടങ്ങി. അങ്ങകലെ പട്ടികൾ മോങ്ങുന്നതു കേൾക്കാം. കർഷകകാവൽക്കാർ ഉച്ചത്തിൽ കൂവിക്കൊണ്ടിരുന്നു. കാട്ടുകൃഷികൾ നാശമാക്കാനെത്തുന്ന വന്യമൃഗങ്ങൾ കൂട്ടത്തോടെ പാഞ്ഞുപോകുന്നു. കരിങ്കല്ലുകളിൽ തട്ടി അലച്ചു് താളമേളങ്ങളുണ്ടാക്കി ധൃതി വെച്ചു് കാട്ടാർ ഒഴുകുന്നുണ്ട്.

ഈ ബഹളങ്ങൾക്കിടയിൽ രണ്ടു മനുഷ്യജീവികളുടെ ഗൽഗദഗാനം അലിഞ്ഞു ചേർന്നു. പ്രകൃതിപോലും അതു് ശ്രദ്ധിക്കുന്നില്ലെന്നവന്നു.

"ഇതെന്തോ ഇരിപ്പാ"

ഒരു തങ്കരഥിമ്മിനിയുമായി കയറിവന്ന ഏല്യാമ്മയാണതു് ചോദിച്ചതു്. അല്പം അധികാരം ആ സ്വരത്തിൽ കലർന്നിരുന്നു. അവിടെ കൂട്ടംപിടിച്ചു നിന്ന മുകതക്കു് അങ്ങനെ ഒരന്യായം വന്നു.

"ഈ പെങ്കൊച്ചിനെ ഒറ്റക്കിട്ടുംവച്ചു് എങ്ങനെ പോരാനാ"

ഔസേപ്പച്ചൻ ഉത്തരം നല്കി.

"അവളേം കൂട്ടിക്കൊണ്ടു പോരാമെന്നും പറഞ്ഞല്യോ ഇങ്ങോട്ടു പോന്നേ"

ഏല്യാമ്മ കുറ്റമാരോപിച്ചു.

"സംഗതി ശരിയാ— കുഞ്ഞാണെങ്കിൽ എടുത്തുകൊണ്ടു പോരാമായിരുന്നു."

ഔസേപ്പച്ചൻ തന്റെ നിസ്സഹായാവസ്ഥ വെളിപ്പെടുത്തി

"എങ്ങനെയിനി ഒരു വിളക്കെങ്കിലും കൊളുത്താൻ മേലായിരുന്നോ". പെങ്കൊച്ചു് എന്തെടുക്കുവാ"

സംസാരിച്ചുകൊണ്ടുതന്നെ ഏല്യാമ്മ അകത്തുകടന്നു.

ഒരു പഴംപായിൽതലകുനിച്ചിരുന്നു് വിതുമ്പിക്കൊണ്ടിരുന്ന മറിയാമ്മ ഏല്യാമ്മച്ചേടത്തിയെ കണ്ടതോടെ പൊട്ടിക്കരഞ്ഞുപോയി.

അവരെ ആശ്വസിപ്പിക്കുവാൻ ആ നല്ല അൽക്കാരി നന്നേ പാടുപെട്ടു.

"അപ്പനും അങ്ങളേം അവർ തല്ലിക്കൊന്ന കാണേപോചേടത്തീ"

"ഇല്ലമ്മോളേ, നീ ഒന്നു സങ്കടപ്പെടാതിരിക്കു്. അവരിപ്പം ചത്തും"

"നമുക്കു് അങ്ങോട്ടു പോകാം"— ഏല്യാമ്മ ഭർത്താവിനോടായി പറഞ്ഞു.

ഔസേപ്പച്ചൻ വീടിന്റെ കതകുകളെല്ലാം ഭദ്രമായി അടച്ചു. എന്നിട്ടയാൾ വിളക്കുമേന്തി നടന്നു. മറിയാമ്മയെ താങ്ങിപ്പിടിച്ചുകൊണ്ടു് പുറകെ ഏലിയാമ്മയും.

ഇരുട്ടു വ്യാപിക്കുംതോറും ഔസേപ്പച്ചനു് ആധിയായി. കൂട്ടിച്ചേട്ടനും തോമ്മാച്ചനും രാത്രിയാവുംമുമ്പു് തിരിച്ചെത്തുമെന്നായിരുന്നു. അയാളുടെ പ്രതീക്ഷ. അതെല്ലാം അസ്തമിച്ചിരിക്കുന്നു. അയാൾ പുറം തിണ്ണയിൽ ഏകനായി ഇരിക്കുകയാണു്. എന്തെങ്കിലും അനക്കം കേട്ടാൽ ആശ്വാസത്തോടെ അയാൾ കണ്ണുകൾ വട്ടം പിടിച്ചുനോക്കും. പക്ഷെ, നിരാശയോടുകൂടി പിന്നീടു തലചരിക്കും.

ഏലിയാമ്മയുടെ സ്വാന്തനവാക്കുകൾ കേട്ടുകേട്ടു് പാവം മറിയാമ്മ മയങ്ങിപ്പോയി. അത്താഴമുണ്ണാൻ അവൾ കൂട്ടാക്കിയില്ല.

ചാറിക്കൊണ്ടിരുന്ന മഴക്കു് ശക്തികൂടി. ഔസേപ്പച്ചൻ തിണ്ണയിൽ നിന്നും അകത്തേക്കു കടന്നു. മയങ്ങിക്കിടക്കുന്ന മറിയാമ്മയെ കണ്ടപ്പോൾ അയാൾക്കു് അടക്കാനാവാത്ത സങ്കടമുണ്ടായി.

"നിങ്ങളുമിങ്ങനെ തുടങ്ങിയാലു്" ഏല്യാമ്മ ചോദിച്ചു.

ഔസേപ്പച്ചൻ— "ഹൃദയമുള്ളോരൊക്കെ അങ്ങനയാ"

:"അപ്പോ എനിക്കു് ഹൃദയമില്ലെന്നാണോ"

"അല്ല; നിനക്കു ഹൃദയം രണ്ടല്ലേ"

"ഇപ്പോഴും തമാശപറയുകയാ"

"ഇതെന്തൊരു കൂത്താ" കരയാനും തമാശക്കും സമ്മതിക്കില്ലാന്നു വെച്ചാൽ....?

"അല്ലാ എത്രകൂറത്തിനാ ഇപ്പോ അവരെ ഈ പോലീസ്സുകാരു് കൊണ്ടുപോയിരിക്കുന്നേ....'

'അപ്പോ, നിനക്കു് ഇതൊന്നും മനസ്സിലായില്ലേ'

ഇല്ലാഞ്ഞിട്ടല്ലേ ഈ ചോദിക്കുന്നേ'

'നമ്മുടേം ഗതി ഇതുതന്നെയാ'

'ആ.... പിന്നേം.... തമാശാ'

'ഞാൻ ഒള്ളതു് പറയുവാ'

'കാര്യം ഒന്നു് വിവരിച്ചു പറയാൻ വയ്യേ'

ഏല്യാമ്മേ! നമ്മുടെ ഈ കുടിയിരിപ്പെല്ലാം സർക്കാരിന്നു് ഏറ്റെടുക്കാൻ പോവാന്നു"

ഏ.... അപ്പോ നമ്മളൊക്കെ എങ്ങോട്ടു പോവാനാ'

എവിടെ പോയാലും സക്കാരിന്നു് വിരോധമില്ല. അയ്യോ ഈ പാടുപെട്ടതൊക്കെ— അതെല്ലാം പോലീസ്സ് നശിപ്പിക്കും.

അതു് ഈ ഏല്യാമ്മയോടു് പറയുകേല.

എന്നാ പിന്നെ കൂട്ടിച്ചേട്ടനേം തോമ്മാച്ചനേം ഗതി തന്നെ നമുക്കും.

ഒരു മോട്ടോർവാഹനത്തിന്റെ ചീറൽ സ്വരമാണു് അവരെ പിടഞ്ഞെഴുന്നേൽപ്പിക്കാൻ നിർബ്ബന്ധിച്ചതു്. പോലീസ്സുവാൻ. ആയുധധാരികളായ ഏതാനും പേർ അതിൽ നിന്നുമിറങ്ങി. ഇടംവലം നോക്കാതെ അവരെല്ലാം കൂട്ടിച്ചേട്ടന്റെ അടച്ചുകിടന്ന വീട്ടിലേക്കു് ഓടിക്കയറി.

വിവരമറിയാൻ ഔസേപ്പച്ചൻ അങ്ങോട്ടു ചെന്നു. പുറകെ ഏല്യാമ്മയും.

അത്യുത്സാഹം ചെയ്തു് മിനുങ്ങിത്തുടുത്ത ആ കൊച്ചുവീടു് അവർ താറുമാറാക്കി.

ഔസേപ്പച്ചനും ഏല്യാമ്മയും പോലീസ്സിന്റെ ആ ഹീന കൃത്യങ്ങൾക്കു് മൂകരായിനിന്നു് സാക്ഷ്യം വഹിച്ചു.

ബഹളം കേട്ടുകൊണ്ടാണു് മറിയാമ്മ എഴുന്നേറ്റതു്. അവളോടി, അവളുടെ പ്രിയപ്പെട്ട വീടിനെ ലക്ഷ്യമാക്കി. അപ്പനും അങ്ങളയും പാടുപെട്ടു് പടുത്തുയർത്തിയ ആ വീട്ടിലേക്കു്— താൻ പെറ്റുവീണ ആ പാർപ്പിടത്തിലേക്കു്.

അവിടെ ആ കിരാതന്മാർ കാട്ടിക്കൂട്ടിയ വിക്രിയകൾ കണ്ടു നില്ക്കാൻ അവൾക്കു് കഴിഞ്ഞില്ല. അവളുടെ ഹൃദയം പിടഞ്ഞു. ആ ചെന്നായ്ക്കൂട്ടത്തിലേക്കവൾ ചാടിവീണു.

'തൊട്ടുപോകരുതു്" അവൾ ഗർജ്ജിച്ചു. പോലീസ്സുകാർ ആ ശബ്ദംകേട്ടു മിഴിച്ചുനിന്നു. തങ്ങളുടെ ജോലികർക്കശ വിഘ്നം വരുത്താനെത്തിയ ആ പെൺകൊടിയെ അവർ തുറിച്ചുനോക്കി.

'ഇങ്ങോട്ടുപോരെ മോളെ' ഔസേപ്പച്ചനും ഏല്യാമ്മയും ഒന്നിച്ചുപറഞ്ഞു. അവളതു് കേട്ടതായി നടിച്ചില്ല. പോലീസ്സുകാർ അവളെ തട്ടിമാറ്റി. മറിയാമ്മയുടെ തല ചുമരിലടി

ആശയക്കുഴപ്പങ്ങൾ.

(അന്നാമ്മ മാമ്മൻ)

എ. കെ. സി. സി. ബുള്ളറ്റിൻ 1963 ജൂൺലക്കം മാത്രമേ എന്റെ ദൃഷ്ടിയിൽ പെട്ടിട്ടുള്ളൂ. അതിൽ ആദരാഞ്ജലിയും പരിശുദ്ധ പിതാക്കന്മാരുടെ ചിത്രങ്ങളും അഭിവന്ദ്യതിരുമേനിമാരുടെ പഴയ സന്ദേശങ്ങളും മറ്റും കാണുന്നുണ്ട്. എങ്കിലും അതിന്റെ എല്ലാം പുറകിൽ മത്സരമനോഭാവമുണ്ടോ എന്നു സന്ദേഹിക്കേണ്ടിയിരിക്കുന്നു - കത്തോലിക്കാ കോൺഗ്രസിന്റെ ആദ്ധ്യാത്മികാദ്ധ്യക്ഷൻ ഒരു വന്ദ്യവൈദികവര്യനാണെന്നു വിസ്മരിക്കുന്നില്ല.

അത്മായക്ക് സ്വതന്ത്രമായ ഒരു പ്രസിദ്ധീകരണം ആവശ്യമെന്നു സമർത്ഥിക്കുന്നതിനു ഒരു ബുദ്ധിജീവി നൽകിയിട്ടുള്ള യുക്തികൾ (പേജ് 7-8) ചിന്താക്കുഴപ്പങ്ങളുണ്ടാക്കുന്നു. വൈദികരുടെ നിയന്ത്രണത്തിലല്ലാത്ത ഒരു പ്രസിദ്ധീകരണം ആദർശപരമായി പരക്കെ അംഗീകരിക്കപ്പെട്ടതാണോ? വ്യക്തിപരമായ നിഗമനങ്ങൾ ഐകകണ്ഠ്യമുള്ളവയായിരിക്കയില്ലല്ലൊ- തനതു തീരുമാനം സാമൂഹ്യകാര്യങ്ങൾക്ക് പര്യാപ്തമോ? "മാർപ്പയിസ് തിരുമേനി പറഞ്ഞ കാര്യം" അകത്തോലിക്കരും അക്രൈസ്തവർപോലും വായിക്കാനിടയുള്ള ഈദൃശപ്രസിദ്ധീകരണങ്ങളിൽ ഉദ്ധരിച്ചതു് ആക്ഷേപാർഹമല്ലേ? വൈദികരെ ഭീഷണിപ്പെടുത്തി നന്നാക്കാനുള്ള ഒരു പ്രവണത ക്രിസ്തീയ ഉപവിയുടെതാണോ?

അതുപോലെ "ശ്രദ്ധിക്കേണ്ട കാര്യങ്ങൾ" (പേജ് 14-15) ചിലക്കു ഉത്പ്രനിടയാക്കുന്നുണ്ട്. ഏതാനും ഉദാഹരണങ്ങൾ മാത്രം ഉദ്ധരിക്കാം-

1 വിലങ്ങുതടികൾ എന്തായാലും സ്നേഹസൗമനസ്യസമീപനംകൊണ്ടു ലഘൂകരിക്കുന്നതാണു് എടുത്തുമാറ്റുന്നതിനേക്കാൾ നന്നു്.

2 വൈദികവൃത്തിക്കു് കൂട്ടുതലാളുകളെ ആവശ്യമുള്ള ഇക്കാലത്തു ദൈവവിളിയുള്ളവരെ തടയാനിടയാക്കരുതു്. പൂർവചരിത്രം പാവനമല്ലാതിരുന്ന അപൂർവം ചിലരെങ്കിലും പിന്നീടു പരിശുദ്ധന്മാരായി പരിശോഭിച്ചിട്ടില്ലേ? അനേതു സുഖസൗകര്യങ്ങൾ പരിത്യജിച്ചു് പാവപ്പെട്ട ആശ്രിതരെ സഹായിക്കുന്ന വൈദികരെ തടയേണ്ടതുണ്ടോ?

3 തക്ക യോഗ്യതയും കഴിവും സാമൂഹ്യനിലയുമുള്ളവരുടെ സംസ്കാരചടങ്ങുകൾക്കു് കൂട്ടുതൽ വൈദികരെ ക്ഷണിക്കുന്ന നല്ല വഴക്കം നിരുത്സാഹപ്പെടുത്തേണ്ടതാണോ? വൈദികരുടെ പ്രസംഗങ്ങളിൽ മാത്രമല്ല, സംസാരത്തിന്റെകൂടെ വേദവാക്യങ്ങൾ അവ

ച്ചു. അവൾ മറിഞ്ഞുവീണു. അവളുടെ നെറ്റിയിൽ നിന്നും ചോരയൊലിച്ചു.

ഷാടി എഴുന്നേറ്റു അവൾ ഒരു പോലീസുകാരനെ പിടിച്ചുതള്ളി.

കോപം മൂത്ത അയാൾ അധികമൊന്നും ചെയ്തില്ല. പുറകു തി കൊളുത്തി.

തി കണ്ടതോടെ പോലീസുകാർ ഓരോരുത്തരായി വാനിലേക്കോടി. ആ മോട്ടോർവാഹനം പാഞ്ഞുപോയി, കാട്ടുവഴിയിലൂടെ.

മറിയാമ്മ തി കെടുത്താൻ പരിശ്രമിച്ചു. ഔസേപ്പച്ചനും ഏലിയാമ്മയും അവളെ ആവുംവിധം സഹായിച്ചുകൊണ്ടിരുന്നു. പ്രകൃതിപൊഴിച്ച കണ്ണീരിന്റെ ശക്തികൊണ്ട് അവർ ആ യത്നത്തിൽ ഒരുവിധം വിജയിച്ചു. വീടിന്റെ ഒരു വശത്തിനുമാത്രമേ കേടുപറ്റിയുള്ളൂ. പക്ഷെ, വീട്ടുസാമാനങ്ങൾ മിക്കതും നശിച്ചിരുന്നു. അതു് ആ കിരാതന്മാരുടെ പേക്രൂത്തുകൾ കൊണ്ടുണ്ടായതാണു്.

വികാരത്തിനു് ചൂടുകുറഞ്ഞപ്പോഴാണു് മറിയാമ്മക്കു് നെറ്റിയിലെ വേദന അനുഭവപ്പെട്ടതു്. അവൾ തടവിനോക്കി. അപ്പോഴും ചോര ഒലിച്ചുകൊണ്ടിരുന്നു. ഏല്യാമ്മ അവളുടെ മുറിവുകൾ കെട്ടിക്കൊടുത്തു.

ആ കാളരാത്രി അവസാനിച്ചുകിട്ടാൻ അവർ ആശിച്ചു. നേരം പരുപരാ വെളുത്തപ്പോൾ ഔസേപ്പച്ചൻ പട്ടണത്തിൽ പോയി. ഒരു വക്കീലിന്റെ സഹായത്തോടെ അയാൾ കുട്ടിച്ചട്ടനേയും തോമ്മാച്ചനേയും ജാമ്യത്തിൽ ഇറക്കി.

തലേന്നു് രാത്രിയിലുണ്ടായ സംഭവങ്ങൾ തോമ്മാച്ചനെ വിറുകൊള്ളിച്ചു. അവൻ അലറി: "എന്റെ പെങ്ങളുടെ ഓരോരുള്ളി ചോരയ്ക്കും പകരംവീട്ടും."

അവൻ ഓടുകയായി. എന്താണതിനു പോംവഴി? മണ്ണിന്റെ മക്കൾ ഒന്നിക്കണം. ഓരുക്കെട്ടായി അവർ അണിനിരക്കണം. ഒന്നിച്ചലറണം. അതിന്റെ മാറ്റൊലി ഒരാറാംമുതൽ മറേറാരാറംവരെ പ്രതിധ്വനിക്കണം.

വീട്ടിലെത്തിയ കുട്ടിച്ചേട്ടൻ മകളെ കണ്ടപ്പോൾ പൊട്ടിക്കരഞ്ഞുപോയി.

കണ്ണിലുണ്ണിയായി വളർത്തിയ കൂടപ്പിറപ്പിനെ കണ്ടപ്പോൾ തോമ്മാച്ചേട്ടന്റെ യുവരക്തം തിളച്ചു. അവൻ അവളെ തലോടി. അവളുടെ നെറ്റിയിലെ മുറിവു് അവൻ കെട്ടഴിച്ചുകണ്ടു. വേദന കൊണ്ടവൾ പുളഞ്ഞപ്പോൾ അവന്റെ ഹൃദയം നീറി.

"ഇതിനു് പ്രതികാരം ചോദിക്കണം." തോമ്മാച്ചന്റെ മനസ്സു് മന്ത്രിച്ചു.

ആ മലഞ്ചെരിവിന്റെ നാലു ചുറ്റും പാർക്കുന്ന കർഷകരെ തോമ്മാച്ചൻ സംഘടിപ്പിച്ചു. അതിനു വേണ്ടി അവൻ ഭഗീരഥ പ്രയത്നം ചെയ്തു. കാര്യമറിയാത്തവരെ പറഞ്ഞു മനസ്സിലാക്കി. അവന്റെ നേതൃത്വം അവർക്കു ഒരു നവോന്മേഷം നൽകി. അവന്റെ ധീരത അവരെ ഭയരഹിതരാക്കി. അവന്റെ ആത്മാർത്ഥത അവരെ ഹൃദയവിശാലരാക്കി.

ആ മണ്ണിന്റെ മക്കൾ ഒന്നിച്ചലറി.

"ഞങ്ങളുടെ പ്രയത്നങ്ങൾക്കു് പ്രതിഫലം കിട്ടണം"

ഭരണാധികാരികൾ ആ സംഘടിത ശബ്ദത്തിനു മുൻപിൽ മുട്ടുമടക്കി.

ഭൂമിക്കുപകരം ഭൂമിയും ചമയങ്ങൾക്കുപകരം പണവും നൽകാൻ സർക്കാർ തീരുമാനിച്ചു.

പോലീസ് ആ തീരുമാനം കേട്ടു് അന്തം വിട്ടു് നിന്നു പോയി–

ശ്യം പ്രവഹിക്കണമെന്നതു അനുഷ്ഠാനസ്ഥിതമായ ഒരു നവീകരണാശയമല്ലേ?

5 അപൂർവം ചില പള്ളികളിൽ കൈക്കാരന്മാർ അയോഗ്യമായി പെരുമാറുന്നുണ്ടായിരിക്കും. അതു തടയേണ്ടതുമാണു്. എന്നാൽ അതു പൊതു അപവാദമാക്കരുതു്.

6 ഓരോതിരുക്കർമ്മങ്ങൾക്കുംനേൽകേണ്ട സംഭാവനകളുടെ നിരക്കു നിജപ്പെടുത്തി പ്രസിദ്ധീകരിച്ചിട്ടുണ്ടു്-നിശ്ചിതക്ക യാതൊരു പള്ളികർമ്മങ്ങൾക്കും പണം കൊടുക്കേണ്ടതുമില്ല. തനതു് പ്രൗഢിക്കുവേണ്ടി കടം വാങ്ങി കഴിവിലപ്പുറം ചെലവാക്കുന്നവർക്കും പള്ളി പരിഹാരം ചെയ്യണമോ?

7 മൂഢവിശ്വാസങ്ങളെ പുലർത്തുന്നതിനല്ല, പരിഹരിക്കുന്നതിനാണു തിരുസ്സഭ നിലനിൽക്കുന്നതു്. കല്പനകളും ഉപദേശങ്ങളും അവഗണിച്ചു സ്വയം നശിക്കുന്നവർ പ്രത്യേക പരിഗണന അർഹിക്കുന്നുണ്ടോ?

9-10 സാന്മാർഗ്ഗിക ബലഹീനതയുള്ളവരെ നന്നാക്കിയെടുക്കുന്നതിനു സൊഡാലിറ്റി, ലീജിയൻ ഓഫ് മേരി, ഫ്രാൻസിസ്കൻ മൂന്നാംസഭമുതലായ ഭക്തസംഘടനകൾ യാവൽഹൃദ്യം യത്നിക്കുന്നുണ്ടു്-

11-12 വൻപിച്ച നിക്ഷേപങ്ങളില്ലാത്ത പള്ളികൾക്കു അഗതിമന്ദിരങ്ങളും ആതുരാലയങ്ങളും സ്ഥാപിച്ചു സംരക്ഷിക്കാൻ സാധ്യമല്ല. കേരളത്തിൽ തന്നെ ശ്രുതകളുടേയും സന്യാസ സമൂഹങ്ങളുടേയും അപൂർവ്വം ഇടവകകളുടേയും വകയായി പ്രശസ്ത സ്ഥാപനങ്ങളുണ്ടു് അതതു ഇടവകകളിലെ വിൻസൻറ് ഡിപോൾ സംഘടനയെ സുശക്തമാക്കിയാൽ കൂടുതൽ മനോഹരണപ്രവർത്തികൾ ചെയ്യാൻ സാധിക്കും.

13 അടുക്കളജോലി പരിഷ്കരിക്കുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ അകത്തമ്മമാർ സ്വാഗതം ചെയ്യും. അവശക്രിസ്ത്യാനികളോടുള്ള സമീപനം അവഹേളനാർഹമാക്കരുതു്.

16- വിദേശികളുടെ ഔദാര്യത്തെ ചൂഷണം ചെയ്യുന്നവരേയും അമേരിക്കൻ ഭക്ഷ്യസാധനങ്ങൾ ദുരുപയോഗപ്പെടുത്തുന്നവരേയും നിയന്ത്രിക്കേണ്ടതാണു്. എന്നാൽ അതിനുള്ള ആവേശത്തിൽ ദുരപവാദങ്ങൾക്കും ധർമ്മദാനങ്ങളർഹിക്കുന്ന സാധുക്കൾക്കു് സങ്കടത്തിനു ഇടയാക്കരുതു്.

19 കത്തോലിക്ക സ്കൂളുകളെപ്പറ്റിയുള്ള അത്യൽക്കണ്ണു തെറ്റിധാരണാജന്യമത്രെ.

23- 24- കത്തോലിക്കരായ കച്ചവടക്കാരുംബാങ്കുകാരും താരതമ്മേന്യ അയോഗ്യരാണെന്നുള്ള ധ്വനി നിർഭാഗ്യകരമാണു്.

25- സ്ത്രീധനതൃഷ്ണ അധാർമ്മികമാണു്- ഒരു പുതിയ കുടുംബത്തിൻെറ അടിസ്ഥാനത്തിനു സ്ത്രീയുടെ ഭാഗത്തുനിന്നുള്ള സാമ്പത്തിക സഹായം കൂടെ ഉപകരിക്കും. സ്ത്രീയുടെ സംഭാവന അന്യാധീനപ്പെടാതെ നിയന്ത്രണസ്വാതം സുരക്ഷിതമാക്കാം എന്നാൽ അതു എപ്പോഴും സാദ്ധ്യമോ പ്രയോഗക്ഷമമോ ആകയാലും- സ്ത്രീധനം അപഹരിക്കപ്പെട്ട പരിത്യക്തകൾ തോരാകണ്ണുനിരൊഴുക്കുന്നതുമറിയാം- താത്ത്വശനിർഭാഗ്യവതികളെ സംരക്ഷിക്കുന്നതിനു ധർമ്മശീലകളെ ബലപ്പെടുത്തുകയും ഓരോ കേസും അതാതിൻെറ പ്രത്യേകരീതിയിൽ പരിഗണിക്കുകയും വേണം.

29- 30 രാഷ്ട്രീയാദർശങ്ങളിൽ കത്തോലിക്കർക്കു് സുരക്ഷിതമായി സമാശ്രയിക്കാവുന്നതു് വൈദിക നേതൃത്വമായിരിക്കും.

ഇത്തരുണത്തിൽ സമുദായസ്നേഹികളും നേതൃമന്യന്മാരും 1962 ജൂൺ 8 ദീപികയിൽ പ്രസിദ്ധപ്പെടുത്തിട്ടുള്ള "ജ്വലൽപ്രശ്നങ്ങൾ" എന്ന ലേഖനം കൂടെ പരിഗണിക്കുന്നതു് നന്നായിരിക്കും.

മുറ്റത്തെ തൈമുല്ല.

(ജോസഫ് കുരോപ്പട)

പെരുമീനുദിക്കുമ്പോൾ, പുപ്പുഞ്ചിരിയുമേന്തി
ഒരിസ്സൽപോലുംചെറുമാറത്തെവരുത്താതെ
മമമുറ്റത്തായിരം മണമൂറുംപുക്കളെ
വിരിയിസ്സും തൈമുല്ലേ, "നമോവകമായിരം"!

പറഞ്ഞുതന്നിടാമോ? തൈമുല്ലേ,എനിക്കായീ
"പരിശുദ്ധമാംനിൻവെണ്മയുംസൗരഭ്യവും"
സമ്മാനിച്ചതാരാണുവല്ല'ഗന്ധർവ്വനുമോ"?
ഉമ്മവച്ചിടാൻതോന്നുംനിൻപുക്കളെയെപ്പോഴും

മുള്ളില്ല,നിന്നരികിൽകിടക്കും"കരിങ്കല്ലും"
പള്ളികൊള്ളുന്നുണ്ടിതാ, നിൻ പുമ്പൊടിയെല്ലുയാൽ
കണ്ടപൂക്കളിൽപോകുംവണ്ടത്താനുമക്ഷികേം
ഇണ്ടൽതിന്നിട്ടുവാനായ്, നിൻ മുമ്പിലെത്തുന്നിതാ

പുറമേ,നറുംസ്മിതം കാട്ടിട്ടുള്ളിലോമഹാ
കഠിനംകാളകൂടംനിറഞ്ഞോളല്ലിമുല്ല
പീയൂഷംസ്രവിച്ചിട്ട്പോകുന്നഭൃംഗാളികൾ
പാടുന്നുതൈമുല്ലേനിൻഔദാര്യശീലത്തെയും.

ഈവിധംപരന്നായിജീവിതംനയിക്കുന്ന
ത്യാഗിയാമൻതൈമുല്ലേ;നമോവകമായിരം
നിൻെറസമ്പത്താംവെണ്മയുംമോഹനസൗരഭ്യവും
അന്യക്കായ്ദാനംചെയ്യുംതൈമുല്ലേനമോവകം.

പറഞ്ഞുകൊടുക്കുനീസ്നേഹത്തിൻസന്ദേശത്തെ
പരോപകാരംചെയ്യാൻമടിക്കുംലോകത്തിന്നു
ഒരുമാഗ്ഗം'സ്നേഹം'താൻദൈവത്തെകണ്ടെത്തുവാൻ
ധരയിൽമർത്ത്യരെല്ലാമതുസ്വീകരിച്ചെങ്കിൽ!

അൽമായകത്തോലിക്കരും സാമൂഹ്യ പ്രവർത്തനങ്ങളും.

(മാത്യു ജെ. പള്ളിത്താനം)

II

വീരോചിതസുകൃതങ്ങളുടെ പരിശീലനത്താൽ രക്തരഹിതമായി, അനാർഭാടമായി, ക്രിസ്തുവിനു സാക്ഷ്യം നൽകുന്നതിനു് ആധുനികലോകത്തിൽ ഒരു കത്തോലിക്ക സാമൂഹ്യപ്രവർത്തകനു ലഭിക്കുന്ന അനുഗ്രഹീതനിമിഷങ്ങൾ അനവധിയാകുന്നു.

പ്രേക്ഷിതത്വം

സാമൂഹ്യപ്രവർത്തനങ്ങളുടെ പ്രേക്ഷിത സ്വഭാവം സംബന്ധിച്ചു് സഭാമാതാവിന്റെ പ്രബോധനങ്ങളിൽ നമ്മുടെ സാമൂഹ്യപ്രവർത്തകർ എത്രകണ്ടനിഷ്കർഷയുള്ളവരാണെന്നു സന്ദേഹിക്കേണ്ടിയിരിക്കുന്നു. നമ്മുടെ പ്രവർത്തനങ്ങളിൽ പലപ്പോഴും നിഴലിച്ചുകാണുന്ന വൈകല്യങ്ങളുടെയും പരാജയങ്ങളുടെയും പ്രധാന കാരണവും അതുതന്നെയായിരിക്കണം. സാമൂഹ്യപ്രവർത്തനത്തിന്റെ സാങ്കേതികസ്വഭാവം കൂടി മുൻനിർത്തിക്കൊണ്ടു് "കത്തോലിക്കപ്രവർത്തനം സഭയുടെ ദൈവിക പ്രേക്ഷിതത്വത്തിൽ അൽമായരുടെ ഭാഗഭാഗിത്വമാകുന്നു" എന്നു കഴിഞ്ഞ അർദ്ധശതാബ്ദക്കാലമായി നമ്മുടെ സഭാപിതാക്കന്മാർ ഇടയ്ക്കിടെ പഠിപ്പിച്ചുകൊണ്ടാണിരിക്കുന്നതു്.

എല്ലാം ക്രിസ്തുവിൽ പുനരുദ്ഘോഷിക്കുവാൻ നിർദ്ദേശിക്കുകയാൽ കത്തോലിക്കപ്രവർത്തനം ക്രിസ്തുവിന്റെ ബഹുമാനത്തിനും മഹത്വത്തിനുമുള്ള ഒരു യഥാർത്ഥ പ്രേക്ഷിത വൃത്തിയായിരുന്നു എന്നു് വിശുദ്ധ പത്താം പീയൂസ് തിരുമേനിയും (1) ക്രിസ്തുവിന്റെ രാജ്യം വ്യക്തികളിൽ മാത്രമല്ല കുടുംബങ്ങളിലും സമുദായങ്ങളിലും പ്രേരിപ്പിക്കുവാനുള്ള ഒരു സാമൂഹ്യ പ്രേക്ഷിതത്വമാകുന്നു, കത്തോലിക്കപ്രവർത്തനം എന്നു് പതിനൊന്നാം പീയൂസ് തിരുമേനിയും ഉൽബോധിപ്പിക്കുന്നു. (2) അൽമായ പ്രേക്ഷിത സംഘങ്ങളുടെ രണ്ടാം സാർവ്വദേശീയ സമ്മേളനത്തെ സംബോധന ചെയ്തുകൊണ്ടു് പന്ത്രണ്ടാംപീയൂസ് തിരുമേനി നൽകിയ ഉജ്ജ്വലമായ പ്രഭാഷണവും അനുസ്മരണീയമാണു് ലോകം മുഴുവൻ ക്രിസ്തുവിനു പ്രതിഷ്ഠിക്കുക എന്നതു് അൽമായരുടെവിശിഷ്യ സാമൂഹ്യസാമ്പത്തികരംഗങ്ങളിൽ ഉറ്റ സമ്പർക്കമുള്ളവരുടെയും നിയമനിർമ്മാണസഭകളിലും ഭരണകൂടങ്ങളിലും ഭാഗഭാഗിത്വം വഹിക്കുന്നവരുടെയും, പ്രവർത്തിയാകുന്നു എന്നാണു് അവർ പ്രസ്താവിച്ചതു്. (3)

ക്രിസ്തുവിന്റെ പ്രതിരൂപങ്ങൾ

ഈ പ്രേക്ഷിതവൃത്തിയുടെ വിജയകരമായ നിർവ്വഹണത്തിനു് ആവശ്യം ഉണ്ടായിരിക്കേണ്ട യോഗ്യതകളെയും പരിശീലിക്കേണ്ട സുകൃതങ്ങളെയും സംബന്ധിച്ചും വ്യക്തമായ പ്രബോധനങ്ങൾ നമ്മുടെ മുൻപിലുണ്ടു്.

മനുഷ്യഹൃദയങ്ങളെ ദൃഢമായും പക്ഷേ സൗമ്യമായും നീതിയുടെയും സമാധാനത്തിന്റെ നിയമങ്ങൾക്കു വിധേയമാക്കുവാൻ ഏകശക്തമായ ക്രിസ്തുവിന്റെ ഉപവിയിൽ പ്രവർത്തകർ നിറഞ്ഞിരിക്കണമെന്നു് പതിനൊന്നാം പീയൂസ് തിരുമേനി ഉൽബോധിപ്പിച്ചിരിക്കുന്നു. (കാത്രസിമോ അനോ.)ദൈവികമായ പ്രസാദവരം കൂടാതെ ഈ കൃത്യനിർവ്വഹണം സാദ്ധ്യമല്ലെന്നും, ക്രിസ്തുവിനോടു സംയോജിക്കാത്ത ഒരു പ്രേക്ഷിതനു് ആ പ്രസാദവരം ലഭിക്കുന്നില്ലെന്നും, ക്രിസ്തുവിനെ നമ്മിൽതന്നെ രൂപീകരിച്ചു മാത്രമെ കുടുംബങ്ങൾക്കും സമുദായങ്ങൾക്കും അങ്ങയെ നൽകുവാൻ കഴിയൂ എന്നുമാണു് വിശുദ്ധ പത്താപീയൂസ് തിരുമേനി പ്രസ്താവിക്കുന്നതു്. (4)

ക്രിസ്തീയ പൂർണ്ണതയെ പ്രാപിക്കുന്നതിനു വിവി

---

(1) "Catholic action by proposing to restore all things in Christ becomes a real apostolate for the honour and glory of Christ himself-" Enc· Christian Social Action

(2) "Catholic action is in effect a Social apostolate also, in as much as its object is to spread the Kingdom of Jesus Christ not only among individuals but also in families and Societies-" Enc· Divine Redemptoris·

(3) The 'Consecretatioo Mundi' is essentially the work of the layman, of men who are closely involved in economic and social life, and who play a part in Government and legislative assemblies·

(4) To carry it out we must have Divine Grace and the apostle receives none if he is not united with Christ. Only when we have formed Christ in ourselves shall we the more easily give him back to the family and the society— Enc: Christian Social action

ചെറുകഥ

"ദൈവം എത്ര നല്ലവനാണ്."

(തോമസ് പാമ്പാറ, പയസ് മൗണ്ട്)

കുട്ടികൾ ക്ലാസ്സിൽ ബഹളം കൂട്ടിയപ്പോഴും, അയൽക്ലാസ്സിലെ അദ്ധ്യാപകർ നിശബ്ദതയ്ക്കുവേണ്ടി മേശമേൽ തട്ടി സൂചന നൽകിയപ്പോഴും, ക്ലാസ്സുമുറിയുടെ മുമ്പിലുള്ള വരാന്തയിൽകൂടി ഹെഡ്മാസ്റ്റർ സഗൗരവം നടന്നകന്നപ്പോഴും വത്സമ്മറ്റീച്ചർ ആ ഇരിപ്പ് ഇരുന്നതേയുള്ളൂ, തന്റെ വാമകപോലം, മേശമേലൂന്നിയ ഇടതുകൈത്തലത്തിൽ തെല്ലൊന്നിടത്തേയ്ക്കു ചായ്ച്ചു് അവൾ ചിന്താവിഷ്ടയായിരിക്കുകയാണു്. കരഞ്ഞു കരഞ്ഞു് ആ കണ്ണുകൾ ചുവന്നിട്ടുണ്ടു്. ആ കൺപോളകൾ തടിച്ചിട്ടുണ്ടു്. പനിനീർപൂവിനെ വെല്ലുന്ന ആ മൃദുലകപോലതലങ്ങളിൽകൂടെ ഒലിച്ചിറങ്ങുന്ന കണ്ണീർകണങ്ങളെ സാരിത്തുമ്പുകൊണ്ടു് കൂടെക്കൂടെ ഒപ്പിയെടുക്കുന്നു. ആ നെറ്റിത്തടത്തിലേയ്ക്കു് ഉരുണ്ടുപിടച്ചു വീഴുന്ന അനുസരണമില്ലാത്ത അളകങ്ങളെ ഇടയ്ക്കിടയ്ക്കു് പിൻഭാഗത്തേയ്ക്കു് കോതിയൊതുക്കിവയ്ക്കുന്നുണ്ടു്. ഏതോ കനത്ത കദനഭാരം അവളെയിട്ടലട്ടുന്നുണ്ടെന്നു് ആ ശോകച്ഛവിപൂണ്ട മുഖകമലം വ്യക്തമാക്കുന്നു. വാഷികപരീക്ഷയടുത്തിരിക്കുന്ന ഈ അവസരത്തിൽ, ഇതര അദ്ധ്യാപകർ പൊടിപൊടിച്ചു് ക്ലാസ്സെടുക്കുമ്പോൾ അവൾ മാത്രമെന്തേ ഇങ്ങനെ വിഷാദമഗ്നയായിരിപ്പാൻ? ആറുമാസം മുമ്പു് തന്റെ വത്സലപിതാവു് അന്ത്യശ്വാസം വലിച്ചപ്പോൾ, ആ ശവമഞ്ചം ദൈവാലയത്തിലേയ്ക്കു് സംവഹിക്കപ്പെട്ടപ്പോൾ, അവൾക്കിത്രയും സങ്കടമുണ്ടായിരുന്നില്ല; അവളിത്രമാത്രം കരഞ്ഞുമില്ല.

വക്കിച്ചേട്ടന്റെ കനിഷ്ഠപുത്രിയാണു് വത്സമ്മ. പതിനാറാമത്തെ വയസ്സിൽ അവൾ സ്കൂൾഫൈനൽ പാസ്സായി. അതും ഫസ്റ്റ്ക്ലാസ്സിൽ. അദ്ധ്യാപകരിലും, സഹപാഠികളിലും അത്ഭുതം ജനിപ്പിക്കുന്ന അദ്ധ്യാപകനൈപുണ്യവും, സ്വഭാവനൈർമ്മല്യവുമുണ്ടായിരുന്നു അവൾക്കു്. 'വക്കിച്ചേട്ടാ, വത്സമ്മ പഠിക്കുവാൻ സമർത്ഥയാണു്. അവളെ കോളേജിലയച്ചു് പഠിപ്പിക്കണം" അദ്ധ്യാപകരുടെയും, മറ്റു് അഭ്യുദയകാംക്ഷികളുടെയും നിരന്തരമായ നിർബന്ധം നിമിത്തം, സാമ്പത്തികമായി വലിയ കഴിവുകളൊന്നുമില്ലാതിരുന്നിട്ടും ആ വത്സലപിതാവു് മകളെ കോളേജിലയച്ചു അവിടെയും പഠനത്തിൽ ഇതരവിദ്യാർത്ഥിനികളെയെല്ലാം പിന്നിലാക്കിക്കൊണ്ടു് വത്സമ്മ ബിരുദധാരിണിയായിപുറത്തുവന്നു. ആ വർഷം തന്നെ

ധ ഭക്തിമാർഗ്ഗങ്ങൾ ഉണ്ടു്. അങ്ങനെ പൂർണ്ണതയെപ്രാപിക്കുന്ന ഏതൊരു വിശുദ്ധആത്മാവും ഓരോവിധത്തിൽ ക്രിസ്തുവിന്റെ പ്രതിരൂപമാകുന്നു. എങ്കിലും സാമൂഹ്യജീവിതത്തിൽ സമൂഹത്തിന്റെ സുസ്ഥിതിക്കുവേണ്ടി പ്രവർത്തിക്കുന്ന പ്രേഷിതനു് തദനുയോജ്യമായ അനേകം സുകൃതങ്ങളുടെ അഭ്യസനത്തിൽ ക്രിസ്തുവിനോടു് ഐക്യപ്പെട്ടു് അങ്ങയെ സമൂഹത്തിലേക്കു് സംവഹിക്കുവാൻ കഴിയുന്നു. കേവലം ലൗകികമായ വീക്ഷണഗതിയിൽ പോലും ഒരു സാമൂഹ്യപ്രവർത്തകൻ നിഷ്കർഷിക്കേണ്ടതായ എത്രയോ സ്വഭാവചര്യകളും ആചാരമര്യാദകളും ഉണ്ടു്— പ്രവർത്തനങ്ങളുടെ വിജയത്തിനും സ്വന്തം ഭൗതികശ്രേയസ്സിനും അവശ്യം പരിശീലിക്കേണ്ടതായ എത്രയോ സൽഗുണങ്ങൾ ഉണ്ടു്. സ്നേഹം, സഹിഷ്ണുത, വിനയം, നീതിനിഷ്ഠ സത്യസന്ധത, ജീവകാരുണ്യബോധം, ത്യാഗസന്നദ്ധത- -- അങ്ങനെ പലതും. ഒരു കത്തോലിക്കു സാമൂഹ്യപ്രവർത്തകൻ ദൈവീകമായ മഹത്വം മാത്രം ലക്ഷ്യമാക്കി അവ പരിശീലിക്കുമ്പോൾ, അവ അനർഘമായ പ്രസാദവരത്തിന്റെ ഉറവിടങ്ങളായി പരിണമിക്കുകയും, ക്രിസ്തുവിനോടു് ഒന്നിനൊന്നു ഐക്യപ്പെട്ടു് ക്രിസ്തുവിന്റെ പ്രതിരൂപമായിത്തീരുകയും ദൈവീക മഹത്വത്തിനു് ആവശ്യമായ സൽഫലങ്ങൾ യഥാകാലം പുറപ്പെടുവിക്കുകയും ചെയ്യുന്നു.

രക്തസാക്ഷിത്വം

മനുഷ്യാവകാശങ്ങൾ വളരെയേറെ വിലമതിക്കപ്പെടുന്ന (താരതമ്യേന) ആധുനിക ജനാധിപത്യയുഗത്തിൽ, മതവും മതാനുഷ്ഠാനങ്ങളും പാടേ നിഷേധിക്കപ്പെട്ടിരിക്കുന്ന നിരീശ്വര ഭൗതിക രാഷ്ട്രങ്ങളെ ഒഴിച്ചാൽ, ആദിമ ക്രിസ്തീയ ശതകങ്ങളിൽ വീരോചിതമായ രക്തസാക്ഷിത്വം നേടിയ വിശുദ്ധാത്മാക്കളെപ്പോലെ ക്രിസ്തുവിനെ ഏറ്റുപറയുവാൻ അങ്ങയുടെ അനുയായികൾക്കു് സന്ദർഭങ്ങൾ ദുർല്ലഭങ്ങളാണു്. എങ്കിലും താദൃശ്യമായ വീരോചിത സുകൃതങ്ങളുടെ അഭ്യസനത്തിൽ രക്തരഹിതമായി, അനാർഭാടമായി, ക്രിസ്തുവിനു സാക്ഷ്യം നൽകുന്നതിനു് ഒരു കത്തോലിക്ക സാമൂഹ്യപ്രവർത്തകനു ലഭിക്കുന്ന അനുഗ്രഹിത നിമിഷങ്ങൾ അനവധിയാകുന്നു. N. C. W. C. സോഷ്യൽ ആക്ഷൻ ഡിപ്പാർട്ടുമെന്റിന്റെ എഡ്വിസ് ക്ലോപ്പൽ ചെയർമാനായിരുന്ന കാൾ. ജെ. ആൾട്ടർ തിരുമേനിയുടെ ഒരുൽബോധനം ഇവിടെ അനുസ്മരിക്കുകയാണു്.

"The Significance of the word 'action' differentiates its nature as a virtue from those other virtues which belong to speculative religion - - - it is emphasised chiefly the need of putting things into practice. It stresses action as against the mere passive possession of truth - - - since Catholic Action according to the Holy Father is a participation of the laity in the appostolic mission of the Hierarchy' there is a connection of particular qualities such as charactorised the apostles in the exercise of their divine mission"

അധികം അകലെയല്ലാതുള്ള ഹൈസ്കൂളിൽ ജോലിയും കിട്ടി.

വത്സമ്മയുടെ സഹാദ്ധ്യാപകരിലൊരാളായിരുന്ന മാത്തുക്കുട്ടി. അവിവാഹിതനാണ്, സുമുഖനും, സുകളേബരനുമാണയാൾ. ഒരു കൊല്ലംകഴിഞ്ഞിട്ടേയുള്ളൂ ആ സ്കൂളിൽ അയാൾ വന്നിട്ട്. പത്തുമുപ്പതു മൈലകലെയാണ് വീട്ട്. ധനാഢ്യരായ മാതാപിതാക്കന്മാരുടെ ഏക ഓമനപുത്രനാണ്.

പ്രേമാഭ്യർത്ഥനയുമായി മാത്തുക്കുട്ടി, വത്സമ്മയെ സമീപിക്കുവാൻ തുടങ്ങി. വത്സമ്മ എന്റെ നിത്യകൂട്ടുകാരിയായിത്തീരുവാൻ ഞാൻ അതിയായി ആഗ്രഹിക്കുന്നു'' സന്ദർഭം കിട്ടുമ്പോഴെല്ലാം ഈ പല്ലവി വത്സമ്മയുടെ മുമ്പിൽ അയാൾ ആവർത്തിക്കാറുണ്ട്. അയാളുടെ ഈ അഭ്യർത്ഥനയെ ആദ്യമാദ്യം വത്സമ്മ നിഷേധിച്ചുകൊണ്ടിരുന്നു ''താനെന്തെങ്കിലും വിവാഹിതയാകേണ്ടവളല്ലേ? ഏതെങ്കിലും പുരുഷനെ ഭർത്താവായി സ്വീകരിക്കണം മാത്തുക്കുട്ടിക്കെന്താണു കുറവു്? സമ്പത്തിലോ, സൗന്ദര്യത്തിലോ, സാമർത്ഥ്യത്തിലോ, വിദ്യാഭ്യാസത്തിലോ അദ്ദേഹത്തിനു് ഒരു കുറവുമില്ല, നിനച്ചിരിക്കാക്ക നേരത്തു വന്നുകയറിയ സൗഭാഗ്യത്തെ കണ്ണടച്ചു പുറം തള്ളുന്നതു് ബുദ്ധിമോശമല്ലേ?'' ഒടുവിൽ അവൾക്കും ഇങ്ങനെ തോന്നി.

വത്സമ്മയും മാത്തുക്കുട്ടിയും തമ്മിലുള്ള സ്നേഹബന്ധം അനുദിനം ശക്തിപ്പെട്ടുകൊണ്ടിരുന്നു. മാത്തുക്കുട്ടിയെ കാണുന്നതും അയാളുമായി സംസാരിക്കുന്നതുമെല്ലാം അവൾക്കു് ആനന്ദദായകമായിതോന്നി. ''വത്സമ്മേ, മാത്തുക്കുട്ടിസാറു് അത്ര നല്ലയാളൊന്നുമല്ല. ഇതിനുമുമ്പു ജോലിചെയ്തിരുന്ന സ്കൂളിൽവച്ചു് മറ്റൊരദ്ധ്യാപികയുമായി അനാശാസ്യബന്ധം പുലർത്തുകയും അവസാനം അവളെ വഞ്ചിച്ചിട്ടു് സ്ഥലം വിടുകയും ചെയ്ത ഒരു ചരിത്രം അദ്ദേഹത്തിനുണ്ട്.'' ആ സ്കൂളിലെ മറ്റൊരദ്ധ്യാപക മാത്തുക്കുട്ടിയെ സംബന്ധിക്കുന്ന ഒരു യാഥാർത്ഥ്യം അവളോടുപറഞ്ഞു. പക്ഷെ, വത്സമ്മ അതൊന്നു കാര്യമായി പരിഗണിച്ചില്ല. ആ യുവകോമളനുമായി താൻ ദാമ്പത്യബന്ധത്തിലേർപ്പെടുന്നതിൽ, ആ അദ്ധ്യാപികയ്ക്കുള്ള അസൂയകൊണ്ടുമാത്രമാണു് പറഞ്ഞതെന്നു് അവൾ കരുതി.

''മാത്തുക്കുട്ടീ, നമ്മുടെ തന്നിഷ്ടമനുസരിച്ചു് വിവാഹം നടത്തിയെന്നു് മതവുള്ളവരെക്കൊണ്ടു് നാം എന്തിനുപറയിപ്പിക്കുന്നു.? മാതാപിതാക്കന്മാരുടെ അനുമതിയോടെ, അവർ നിശ്ചയിക്കുന്ന ദിവസം, നമുക്കു് ആ മംഗളോത്സവം നടത്താം.'' വത്സമ്മയുടെ ഈ അഭിപ്രായത്തോടു് മാത്തുക്കുട്ടിയും ഒരു വിധത്തിൽ യോജിച്ചു.

ഒരു ന്യായാധിപ ഉച്ചകഴിഞ്ഞു് മാത്തുക്കുട്ടി മറ്റൊരു സ്നേഹിതനുമൊത്തു് ഔദ്യോഗികമായി വത്സമ്മയുടെ വസതിയിലെത്തി. വക്കീച്ചേട്ടൻ ആ അതിഥികളെ എതെല്ലാം രീതിയിലാണു് സൽക്കരിക്കേണ്ടതു് എന്നു ചിന്തിച്ചുകൊണ്ടു് ചുറുചുറുക്കോടെ, ഒരു ചിത്രശലഭം കണക്കെ, ഓരോ തരത്തിലുള്ള ജോലികളിലേർപ്പെട്ടു് ആ വീട്ടിനുള്ളിൽ ഓടിനടക്കുകയാണു്. കാപ്പിയും പലഹാരങ്ങളും തയ്യാറാക്കുന്നതിൽ അമ്മച്ചിയെ സഹായിക്കുവാൻ കൂടെക്കൂടെ അടുക്കളയിലേയ്ക്കും പോകുന്നുണ്ടു്. കാപ്പിയും, മധുരപലഹാരങ്ങളുമെല്ലാം അവൾ തന്നെ മേശപ്പുറത്തുനിരത്തി. കാപ്പികുടി കഴിഞ്ഞു് മാത്തുക്കുട്ടി തന്റെ ആഗമനോദ്ദേശം വക്കീച്ചേട്ടനെ അറിയിച്ചു. ''വത്സമ്മയുടെ കല്യാണം ഉടനെ നടത്താനുദ്ദേശിക്കുന്നില്ല. ഒന്നു രണ്ടു കൊല്ലം കൂടെ കഴിഞ്ഞിട്ടേയുള്ളൂ'' ഇതായിരുന്നു വക്കീച്ചേട്ടന്റെ മറുപടി, അവർ തമ്മിലുള്ള സംഭാഷണമെല്ലാം ഒളിഞ്ഞുനിന്നുകേട്ടുകൊണ്ടിരുന്ന വത്സമ്മ. 'അപ്പച്ചന്റെ' ഈ മറുപടികേട്ടപ്പോൾ ഒന്നു ഞെട്ടി. സപ്തനാഡികളും തളരുന്നതായി അവൾക്കുതോന്നി. അവളുടെ മുഖത്തെ പ്രസന്നതയെല്ലാം എങ്ങോപോയി മറഞ്ഞു. മാത്തുക്കുട്ടിയും മ്ലാനവദനനായി, കൂട്ടുകാരനുമൊത്തു് അവിടെ നിന്നിറങ്ങി സ്ഥലംവിട്ടു.

''അല്ലാ, എന്റെമനുഷ്യനെ, നിങ്ങളെന്നാ പാവിച്ചോണ്ടാ ഇതു്? ഇനി എന്നാ മകളെ വല്ലടത്തും കെട്ടിച്ചുവിടുന്നേ? മൂത്ത മൊരടിച്ചു് ആക്കും വേണ്ടെന്നാകുമ്പോഴാണോ? ''വക്കീച്ചേട്ടന്റെ ഭാര്യ അന്നമ്മച്ചേടത്തി അല്പം കോപം കലർന്ന സ്വരത്തിൽ ചോദിച്ചു.

''കല്യാണം ഒടനെ നടത്തണം. പക്ഷെ, ആ ചെറുക്കനെക്കൊണ്ടു് വത്സമ്മയെ കെട്ടിക്കാനുദ്ദേശിക്കുന്നില്ല.'

എന്റെ കുറേമാണപ്പച്ചാ അദ്ദേഹത്തിനുള്ളതു്. വത്സമ്മയാണതു ചോദിച്ചതു്,

''എടി വത്സമ്മേ ''മിണ്ടാണ്ടതെല്ലാം പൊന്നല്ലെന്നു'' നിനക്കറിയാമല്ലോ? ഒരാളുടെ പുറമേയുള്ള തൊലിവെളുപ്പും, അഴകും മാത്രം നമ്മളുനോക്കിയാപ്പോരാ. സ്വഭാവംകൂടെ നോക്കണം. ഒരുത്തന്റെ വർത്തമാനവും, പെരുമാറ്റവുംമൊക്കെക്കൊണ്ടമ്പന്തന്നെ അവന്റെ സ്വഭാവത്തെപ്പറ്റിയും കൊറേശ്ശെയൊക്കെ എനിക്കറിയാം. കാര്യം വാദ്ധ്യാരൊക്കെയാണെങ്കിലും അവനത്രനല്ലവനൊന്നുമല്ല.'' വക്കീച്ചേട്ടൻ പറഞ്ഞു.

''ഓ, ഒരു മനഃശാസ്ത്രപണ്ഡിതൻ'' വത്സമ്മ ഇങ്ങനെ പിറുപിറുത്തുകൊണ്ടു അവിടെ നിന്നിറങ്ങിപ്പോയി:

താൻ കെട്ടിപ്പൊക്കിയുണ്ടാക്കിവന്ന മനഃക്കോട്ടകളെല്ലാം അപ്പാടെ തകർന്നു മണ്ണടിയുകയാണോ? കൈകോർത്തുപിടിച്ചു് വിവാഹവേദിയിലേയ്ക്കു് ആഹ്ലാദഭരിതരായി, താളം ചവിട്ടിമുന്നോട്ടിയ തങ്ങളെ തടഞ്ഞുനിറുത്തിയ ഒരു ഘോര രാക്ഷസനാണു് തന്റെ പിതാവു്. തന്റെ മുമ്പിൽ തെളിഞ്ഞുവന്ന, സൗഭാഗ്യസംപൂർണ്ണമായ പകൽക്കിനാവിലേയ്ക്കു് കല്ലും മുള്ളും വാരിവലിച്ചെറിഞ്ഞ ഒരു കരുമാലനല്ലേ അപ്പച്ചൻ? കയ്യെത്തുന്ന ദൂരത്തിൽ തന്റെ മുമ്പിലേയ്ക്കു കുനിഞ്ഞുവരുന്ന ആ തേൻകനികൾ നിറഞ്ഞ ശിഖരത്തെ തട്ടിദൂരെ മാറ്റിയ കഠിനഹൃദയനാണദ്ദേഹം' ആ പിതാവിനോടവൾക്കു അടങ്ങാത്ത വിദ്വേഷവും, അമർഷവും തോന്നി.

''കാമനേ, ഭവതി എന്തിനു ദുഃഖിക്കുന്നു. ലോകത്തിന്റെ ഏതു കോണിൽ ചെന്നാലും അന്തസ്സായും അഭിമാനമായും ജീവിക്കുവാനുള്ള വിദ്യാഭ്യാസവും ആ

രോഗ്യവും, സമ്പത്തും നമുക്കുണ്ട്. പിന്നെന്തിനു് ആ കിഴവന്റെ സമ്മതത്തിനുവേണ്ടി നാം കാത്തിരിക്കുന്നു. നമ്മുടെ വിവാഹം ഉടനെ തന്നെ നടത്തണം.'' പിറേറദിവസം സ്കൂളിൽ ചെന്നപ്പോൾ മാത്തുക്കുട്ടി വത്സമ്മയെ ധൈര്യപ്പെടുത്തി.

അദ്ധ്യരാത്രിയിൽ കുരിശുട്ടിന്റെ മറവിൽ നാട്ടും വീട്ടും വിട്ട് ഒളിച്ചോടിപ്പോകുന്ന കാമുകി കാമുകന്മാരുടെ കഥ അവൾ ഓർത്തു. താനും അങ്ങിനെ ചെയ്യാലെന്തുവരാനാണു്? അപ്പച്ചനും അമ്മയും കുറേദിവസത്തേയ്ക്കു് ദുഃഖിതരായി തീർന്നേക്കും. ''എങ്കിലും അവൾ അങ്ങനെ ചെയ്തല്ലോ'' എന്നു് അയൽക്കാരും കുറെ നാളത്തേയ്ക്കു് ഒരു പക്ഷേ പറഞ്ഞേക്കും. തങ്ങളുടെ മകൾ സസുഖം കഴിയുന്നുവെന്നറിയുമ്പോൾ മാതാപിതാക്കന്മാരുടെ ദുഃഖമെല്ലാം താനെ മാറിക്കൊള്ളും അയൽക്കാർ തന്നെ അനുമോദിക്കും. ഇങ്ങനെയുള്ള ചിന്താഗതികൾ അവളുടെ മനസ്സിൽ പതഞ്ഞുപൊങ്ങിക്കൊണ്ടിരുന്നു.

''എങ്കിലും, മകളെ നിന്നെ ആരാണു് അഭ്യസ്തവിദ്യയാക്കിയതു്? നിന്റെ മാതാപിതാക്കന്മാരെല്ലേ നിനക്കുവേണ്ടി അദ്ധ്വാനിച്ചതും, പണമുണ്ടാക്കി പഠിപ്പിച്ചതും. അവരെ നീ കണ്ണുനീരുകുടിപ്പിക്കരുതു്'' ആരോ തന്റെ ഉള്ളിലിരുന്നു് ഇങ്ങനെ പറയുന്നതായി വത്സമ്മയ്ക്കു തോന്നി. ഒരു വശത്തു് പുഞ്ചിരിക്കുന്ന മുഖവുമായി, താൻ പ്രാണതുല്യം സ്നേഹിക്കുന്ന മാത്തുക്കുട്ടി നിൽക്കുന്നു. മറുവശത്തു് ''അവനെ നീ ഭർത്താവായി സ്വീകരിക്കരുതു്'' എന്ന ആജ്ഞാപിച്ചുകൊണ്ടു് തന്റെ അപ്പച്ചനും നിൽക്കുന്നു.

''മാത്തുക്കുട്ടീ, അങ്ങു് ഈയുള്ളവളെ മറന്നേക്കുക. അങ്ങു് മറെറാരു തരുണീമണിയെ വിവാഹം ചെയ്തു് സുഖമായി ജീവിക്കുക. അങ്ങയെ ഞാൻ ഒരിക്കലും മറക്കുകയില്ല. ഹതഭാഗ്യയായ ഞാൻ ഇങ്ങനെ നിത്യകന്യകയായി കഴിഞ്ഞുകൊള്ളാം'' നിറഞ്ഞമിഴികളോടും, വേദനിക്കുന്ന ഹൃദയത്തോടും കൂടി അവസാനം അവൾ പറഞ്ഞു.

ഇരുണ്ട ദിനങ്ങൾ അങ്ങനെ മുമ്പോട്ടു നീങ്ങിക്കൊണ്ടിരുന്നു. ക്രിസ്മസ് അവധിക്കാലത്തു് മാത്തുക്കുട്ടി മറെറാരു യുവതിയെ വിവാഹംചെയ്തു. അമ്മിണിക്കുട്ടി, അതാണു് ആ നവവധുവിന്റെ പേരു്. സൗന്ദര്യവതിയും, സുശീല്യവതിയുമായിരുന്ന അവൾ. ആ നവദമ്പതികളുടെ ഫോട്ടോ ദിനപ്പത്രങ്ങളിൽ വന്നതു് വത്സമ്മ കണ്ടു. ''ആ കോമളാകാരന്റെ സമീപം, അമ്മിണിക്കുട്ടിയുടെ സ്ഥാനത്തു് താൻ നില്ക്കേണ്ടതല്ലായിരുന്നോ?'' ഭാഗ്യദോഷിയായ തനിക്കു അതിനുയോഗമുണ്ടായില്ല. ആ ചിത്രത്തിൽ നോക്കിക്കൊണ്ടു് അവൾ ഇങ്ങനെ വിചാരിച്ചു. ക്രിസ്മസ് അവധികഴിഞ്ഞു് മാത്തുക്കുട്ടി സ്കൂളിൽ വന്നപ്പോൾ, തന്നോടൊത്തു് തന്റെ ഭാര്യയെ കൂടി കൊണ്ടുവന്നു. വത്സമ്മയും അമ്മിണിക്കുട്ടിയും തമ്മിൽ പരിചയപ്പെട്ടു. ''തന്നെക്കാൾ സുന്ദരിയും, സുശീലയുമല്ലെ അമ്മിണിക്കുട്ടി'' വത്സമ്മയ്ക്കു് ഇങ്ങനെ തോന്നിപ്പോയി. അടുത്ത സ്കൂൾവർഷം കൂടുതൽ സൗകര്യാർത്ഥം, മാത്തുക്കുട്ടി പത്തൻപതു മൈൽ ദൂരെയുള്ള മറെറാരു സ്കൂളിലേയ്ക്കു സ്ഥലം മാറി. അങ്ങനെ മാത്തുക്കുട്ടിയും, വത്സമ്മയും വേർ പിരിഞ്ഞു.

വിരസത നിറഞ്ഞ രണ്ടുമൂന്നു സംവത്സരങ്ങൾ പിന്നെയും കടന്നുപോയി. വത്സമ്മയ്ക്കുവേണ്ടി പല വിവാഹാലോചനകളും നടത്തി വക്കിച്ചേട്ടൻ. എനിക്കു വേണ്ടി കല്യാണാലോചനകളൊന്നും നടത്തണ്ട. ഞാൻ അവിവാഹിതയായി കഴിഞ്ഞുകൊള്ളാം.'' വത്സമ്മ തന്റെ പിതാവിനോടു് കട്ടായമായി പറഞ്ഞു. വക്കിച്ചേട്ടനും, അന്നമ്മച്ചേടത്തിയും ഇണങ്ങിയും പിണങ്ങിയും പഠഞ്ഞുവെങ്കിലും അവളുടെ തീരുമാനത്തിൽ നിന്നു് വ്യതിചലിപ്പിക്കുവാൻ അവർക്കു കഴിഞ്ഞില്ല. അവസാനം വക്കിച്ചേട്ടൻ തന്നെപരാജിതനായി. മകളുടെ ഈ നിലപാടിൽ അയാൾ വളരെയധികം വ്യസനിച്ചു.

''അപ്പച്ചൻ, തന്നെയോർത്തു് കുറെ വേദനിക്കട്ടെ.'' അവളുടെ ആഗ്രഹമനുസരിച്ചു് ആ വിവാഹം തന്നെ നടത്തിയേക്കാമായിരുന്നു് എന്നോർത്തു് പശ്ചാത്തപിക്കട്ടെ.'' ഇതായിരുന്നു വത്സമ്മയുടെ ചിന്താഗതി.

വക്കിച്ചേട്ടൻ കഠിനമായ ഒരു രോഗത്തിനു് വിധേയമായി. ദിനംപ്രതി അയാളുടെ ആരോഗ്യസ്ഥിതി മോശമായിക്കൊണ്ടിരുന്നു. വിദഗ്ദ്ധരായ പല ഡോക്ടർമാരും അയാളെ ചികിത്സിച്ചു. പക്ഷെ, അവയെല്ലാം നിഷ്ഫലമായതേയുള്ളു. അധികം താമസിയാതെ അയാൾ കാലയവനികയ്ക്കുള്ളിൽ തിരോധാനംചെയ്തു. ''മകളെ,നിന്നെ ഒരുജീവിതാന്ധസ്സിൽ പ്രവേശിപ്പിച്ചിട്ടു് മരിക്കുവാനെനിക്കു കഴിഞ്ഞില്ലല്ലോ.'' മരണസമയമടുത്തപ്പോൾ പോലും ആ വത്സലപിതാവു് തന്റെ മകളെ അരികെ വിളിച്ചുകൊണ്ടു് പറഞ്ഞു ''കണക്കായിപ്പോയി, ആരുടെ കുറവാ'' എന്നു് ആ സമയത്തു് വത്സമ്മ പറഞ്ഞില്ലെന്നേയുള്ളു.

കാലം പിന്നെയും കടന്നുപോകുകയാണു്. അന്നാണു് ഏവരേയും ഞെട്ടിപ്പിക്കുന്ന ആ വാർത്ത ദിനപ്പത്രങ്ങളിൽ വന്നതു്.

ഒരു ഭയങ്കര കൊലപാതകം! ഒരു ഉന്നത ബിരുദധാരിയും, അദ്ധ്യാപകനുമായ മാത്തുക്കുട്ടി എന്ന യുവാവു് ഗർഭവതിയായിരുന്ന തന്റെ ഭാര്യ അമ്മിണിക്കുട്ടിയെന്ന യുവതിയെ ഒരു കൈത്തോക്കുകൊണ്ടു് വെടിവച്ചു കൊലപ്പെടുത്തിരിക്കുന്നു! തന്റെ, ഭർത്താവു് മറെറാരുയുവതിയുമായിഅവിഹിതബന്ധത്തിലേർപ്പെട്ടതായിഅമ്മിണിക്കുട്ടി മനസ്സിലാക്കുകയും, അതിനെ ശക്തിയുക്തം എതിർക്കുകയും ചെയ്തതുമൂലമാണു് അയാൾ ഈ ഘോരകൃത്യം നടത്തിയതു്. ''ആ വാർത്തയോടൊന്നിച്ചു് ആ ക്രൂരകൃത്യത്തിനു് വിധേയയായ അമ്മിണിക്കുട്ടിയുടെ ഫോട്ടോയും ചേർത്തിരുന്നു.

ആ ശോകവാർത്ത വത്സമ്മയെ പിടിച്ചുലയ്ക്കുക്കി. കുറേ സമയത്തേയ്ക്കു് ഒരു പ്രതിമകണക്കെ മൂകയായിരുന്നുപോയി അവൾ. ''വഞ്ചകൻ! ദുഷ്ടൻ!!'' ഒടുവിൽ അവളറിയാതെ ഇങ്ങനെ പറഞ്ഞുപോയി. ''വത്സമ്മേ, മിന്നുന്നതെല്ലാം പൊന്നല്ല'' തന്റെ ഇരുണ്ടുടഞ്ഞ ഭൂതകാലചരിത്രത്തിലേയ്ക്കു് അവൾ എത്തിനോക്കുകയാണു്. ''അവൻ ഒരു വാദ്ധ്യരാണെങ്കിലും അത്ര നല്ലവനൊന്നുമല്ല'' അന്നു് ആ നല്ല അപ്പച്ചൻ ഇങ്ങനെ പറഞ്ഞപ്പോൾ തനിക്കതു വിശ്വസിക്കുവാൻ കഴിഞ്ഞില്ല. തന്റെ ധിക്കാരംനിറഞ്ഞ വാക്കുകളും, നിന്ദാ

പൂവ്വമായ പെരുമാറ്റങ്ങളും ആ നിഷ്കളങ്ക ഹൃദയത്തെ കുത്തി മുറിപ്പെടുത്തിയിരുന്നില്ലേ? അദ്ദേഹത്തിന്റെ എതിർപ്പിനെ വകവയ്ക്കാതെ, ഉപദേശത്തെതിരസ്കരിച്ചു കൊണ്ട് അന്ന് ആ ദുഷ്ടന്റെ പിറകെ പോയിരുന്നെങ്കിൽ! അവളുടെ നേത്രങ്ങളിൽ നിന്നും കണ്ണുനീർ ധാരധാരയായി ഒഴുകുവാൻ തുടങ്ങി. "ഇന്ന് ഏവരുടേയും സഹതാപത്തിനു പാത്രീഭൂതയായി, രക്തത്തിൽ കുളിച്ചു കിടക്കുന്ന ആ അമ്മിണിക്കുട്ടിയുടെ സ്ഥാനത്തു ഞാനായിരുന്നുവെങ്കിലോ? "നൊന്തു പ്രസവിച്ചു" പാലൂട്ടി വളർത്തിയ ആ മാതാവിനെയും, രാപകലെന്യേ അദ്ധ്വാനിച്ചു ചോര നീരാക്കി പണം സമ്പാദിച്ചു ഓമനമകളെ സ്കൂളിലും കോളേജിലുമയച്ചു പഠിപ്പിച്ച ആ പാവപ്പെട്ട പിതാവിനെയും കണ്ണുനീരു കുടിപ്പിച്ചിട്ട്, യൗവനത്തിന്റെ വികാരത്തള്ളലിനു കടിഞ്ഞാണിടാതെ കണ്ടവന്റെ പിറകെ ഇറങ്ങിത്തിരിച്ച കുലടേ നിനക്കിതു വരണം" എന്നു ലോകം പറയുമായിരുന്നോ? അങ്ങിനെയങ്ങിനെ പശ്ചാത്താപത്തിന്റെ ചുടുകണ്ണീർ പൊഴിച്ചുകൊണ്ട്, വേദനിപ്പിക്കുന്ന ചിന്തകളുടെ ഒരു ഭാരിച്ച ഭാണ്ഡക്കെട്ടുമായിട്ടാണ് വത്സമ്മ റെറിച്ചർ അന്നു ക്ലാസ്സിലേയ്ക്ക് പ്രവേശിച്ചതു്.

അടുത്ത പീരിയഡിൽ ക്ലാസ്സെടുക്കുവാനുള്ള അദ്ധ്യാപകൻ ക്ലാസ്സുമുറിയുടെ വാതുക്കൽ വന്നുനിന്നപ്പോഴാണ് സമയം കടന്നുപോയ വിവരം അവൾ അറിയുന്നതു്. 'റെറിച്ചറിനൊരേഴുത്തുണ്ട്" വരാന്തയിലേയ്ക്കിറങ്ങിയപ്പോൾ "പോസ്റ്റുമേൻ" ഒരു കത്തു് വത്സമ്മയുടെ കൈയിൽ കൊടുത്തു. "ഓഫീസുറൂമിൽ" പോയിരുന്നു് അവൾ അതു പൊട്ടിച്ചു വായിച്ചു.

കൃഷ്ണഗർ(ബംഗാൾ)
21-2-1962

ഏറ്റം പ്രിയ വത്സമ്മേ,

കുറേദിവസമായി വത്സമ്മയ്ക്കൊരു കത്തയച്ചിട്ട്. ഇത്രയും താമസം വരുത്തിയതിൽ ക്ഷമിക്കണമേ.

ദൈവാനുഗ്രഹത്താൽ വത്സമ്മയ്ക്കും, മറ്റെല്ലാവർക്കും സുഖമെന്നു വിശ്വസിക്കുന്നു. വത്സമ്മയുടെ വിവാഹമൊക്കെ കഴിഞ്ഞോ? ഇപ്പോഴും സ്കൂൾ ജോലിയാണെന്നു കരുതുന്നു.

ഈശോയുടെ കാരുണ്യംകൊണ്ട് ബ. അധികാരികൾക്കും. മറ്റെല്ലാവർക്കും, എനിക്കും സുഖംതന്നെ. ദൈവമഹത്വത്തിനും, സ്വന്തം വിശുദ്ധീകരണത്തിനും, ആത്മാക്കളുടെ രക്ഷക്കുമായി നിരന്തരം വേലചെയ്യുകയാണു ഞങ്ങൾ. ദാരിദ്ര്യം. കന്യാവ്രതം, അനുസരണം എന്നീ ത്രിവിധ വ്രതങ്ങളും പ്രത്യേക നിയമസംഹിതകളും ഞങ്ങൾക്കുണ്ട്. പരിശ്രമത്തിന്റെയും പരിത്യാഗത്തിന്റെയും ചൈതന്യത്തിൽ ക്രിസ്തീയ പുണ്യങ്ങളഭ്യസിക്കുവാൻ ഞങ്ങൾ പരിശ്രമിക്കുന്നു. പ്രേഷിതവൃത്തിയും, മതാദ്ധ്യാപനവുമാണ് ഞങ്ങളുടെ പ്രധാന കർത്തവ്യങ്ങൾ. ബംഗാളിലെ ഗ്രാമങ്ങളിലും ജനനിബിഡമായ പട്ടണങ്ങളിലും ഞങ്ങൾ പോയി മിഷൻ പ്രവർത്തനം നടത്തുന്നു. താണ ജാതികളുടെ ഇടയിലാണ് ഞങ്ങൾ കൂടുതലായി മിഷൻ പ്രവർത്തനം നടത്തുന്നതു്. പാവപ്പെട്ട കുട്ടികളെ പഠിപ്പിക്കുവാനും, സ്നേഹം വഴിഞ്ഞൊഴുകുന്ന, അവരുടെ പുഞ്ചിരി കാണുവാനും ഞങ്ങൾക്കെന്തൊരാനന്ദമാണെന്നോ? അപ്പോഴൊക്കെ, "വത്സമ്മകൂടെ ഞങ്ങളുടെ കൂട്ടത്തിൽ ഉണ്ടായിരുന്നെങ്കിൽ! എന്നു ഞാൻ ഓർത്തുപോകാറുണ്ട്. ബുദ്ധിമുട്ടുകളും, ക്ലേശങ്ങളും ധാരാളമുണ്ട് ഞങ്ങൾക്കഭിമുഖീകരിക്കുവാൻ. എങ്കിലും ഈശോയ്ക്കു വേണ്ടി ചെയ്യുന്ന പരമോൽകൃഷ്ടമായ ജോലിയാണല്ലോ എന്നോർക്കുമ്പോൾ അവാച്യമായ ആനന്ദവും, സംതൃപ്തിയുമാണ് ഞങ്ങൾക്കുള്ളതു്.

ഇനിയും ഒരുപാടു കാര്യങ്ങൾ എഴുതാനുണ്ടെങ്കിലും സമയക്കുറവുകൊണ്ടു നിറുത്തുകയാണു്. വത്സമ്മ എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ. പ്രാർത്ഥനയുടെ ഐക്യത്തിൽ, തൽക്കാലം നിറുത്തട്ടെ.

എന്നു് സ്നേഹപൂർവ്വം, മേരിക്കുട്ടി.

N.B. നമ്മുടെ കൂട്ടുകാരത്തിയായിരുന്ന പുഷ്പമ്മയുടെ കാര്യം ഞാൻ പ്രത്യേകം ചോദിച്ചതായി പറയണമേ.

ഉച്ചാധിക്യം നിമിത്തം വലയുന്നവന്റെ പക്ഷത്തിലേയ്ക്കു കൂളർ കാറ്റു പായിക്കുന്നതിയന്ത്രമെന്നപോലെ, കുരിശുമരണത്തിന്റെ മദ്ധ്യത്തിലകപ്പെട്ടവന്റെ മുമ്പിൽ പ്രകാശം പരത്തുന്ന ഒരു ദീപശിഖ പ്രത്യക്ഷപ്പെട്ടാലെന്നപോലെ ആ കത്തു വായിച്ചുകഴിഞ്ഞപ്പോൾ നിർമാതീതമായ ആനന്ദവും, ആശ്വാസവും വത്സമ്മയ്ക്കു് അനുഭവപ്പെട്ടു. അന്ധകാരത്തിൽ നിന്നും വെളിച്ചം വിടുന്ന ഒരു വഴിത്താരയിലേക്ക്, അവളുടെ കൂട്ടുകാരിയുടെ കത്തു്, അവളെ നയിച്ചു.

"എന്നാളമന്ധതമിയന്നിരിപ്പോ-
നെന്നാമതക്ക പ്രഭ കണ്ടവണ്ണം.
അന്നാരിതൻ മാനസ പത്മമപ്പോൾ
നന്നായ്ത്തെളിഞ്ഞു----". വത്സമ്മ ചില തീരുമാനങ്ങളെല്ലാംചെയ്തു.

മധ്യവേനൽ അവധിക്കാലം കഴിഞ്ഞു; സ്കൂൾ തുറന്നു പഠനമാരംഭിച്ചു. ഒരു ബുധനാഴ്ച ദിവസം അദ്ധ്യാപകരും, വിദ്യാർത്ഥിവിദ്യാർത്ഥിനികളുമെല്ലാം ആ വിസ്തൃതമായ" സ്കൂൾഹാളിൽ സമ്മേളിച്ചിരിക്കുന്നു. അവരുടെ കണ്ണിലുണ്ണിയായിരുന്ന വത്സമ്മറെറിച്ചർ അടുത്ത ദിവസം മിഷ്യനുപോകയാണു്. നാലഞ്ചു സംവത്സരക്കാലം ആ സ്കൂളിൽ ജോലിനോക്കിയ വത്സമ്മയുടെ നേർക്കു നന്ദി പ്രകടിപ്പിക്കുവാനും, അവൾക്കു യാത്രാമംഗളങ്ങൾ നേരുവാനുമാണ് അവർ അവിടെ സമ്മേളിച്ചിരുന്നതു്. വത്സമ്മയുടെ വിലയേറിയ സേവനങ്ങളെ പ്രകീർത്തിച്ചുകൊണ്ട് അദ്ധ്യാപകാദ്ധ്യാപികമാരും, കുട്ടികളിൽ ചിലരും പ്രസംഗിച്ചു. തന്നെ നേർക്കുനേർ പുകഴ്ത്തിയ സ്നേഹാദരവുകൾക്കെല്ലാം നന്ദി പറഞ്ഞുകൊണ്ട് യഥോചിതം മറുപടിയും പറഞ്ഞു വത്സമ്മ.

പിറേറ ദിവസം അതിരാവിലെ വത്സമ്മ ദൈവാലയത്തിലെത്തി ദിവ്യപൂജയിൽ സംബന്ധിച്ചശേഷം, അവളുടെ അപ്പച്ചൻ അങ്ങുവിശ്രമം കൊള്ളുന്ന ആ സെമിത്തേരിയിലേയ്ക്കു പുറപ്പെട്ടു. ആ കുഴിമാടത്തുങ്കൽ അവൾ മുട്ടുകുത്തി. "പ്രിയപ്പെട്ട അപ്പച്ചാ എനിക്കു മാപ്പുതരൂ. "ഞാനിനി ഒരിക്കലും വിവാഹിതയാകുന്നില്ല, നിത്യകന്യകയായി ജീവിച്ചുകൊള്ളാം." അങ്ങേയ്ക്കു് മനഃപ്രയാസമുണ്ടാകത്തക്കരീതിയിൽ അന്നു ഞാനിതു പറഞ്ഞു. അപ്പച്ചാ, അങ്ങയോടു പറഞ്ഞ വാക്കുകൾ ഞാൻ സന്തോഷസമേതം നിറവേറുവാൻ

ഫലിതശകലങ്ങൾ.

(ജോൺസൺ)

ഭക്തികാര്യങ്ങളിൽ ആരുടെയും പിന്നിലല്ല കുറിയാക്കോ. എങ്കിലും മൂപ്പരുടെ ജീവിതമാഗ്രഹം കൊള്ളയടിയും പിടിച്ചുപറിയുമാണു്. ഒരുദിവസം വിജനമായ ഒരു കാട്ടുപ്രദേശത്തുകൂടി കാരിയുമായിനടന്ന കുറിയാക്കോ ചന്തയിൽനിന്നും ഒരു പൊതിക്കെട്ടുമായിവരുന്ന ഒരു കച്ചവടക്കാരനെ കണ്ടു. നിറയെ പണം! കുറിക്കാട്ടിൽ പതിയിരുന്ന കുറിയാക്കോ കാരിയുമായി ചാടിവീണു് അയാളെ നിർദ്ദയമായി കൊലപ്പെടുത്തി പൊതിക്കെട്ടുമെടുത്തു് വീട്ടിലേക്കോടി. കഷ്ടം! കെട്ടഴിച്ചപ്പോൾ കുറിയാക്കോകണ്ടതു് ഒരുറാത്തൽ ഇറച്ചി!

"എന്നാലെന്നാ ഒരു കറിക്കായല്ലൊ." ഭാര്യ പറഞ്ഞു.

"ച്ഛീ! എന്തുപറഞ്ഞൂടീ അസത്തേ!" കെട്ടെടുത്തു ദൂരേക്കെറിഞ്ഞിട്ടു് കുറിയാക്കോ പറഞ്ഞു. "ഇന്നു വെള്ളിയാഴ്ചയാണെന്നുള്ളവിവരം അറിയാൻമേലേടീ!"

X X X X

അദ്ധ്യാപകൻ ചോദിച്ച ചോദ്യത്തിനു് ഒന്നിലധികം കുട്ടികൾ ഒന്നിച്ചു് ഉത്തരം പറഞ്ഞപ്പോൾ കുപിതനായ അദ്ധ്യാപകൻ പറഞ്ഞു-

"കുട്ടികളെ, നിങ്ങൾ ചില മര്യാദകളും ചിട്ടകളും മനസ്സിലാക്കിയിരിക്കണം. ക്ലാസിൽ ചോദ്യം ചോദിച്ചാൽ ചോദിക്കുന്നവർമാത്രമേ ഉത്തരംപറയാവൂ."

പിറേറദിവസം അദ്ധ്യാപകൻ സണ്ണിയോടു ചോദ്യം ചോദിച്ചപ്പോൾ സണ്ണി ഒന്നും മിണ്ടിയില്ല.

"എന്തവാടാ കഴുതേ ഉത്തരം പറയാത്തതു്?"

"ചോദിക്കുന്നവർതന്നെ ഉത്തരം പറയണമെന്നല്ലെ പറഞ്ഞതു്. ചോദിച്ചതു സാറല്ലെ- സാറുതന്നെ പറഞ്ഞാട്ടെ.

X X X X

നിർദ്ദയനായ ആ പട്ടാളകമാൻറർ ഒരുദിവസം ഒരു പാലത്തിൽനിന്നും താഴെ വീണു. മുങ്ങി മരിക്കാൻ തുടങ്ങിയപ്പോഴേയ്ക്കും അയാളുടെ കീഴിലുള്ള ഒരു ഭടൻ വെള്ളത്തിൽ ചാടി ഓഫീസറെ രക്ഷിച്ചു. കരയ്ക്കുവന്നപ്പോൾ അയാളുടെ പ്രവൃത്തിയിൽ അത്യന്തപ്രസന്നനായ ഓഫീസർ പറഞ്ഞു- "നിനക്കു് എന്തുപകാരം വേണമെങ്കിലും ചെയ്യുതരാം. എന്തുവേണമെങ്കിലും ചോദിച്ചുകൊള്ളുക."

"സാർ അങ്ങു് ഒരുപകാരം മാത്രം ചെയ്താൽമതി. ഞാനാണു് അങ്ങയെ രക്ഷപ്പെടുത്തിയതെന്ന വിവരം ക്യാമ്പിലെ മറേറംഗങ്ങളോടു പറയരുതു്."

X X X X

ഗവണ്മെൻറുനിയമപ്രകാരമുള്ള രണ്ടു രൂപാ കൂലി കൊടുക്കുന്നില്ലെന്നുള്ള കാരണത്തെപ്പററി അന്വേഷിക്കാൻ ബന്ധപ്പെട്ട സർക്കാരുദ്യോഗസ്ഥൻ കർഷകനായ ചാക്കോച്ചേട്ടനെ സമീപിച്ചു.

"നിങ്ങളുടെ പാടത്തു് എത്രപേർ ജോലിചെയ്യുന്നുണ്ടു്."

"മൂന്നുപേർ"

"ദിവസമൊന്നുക്കു് അവക്കു് എന്തുവച്ചു കിട്ടുന്നുണ്ടു്?"

"രണ്ടുപേക്കു് രണ്ടു രൂപായും ചോറും."

അയാൾ അവരെ വിളിച്ചുചോദിച്ചു. ശരിതന്നെ- അവരും സമ്മതിച്ചു.

"ശേഷിച്ച പുള്ളിക്കെന്തുകിട്ടുന്നുണ്ടു്?"

"വല്ലതും ബീഡിക്കുള്ളതു തടയും"

"ശരി, ആ പുള്ളിയെയാണു് എനിക്കു കണ്ടു സംസാരിക്കേണ്ടതു്"

"ആ പുള്ളിയോടുതന്നെയാണു നിങ്ങളിപ്പോൾ സംസാരിക്കുന്നതു്"

X X X X

ഒരു കാറപകടത്തിൽപെട്ടു പരുക്കേറെറ ഡ്രൈവർ മരിക്കാറായപ്പോൾ കൂടെയുണ്ടായിരുന്ന മുതലാളിയെ അടുത്തുവിളിച്ചു പറഞ്ഞു- "സാറെ, ഞാൻ മരിക്കും, തീർച്ച. ഞാനിതാ അവസാന അന്ത്യയാത്ര പറയുന്നു."

കൂടിനിന്നിരുന്നവരിൽ ഒരു മുൻഷിസാർ മുന്നോട്ടുവന്നിട്ടു പറഞ്ഞു- "ശ്ശേയ്- അങ്ങനെ പറയരുതു്"

"അല്ല സാറെ- ഞാൻ മരിക്കും; എനിക്കറിയാം. ഞാൻ അവസാന അന്ത്യയാത്ര പറയുന്നു."

"ഛേ- എന്തുബുദ്ധിമോടോ ഈ പറയുന്നതു്!! ഒരിക്കലും ഒരിക്കലും അങ്ങനെ പറയരുതു്."

പോകുകയാണു്. അങ്ങു് സ്വർഗ്ഗത്തിലിരുന്നുകൊണ്ടു് ഈ കുഞ്ഞുമകളെ അനുഗ്രഹിച്ചുവിടൂ അപ്പച്ചാ" അവളുടെ കണ്ണുകളിൽ നിന്നും പശ്ചാത്താപാശ്രുക്കൾ പൊഴിഞ്ഞുകൊണ്ടിരുന്നു. "മകളെ, നീ സമാധാനമായി പോകൂ. നിൻെറ ശേഷിച്ച ജീവിതകാലമെങ്കിലും വ്യർത്ഥമാക്കാതെ ഈശോയ്ക്കു വേണ്ടി ആത്മാക്കളെ നേടിക്കൊടുക്കുവാൻ പുറപ്പെടൂ" തൻെറ അപ്പച്ചൻ ആ കല്ലറയിൽ കിടന്നുകൊണ്ടു് തന്നോടിങ്ങനെ പറയുന്നതായി വത്സമ്മയ്ക്കുതോന്നി.

ബ. വികാരിയച്ചൻെറ അനുഗ്രഹാശിസ്സുകളും വാങ്ങി അവൾ പുറപ്പെട്ടു. എറണാകുളത്തുനിന്നു് അവൾ, മറേറ കൂട്ടുകാരോടുകൂടി തീവണ്ടി കയറി ഉത്തരേന്ത്യയിലേയ്ക്കു പോകുവാൻ." മാത്തുക്കുട്ടിയുമായുള്ള വിവാഹത്തിനു് അപ്പച്ചൻ തന്നെ അനുവദിക്കാതിരുന്നതും, അന്തഃകരണത്തിൻെറ പ്രേരണയ്ക്കു വഴങ്ങി, ആ ദുഷ്ടൻെറ പിന്നാലെ പോകുവാൻ തോന്നാതിരുന്നതും, വേദനകളുടെ തീച്ചൂളയിൽ പതിച്ചു് നട്ടം തിരിയുമ്പോൾ തൻെറ സ്നേഹിതരുടെ ആ നല്ല കത്തു് ഓടിയെത്തിയതും എല്ലാം ദൈവപരിപാലന മാത്രമല്ലായിരുന്നോ? ഹാ! ദൈവം എത്ര നല്ലവനാണു്." തീവണ്ടിമുമ്പോട്ടു കുതിച്ചു പാഞ്ഞുകൊണ്ടിരുന്നപ്പോഴും ഇപ്രകാരമുള്ള ചിന്തകൾ വത്സമ്മയുടെ ഹൃദയത്തിൽ അലയടിച്ചുകൊണ്ടിരുന്നു.

സ്കൂളിലേയ്ക്കയയ്ക്കല്ലേ

(സി. മേരീ ബനീഞ്ഞാ സി. ഡി,)

സ്കൂളിലേയ്ക്കയയ്ക്കല്ലേ
നമ്മുടെ കുഞ്ഞുങ്ങളേ
പാഠശാലയിൽ പോയാ
ലോടയിൽ കൂളിപ്പിക്കും.
ഓമനക്കുഞ്ഞുങ്ങളേ
രാവിലേ കുളിപ്പിച്ചു
ക്ഷാമവും ഗണിക്കാതെ
വേണ്ടഭക്ഷണം നൽകി
മുടിയും ചീകി ശുഭ്ര
വസ്ത്രവും ധരിപ്പിച്ചു
കുടയും കൈയിൽ കാശും
കൊടുത്തു കൃതാർത്ഥരായ്
ആയിരം പ്രതീക്ഷക
ളോടെ നാമയയ്ക്കുന്ന-
തോടയിൽ കൂളിയ്ക്കാനോ?
നാമതു ചിന്തിക്കണം.
കാട്ടുകേറിയാൽപോലും
സഹിക്കാമിതേവിധ
മോടയിൽ കൂളിയോത്താൽ
ദുസ്സഹം മഹാ കഷ്ടം!
പോകല്ലേ കുഞ്ഞുങ്ങളേ,
നിങ്ങളെക്കണികൾവ
ച്ചോടയിൽ വീഴ്ത്തീടുവാ
നോടുറുണ്ടെന്നു കേൾപ്പൂ.
വീടുകൾതോറുമില്ലേ
വാപികൾകൂപങ്ങളും?
നാടുകൾതോറുമില്ലേ
നിർമ്മലസ്രവന്തികൾ?
പിന്നെയെന്തിനുനിങ്ങ
ളോടയിൽകൂളിക്കുന്നു?
പിന്നെയെന്തിനുകൊള്ളാം
നിങ്ങളെ കുഞ്ഞുങ്ങളേ?
നിങ്ങളെക്കാണ്ടു നാട്ട
നാടുമെന്നോത്തീടണം
നിങ്ങളെക്കൊണ്ടു വീട്ടം
ദുർഗ്ഗന്ധ മലീമസം.
പോകല്ലേ കുഞ്ഞുങ്ങളേ,
യോടയിൽ കൂളിക്കുവാൻ
പാകത വരാത്തവർ
നിങ്ങളെന്തറിയുന്നു?
നമ്മുടെ വിദ്യാലയ
മതിലില്ലെട്ടുകൾക്കുള്ളിൽ
നിർമ്മലസ്രോതസ്സുകൾ
ചാവുവ'ച്ചൊഴുക്കണം
ഓടകൾ നികത്തണം:
നിങ്ങളൊന്നണി നിര-
ന്നീടുകിലിതുരണ്ടും
ഭംഗിയായ് സാധിച്ചിടും
അല്ലെങ്കിൽ കൃഷിസ്ഥലം
പാവനം, നിങ്ങൾ ചെന്നു
പുല്ലുകൾ പറിക്കുക,
നദിയിൽ കൂളിക്കുക.

X X X X X X X

മർത്യനായ് ജനിച്ചവൻ
ശുദ്ധനായ് ജീവിക്കണം
ശുദ്ധിയിൽ മനശുദ്ധി-
യവശ്യം പ്രധാനവും
നിർമ്മല ജലം ശുചി-
യാക്കിടും ശരീരത്തെ
നമ്മുടെ മനസ്സിനെ
നല്ല വിദ്യാഭ്യാസവും.

"എന്താഹോ, എനിക്കൊന്നെ പറഞ്ഞുകൂടെന്നോ"
"പറയരുതു്; ഒരിക്കലും പറയരുതു്. അവസാനമന്ത്യയാത്രയെന്നുപറയരുതു്, അതുവ്യാകരണത്തെറ്റാണു്. അന്ത്യയാത്ര പറയുന്നു; അത്രമാത്രം പറഞ്ഞാൽ മതി."

X X X X

ശരിക്കു കണ്ണിനു കാഴ്ചയില്ലാത്ത വക്കിച്ചേട്ടനെ ഒരു ഫോട്ടോ കാണിച്ചിട്ടു് അയാൾ ചോദിച്ചു- "ഇതെന്തവാണെന്നു തോന്നുന്നു?"
"ഇംഗ്ലീഷിൽ പതിനെട്ടു് എന്നുള്ള അക്കം"
"നിങ്ങൾക്കു തെറ്റി; ഇതെന്റെ മകനും ഭാര്യയുംകൂടി നിൽക്കുന്ന ഒരു ചെറിയ ഫോട്ടോയാണു്,"

X X X X

ശബരിമലയ്ക്കുപോയ ഒരുവനെ കടുവാ പിടിച്ചു. അയാളുടെ ശ്രാദ്ധം അടിയന്തിരത്തിനു് അയൽവക്കത്തെ കുറുപ്പത്തിയെ വിളിച്ചില്ല. അടിയന്തിരവീട്ടിലെ കൂട്ടികൾ വറുത്തുപ്പേരിയും മധുരപലഹാരങ്ങളും തിന്നുന്നതു് കുറുപ്പത്തിയുടെ കുട്ടികൾ ഹൃദയവേദനയോടുകൂടി നോക്കിനിൽക്കുകയാണു്. കൊതിക്കെറുവുപൂണ്ട കുട്ടികൾപൊട്ടിക്കരഞ്ഞുകൊണ്ടു് കുറുപ്പത്തിയെസമീപിച്ചു.
"എന്തിനാടാ കിടന്നു കരയുന്നതു്?" കുറുപ്പത്തി പറഞ്ഞു. "നിങ്ങടച്ചനും മലയ്ക്കു പോയതല്ലേ- അവിടെങ്ങും കടുവാ ഇല്ലാഞ്ഞിട്ടായിരുന്നോ!!"

X Z X X

കുമ്പസാരിക്കാൻചെന്ന വറീതു് അച്ചനോടു പറഞ്ഞു- "കുന്നംപുറത്തെ തോമ്മാച്ചന്റെ രണ്ടു് ആടിനെ ഞാൻ മോഷ്ടിച്ചിട്ടുണ്ടു്"
"പക്ഷേ കുന്നംപുറത്തെ തോമ്മാച്ചനു് ഒരാടുമാത്രമേ മോഷണംപോയിട്ടുള്ളല്ലോ? പിന്നെന്താ രണ്ടെണ്ണമെന്നു പറഞ്ഞതു്?" അച്ചൻ ചോദിച്ചു.
"തോമ്മാച്ചന്റെ കൂട്ടിൽ അതിന്റെ ഒരു ഇണകൂടി നിൽപുണ്ടു്. അതുംകൂടി ചേത്താ പറഞ്ഞതു്."

പതാകാഗാനം.

(റോസക്കുട്ടി, കാപ്പൻ)

ഉയരട്ടെ ഉയരട്ടെ വിണ്ണിൽ പതാക
കേരള കത്തോലിക്ക് കോൺഗ്രസ് പതാക
ഹൃദയത്തിൽ നവജീവൻ പകരും പതാക
നീതിതൻ പൊന്നൊളി വിതറും പതാക
. . . ഉയരട്ടെ. . .

സത്യത്തിൻ കാഹളശബ്ദംമുഴക്കി
സമുചിതസൗഹാർദ്ദഭാവം പുലർത്തി
സാഹോദര്യത്തിന്റെ വെൺമഞ്ഞുതുകി
സുമധുരചിന്തകൾ ചിറകുവിടർത്തി
. . . ഉയരട്ടെ. . .

കരളിലും കനിവിന്റെ കതിർമാലചാർത്തി
കരയുന്ന ജനതയിൽ കുളിർകാറുവീശി
പരിതപ്തചിത്തരിൽ പരിശാന്തിതുകി
പകലിന്റെയകതാരിൽ പുളകംപകർത്തി
. . . ഉയരട്ടെ. . .

അലമാലപുൽകുമീ മലയാളദേശം
കലയുടെമധുഹാസം വഴിയുന്നദേശം
ഉണരട്ടെ, ജനതതി കൈകോർത്തുപാറി
അണയട്ടെ വിജയത്തിൻ ഗീതംമുഴക്കി
. . . ഉയരട്ടെ . . .

സഹനത്തിൻ പടവാളും കൈകളിലേന്തി
മഹനീയസേവനമുദ്രയണിഞ്ഞു
തളരാതെ, പതറാതെ പോകണം നമ്മൾ
ധാർമ്മികസ്വാതന്ത്ര്യം നേടണംനമ്മൾ
. . . ഉയരട്ടെ . . .

Edited Printed and Published for the Working Committee of the All Kerala Catholic Congress by Zacharias Kandathipparambil, at Deepika Press, Kottayam.